K.C. Chacko was not dispirited by the feeble progress of the union institution. In about 1919, after days of prayer and work, KCC came forward with his group of friends A.M. Varki and V.M. Ittyerah and C.P. Mathew with a concrete proposal to start a residential college with the general approval of the leaders of the non Roman Catholic Churches in Kerala.

At about this time KCC fell ill and his illness was diagnosed as serious tuberculosis in an advanced stage. He was taken to Madanappally and then to Madras. At Madras, Dr. And Mrs. Hogg of the Madras Christian College insisted on his staying in their house even though the illness was in an advanced stage of infection. Gradually (and it must be in answer to the prayers of KCC's friends and relatives and of himself) his health improved and he continued his prayer meetings with his friends.

The Churches generally agreed on the Union

* *Retired Principal, Head of the Department of Physics and former Manager of the College. Prof.T.B.Thomas lives near the college and continues to be actively associated with its life. At 84, Prof.Thomas is perhaps the richest repository of details about the college*

Christian College proposal. Part of the reason for locating the college in Aluva was that it was in central Kerala and removed from the hot-bed of denominational rivalry.

At the beginning of the year 1920 all that the college had was the nucleus of a group committed to the College Project. The College was registered as a limited company under the Travancore Companies Act.

T. Raghaviah, Dewan of Travancore, agreed to give the site (Cutchery building) in Aluva for the new college on condition that the college should make scripture classes optional for students who were not Christians. In January 1921, the University of Madras gave permission for the starting of the College.

About a quarter of a mile from the Cutchery building, on the very brink of the Periyar river, stood an old three storeyed building belonging to the Roman Catholic Church. That building was kindly leased out to the college by the Bishop of Cochin. The college started work there on June 6, 1921, with a junior intermediate class of 64 students(all of whom were in residence) and five teachers.

The college moved out into the permanent home in October 1921. The old Cutchery building was repaired and adapted by Dewan Bahadur Rahgaviah, then the Dewan of Travancore. The college campus consists of 48 acres of land. The East and West Hostels for Women stand in a compound of about 8 acres of land bought by the college.

### *Enrichment through the Association of Outside Agencies*

In 1911 K.C. Chacko attended the meetings of the World Student Christian Federation in Constantinople as a representative of the Student Department of the Madras Y.M.C.A. It was at this Conference that K.C. Chacko met Canon W.E.S.Holland, veteran educational missionary of the Church Missionary Society, London. KCC'S friendship with Holland marked the beginning of a close and fruitful partnership between the C.M.S and the college. A scheme was evolved for the second year by which Holland would teach at Aluva for one week every month. Another Missionary, T.R. Milford, an Oxford Graduate, who had come to Kottayam on short service would spend 3weeks every month during term times. Among short service men whom the C.M.S sent to Alwaye was the brilliant Rev. Stephen Neils (Cambridge) who later become the Bishop of Tirunelveli Diocese of the Church of South India. The Rev. John Beall was another CMS Missionary who seriously considered becoming a member of the college fellowship. He helped in the administration of the college but he too decided not to stay. We also specially remember R.O.Hicks who was not only a teacher and Warden but also a benefactor of two bathing ghats near the Periyar river. He helped many students as a true Christian friend. He left the college after one or two years to become the Head of the "Moral Rearmament". We recall to mind the short term missionary L.W.Hooper who worked devotedly together with some of the dedicated old students of the college for the uplifting of boys belonging to the despised boys of the economically and socially backward classes. Sadly, Hooper died an early death due to pneumonia, and was buried in the Anglican Church at Alwaye. The Settlement Chapel with a beautiful stained glass window near the altar is the gift of Hooper's parents.

Among the short term CMS teachers from the west special reference should be made to Malcolm Muggeridge, noted broadcaster (BBC), journalist and author of many eagerly read books. In the 1920's when he was in Alwaye he was clad in a *juba* and *angavastram*.

At this time we specially recall the contribution made by the Rev.B.G.Crowley who served the college for nearly 15 years. He was a friend of the students and as Warden of the N.E. Hostel along with K.C.Chacko he exerted a positive Christian influence. Crowley himself has testified to the fact that KCC, warden with him in the North East, has the greatest spiritual influence on him. His wife Eileen Crowley was a highly qualified nurse, and the Rural Medical Mission was established on the basis of her work among the 'poorest, lowliest and the lost' in the vicinity of the Union Christian College.

Besides the Church Missionary Society, another agency which sent to the college teachers for short terms was the Asia Christian College Association. A.P.Stone who served the Mathematics department of the college was sent by this agency.

Dr.Moffat, retired from the Madras Christian College, served the college for three years, helping in the equipping of the Physics laboratory. The financial help given by Dr.Davis of the CMS College Agra together with Holland helped the college in building a beautiful chapel designed by the missionary Architect Hubbard of the CMS for working in Tirunelveli.

UBCHEA, the United Board for Christian Higher Education in Asia is another agency which has been helping the college substantially in improving the facilities of the college and carrying out several projects. The college is also grateful to the AIACHE, the All India Association for Christian Higher Education, which gives assistance for special projects in the college meant to improve the quality of its academic and extra curricular programme.

We greatly appreciate the generous personal gift of Mr. Binani of the Cominco Binani Zinc factory for the extension of the library building. ●

*With best complimnts from*

**ASPINWALL & CO. LTD**

**COCHIN**

# From Malcolm Muggeridge's Editorial

**(In the First College Magazine of Union Christian College, 1925)**

Generally speaking ,we should like this Magazine to be Indian : not affectedly so, but really Indian, with a true Indian spirit, and this again is difficult enough, in all conscience. For this Indian spirit is so very rare-especially in India. Through oceans of pompous worded articles: trousers and suspenders: speeches full of inapt quotations: babies shouting Daddy : resolutions: committees: Churches that might have been picked up at Tooting and dropped, complete with congregation, here; one finds only occasional flashes of a true Indian spirit. Dr. Tagore's voice seems very still and very small. Yes, we should like to be Indian, and I, the writer of this, I, God forgive me, -- I am an Englishman (I am not asking God to forgive me for being an Englishman, that was no affair of mine, but to forgive me for hoping that a magazine English edited could possibly catch the spirit of India -- not my mother, not even my mother-in-law). So it is impossible for me to give a true spirit to this paper. You, the contributors who are also the readers, must do that.

. . . . . . .

We at Alwaye are a little isolated community. This gives us peculiar advantages, but it means that we must amuse ourselves. We hope that this Magazine may be one of many ways of doing this. If it is such it will have succeeded; if it bores it will have failed utterly. Should it succeed in amusing, we should be very glad to increase the number of times it is published. We must be told frankly by our readers all they think of us and all they expect of us in the future.

Now this editorial is almost over and I that write it am glad of it, for I have written it against inertia, as, in this heat, I do almost all things; but because this College has already become dear to me I am very anxious that the little part of its life that this Magazine is, should succeed. It can only do so with full co-operation from all. All must help.

# കോളേജിന്റെ രജതജൂബിലി സമ്മേളനത്തിൽ മഹാകവി വള്ളത്തോൾ ചെയ്ത പ്രസംഗം

സദസ്യർക്കെല്ലാവർക്കും മതാചാര്യന്മാർക്കും വന്ദനം. അദ്ധ്യക്ഷനും വേറെ നമസ്കാരം. അദ്ധ്യക്ഷൻ എന്റെ സ്നേഹിതനാണ്. നേരിട്ടുകണ്ടിട്ടും അദ്ദേഹം പറഞ്ഞപ്പോഴാണ് അദ്ദേഹം സ്നേഹിതനാണ് എന്ന് ഞാൻ ഓർത്തത്. ഏതാനും കൊല്ലം മുമ്പ ക്രസ്ത്യൻ കോളേജിൽ ഞാൻ പ്രസംഗിച്ചിട്ടുണ്ട്. കേരളത്തിലെ ഡാൻസ് എന്റെ നേതൃത്വത്തിൽ പ്രദർശിപ്പിച്ചിട്ടുമുണ്ട്. അദ്ദേഹം അതു മറന്നിട്ടില്ല. വാർദ്ധക്യഗ്രസ്തനായ വള്ളത്തോൾ മറന്നുപോയി.

അദ്വൈതപ്രബോധകനായ ഭഗവാൻ ശ്രീശങ്കരൻ ഏതു നദീജലത്തിലാണ് കുളിച്ചിരുന്നത് - അവിടുത്തെ ബാല്യകാലക്രീഡകൾ ഏതു നദിയുടെ മണലിൽ ആയിരുന്നു - ആ പ്രകൃതിസുന്ദരമായ പെരിയാറിന്റെ തീരത്ത് വിദ്യാദാനം നിർവ്വഹിച്ചുകൊണ്ട് വിരാജിക്കുന്ന ആലുവാ യൂണിയൻ ക്രസ്ത്യൻ കോളേജിന്റെ രജതജൂബിലി മലയാളികൾക്കെല്ലാം മഹോത്സവം തന്നെയാണ്. എനിക്ക് വിശേഷിച്ചും അങ്ങിനെതന്നെയാണ്. ഞാൻ ഈ കോളേജിന്റെ ഒരു പഴയ പരിചയക്കാരനാണ്. വിദ്വാനും പരിശ്രമശീലനുമായിരുന്ന പ്രിൻസിപ്പാൾ മി. വർക്കിയുടെ ക്ഷണം അനുസരിച്ച് ഞാൻ ഇവിടെ പലപ്രാവശ്യം വന്നിട്ടുണ്ട്. അപ്പോഴൊക്കെ വള്ളത്തോൾ വായിൽതോന്നിയതുപോലെ അതു പ്രസംഗിച്ചിട്ടുമുണ്ട്. വള്ളത്തോൾ എന്തുപറഞ്ഞാലും അതു വർക്കിക്ക് വേദവാക്യമായിരുന്നു. 20 കൊല്ലത്തെ വിദ്യാഭ്യാസ പരിശ്രമങ്ങൾക്കുശേഷം അദ്ദേഹം ഇപ്പോൾ യേശു ഭഗവാന്റെ മടിയിൽ വിശ്രമിക്കുന്നു. നമുക്ക് അദ്ദേഹത്തിന്റെ മധുരോദാരമായ ഛായാപടം കണ്ടു തൃപ്തിപ്പെടാം.

ഞാൻ ഡാക്ടരുടെ ചികിത്സയിൽ ആയിരുന്നു. ചിരിച്ചുകൂടാ, വായിച്ചുകൂടാ, വെടിപറയുകപോലും പാടില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ ചട്ടം. എന്റെ സിരകളെ പണിമുടക്കുവാൻ പ്രേരിപ്പിച്ചുകൊണ്ടിരുന്ന അദ്ദേഹത്തെ ഒരു കമ്മ്യൂണിസ്റ്റുകാരനെന്നു ധരിച്ച് നമ്മുടെ ഭരണാധികാരികൾ ശിക്ഷിക്കാത്തതത്ഭുതവിധത്തിൽ ആയിരുന്നു അദ്ദേഹത്തിന്റെ പെരുമാറ്റം. അങ്ങനെ മൗനവും ആംഗ്യവും ആയുള്ള എന്റെ കിടപ്പിൽനിന്ന് പണ്ടത്തെ നാഡിവിദ്യകൊണ്ടെന്നപോലെ പ്രിൻസിപ്പാൾ ഇട്ടീര എന്നെ എഴുന്നേല്പിച്ചുകൊണ്ടുവന്നിരിക്കുകയാണ്. എന്റെ ഒരു മർമ്മം നോക്കി അദ്ദേഹം ഒരു പ്രയോഗം ചെയ്തു. എന്റെ ഒരു മർമ്മം ആണ് ഈ കോളേജിലെ മലയാളപണ്ഡിതർ കുറ്റിപ്പുഴ കൃഷ്ണപിള്ള. അദ്ദേഹത്തിന്റെ ഒട്ടുവളരെ സ്നേഹാർദ്രമായ പിടിപ്പുവലി എന്നെ ദീനക്കിടയിൽനിന്ന് ഇന്ന് ഇവിടെ എത്തിച്ചു. അദ്ദേഹം അങ്ങനെ എന്നെ നിർബന്ധിക്കാതിരുന്നെങ്കിൽ ഇവിടെനിന്ന് ഈ സഭയിൽ പങ്കുകൊള്ളുക എന്ന സന്തോഷം എനിക്കു നഷ്ടപ്പെടുമായിരുന്നു.

ഇന്നു പ്രഭാതത്തിൽ ആകാശത്തു കണ്ട വെള്ളി നക്ഷത്രവും പുലർകാലത്ത് ഇളവെയിൽതട്ടി പെരിയാറ്റിലെ കൊച്ചോളങ്ങൾ വെള്ളിപ്പോളകളായി മാറിയതും രജതജൂബിലിയെ സൂചിപ്പിച്ചു. ഇന്നിവിടെ വന്നു നിങ്ങളോടു രണ്ടുവാക്കു പറയാൻ ഇടയായത് എനിക്കു സന്തോഷാധിക്യം നൽകുന്നു.

പ്രിയപ്പെട്ട വിദ്യാർത്ഥികളേ, വിദ്യാർത്ഥിനികളേ! 25 കൊല്ലമായി അനേകബിരുദധാരികളെ ഉത്പാദിപ്പിച്ചുകൊണ്ടിരിക്കുന്ന വീരമാതാവായ ഈ കോളേജിന്റെ മടിയിൽ വിദ്യയും വിജ്ഞാനവും നേടുന്ന നിങ്ങൾ ഭാഗ്യവാന്മാരും ഭാഗ്യവതികളും ആണ്. എന്നാൽ നിങ്ങൾ രജിസ്ട്രാർ ആഫീസുഗുമസ്താക്കളായാൽ പോരാ. രാജ്യത്തിന്റെ ആഗ്രഹം നിങ്ങൾ ശില്പശാസ്ത്രജ്ഞന്മാരും നീതിശാസ്ത്രവിശാരദന്മാരും ആരോഗ്യശാസ്ത്രകുശലന്മാരും. അർത്ഥശാസ്ത്രപണ്ഡിതന്മാരും മറ്റും ആകണമെന്നാണ്. 150 കൊല്ലത്തെ അടിമത്തത്തിനു ശേഷം ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ പടിവാതലിൽ എത്തിയിരിക്കുന്നു. എന്നാൽ ദീർഘകാലമായി ചങ്ങലകൊണ്ടു കെട്ടിയിരുന്നതുകൊണ്ടായിരിക്കാം പടി തുറക്കുന്നതിനുള്ള ശക്തി കൈകൾക്കു കാണുന്നില്ല. സോവിയറ്റു റഷ്യയുടെ സൃഷ്ടികർത്താവായ



ലെനിൻ ഒരവസരത്തിൽ പറഞ്ഞിട്ടുണ്ട്: 'രാഷ്ട്രീയ കാര്യങ്ങളിൽ നിന്നു വിമുക്തമായ വിദ്യാഭ്യാസം വെറും നുണയും കപടവും ആണെന്ന്.' എന്നാൽ ഇതിന്റെ അർത്ഥം വിദ്യാർത്ഥികൾ രാഷ്ട്രീയ പ്രക്ഷോഭണത്തിൽ പങ്കെടുക്കണമെന്നല്ല. രാജ്യമീമാംസയിൽ വിദ്യാർത്ഥികൾ അറിവു നേടണം. ആവേശം കൊള്ളുന്നതുപോലെ ആലോചനയും വേണം. ആത്മസംയമനമില്ലാത്ത മനസ്സ് വേലിയില്ലാത്ത പുരപോലെയാണ്. ഫ്രാൻസിനു സ്വാതന്ത്ര്യം ലഭിച്ചപ്പോൾ രാജമോഹൻ റായി തന്റെ സുഹൃത്തുക്കളെ ക്ഷണിച്ചുവരുത്തി തേയിലസൽക്കാരം നടത്തി. ഒരു രാജ്യത്തിന്റെ സ്വാതന്ത്ര്യം മനുഷ്യരാശിക്കു പൊതുവെ സന്തോഷകരമാണ്. അടിമത്തത്തിന്റെ എല്ലാ ദുരിതങ്ങളും പരിചയിച്ച ഇന്ത്യാക്കാർക്കു പ്രത്യേകിച്ചും അങ്ങനെയാണ്. എന്നാൽ സ്വാതന്ത്ര്യത്തിന്റെ ആവേശത്തോടുകൂടി ആലോചനയും ഇല്ലെങ്കിൽ ആപത്തുണ്ടാകും. കൽക്കട്ടയിലെ വിദ്യാർത്ഥികൾക്കു പറ്റിയ ആപത്തു നിങ്ങൾ കേട്ടിരിക്കുമല്ലൊ? ചീന ഗുരുവായ കൺഫ്യൂഷ്യസ് ചിന്തകൂടാത്ത പഠനം നിഷ്പ്രയോജനവും പഠനം കൂടാത്ത ആലോചന ആപൽക്കരവുമാണെന്നു പറഞ്ഞിട്ടുണ്ട്. ഇന്ത്യാക്കാരന്റെ അടിമത്തം അവന്റെ പഴയ കാലമാഹാത്മ്യങ്ങൾ മറക്കുവാൻ കൂടി അവനെ പഠിപ്പിച്ചു. നമ്മുടെ പൂർവ്വന്മാർ ആലോചന കൊണ്ടു അനേക കാര്യങ്ങൾ നേട്ടങ്ങൾ ഉളവാക്കിത്തീർന്നു. സസ്യങ്ങൾക്കു ജീവനുണ്ടെന്നു തെളിയിക്കയാണ് ഒരു പഴയ സംസ്കൃതഗ്രന്ഥം നോക്കിയാണെന്നു സർ ജഗദീശ് ബോസ് പറഞ്ഞിട്ടുണ്ട്. പുഷ്പക വിമാനത്തെപ്പറ്റി രാമായണത്തിൽ പറഞ്ഞിരുന്നു. രാമായണത്തിനു 5000 കൊല്ലത്തെ പഴക്കമുണ്ട്. എന്നാൽ ചില ബ്രിട്ടീഷുകാർക്കു ഇതു സ്വീകാര്യമല്ല. 5000 കൊല്ലത്തിനു മുമ്പുള്ള ലത്ത വിമാനം ഒരു ഇംഗ്ലീഷ് ഫാക്ടറിയിൽ പണിതതാണെന്നു വന്നാലെ അവർക്കു സ്വീകാര്യമാകയുള്ളൂ.

കോളേജിന്റെ 25 വയസ്സാഘോഷിക്കുമ്പോൾ ഒരു 65 വയസ്സുകാരനും ഉണ്ടായിരിക്കണമെന്നു ഭാരവാഹികൾ നിശ്ചയിച്ചു. ഈ മഹാവിദ്യാലയത്തിന്റെ സുവർണ്ണജൂബിലിയും രത്നജൂബിലിയും യഥാകാലം കൊണ്ടാടുമ്പോൾ അന്നു വള്ളത്തോൾ ഉണ്ടായിരിക്കയില്ലെന്നും നിങ്ങളിൽ പലരും ഉണ്ടായിരിക്കുമെന്നും തെല്ലൊരു അസൂയയോടുകൂടി ഓർത്തുകൊണ്ടു മഹാവിദ്യാലയത്തിനു എല്ലാ മംഗളങ്ങളും നേർന്നുകൊള്ളുന്നു. ●



*C.T.Benjamin**

# FELLOWS WHO MADE THE FELLOWSHIP

To the question "Who started the Union Christian College?", the answer is "A Fellowship". A lecturer in the Madras Christian College together with a few student friends after the (First) World War years thought and prayed as to how to witness to the love of Christ in Travancore in the field of education. K.C. Chacko was the lecturer and the students were C.P. Mathew and V.M. Ittyerah. One can imagine their spending long hours in prayer and discussion. It was this Fellowship that gave rise to the Union Christian College.

In those days even the very idea mooted barriers. They were not of the same Church. Their parent denominations were at loggerheads. Normally they could not expect the sanction of the heads of the Churches or even the approval of the common laity of these Churches. But they were determined to push on. They were not particular to start a college, and not least a First Grade college. They would be satisfied with a school. But they insisted it was to be a Union Christian Institution. Later a very able and distinguished student, also of the Madras Christian College, A.M. Varkey was invited to join them and he readily agreed to do so. They believed 1) it was possible to work together in spite of denominational differences 2) if a project was according to God's will means would be found for its accomplishment. As Prof. Aravamuda Ayyangar said: Silver and gold had they none, but they had that abundant faith that moves mountains of obstacles.

K.C. Chacko and his friends believed that a group waiting on god with one mind could achieve much more than anyone of them could. It was not just (a+b+c) but almost $(abc)^2$!. It is a promise: "If two or three *together* ask anything in my name, I will grant their requests."

Gradually the fellowship grew, but still remained a small group. Their salaries also were small. Some were bachelors. Some were married. They evinced a courage in sharing. They let others who were not in the fellowship have higher scales and salaries.

Christian Fellowship is not just democracy. Democracy gets only "two cheers". It is "the Beloved Community" that gets a much higher vote. There is, in spite of difference of opinion, understanding, love, forgiveness, give and take in that community. Politically democracy is the best form. But the Beloved Community is of a different dimension. It is the principle of majority pitted against unanimity with all its pitfalls and barriers.

What is the Fellowship Spirit ? It is being caught up by a goal that makes you sink your differences. Sometimes a fellowship may fall to the level of a democracy where the majority decides, with its corollary of canvassing and even cliques. But if a fellowship is to become that "Beloved Community" one should let oneself go and should be willing to be led by the spirit. ●

* *Retired Principal, Professor of English, and former Manager of the College.*



ലെനിൻ ഒരവസരത്തിൽ പറഞ്ഞിട്ടുണ്ട്. 'രാഷ്ട്രീയ കാര്യങ്ങളിൽ നിന്നു വിമുക്തമായ വിദ്യാഭ്യാസം വെറും നുണയും കപടവും ആണെന്ന്.' എന്നാൽ ഇതിന്റെ അർത്ഥം വിദ്യാർത്ഥികൾ രാഷ്ട്രീയ പ്രക്ഷോഭണത്തിൽ പങ്കെടുക്കണമെന്നല്ല. രാജ്യാഭിമാനത്തിൽ വിദ്യാർത്ഥികൾ അറിവു നേടണം. ആവേശം കൊള്ളുന്നതുപോലെ ആലോചനയും വേണം. ആത്മസംയമനമില്ലാത്ത മനസ്സ് വേലിയില്ലാത്ത പുരംപോലെയാണ്. ഫ്രാൻസിനു സ്വാതന്ത്ര്യം ലഭിച്ചപ്പോൾ രാജമോഹൻ റായി തന്റെ സുഹൃത്തുക്കളെ ക്ഷണിച്ചുവരുത്തി തേയിലസൽക്കാരം നടത്തി. ഒരു രാജ്യത്തിന്റെ സ്വാതന്ത്ര്യം മനുഷ്യരാശിക്കു പൊതുവെ സന്തോഷകരമാണ്. അടിമത്തത്തിന്റെ എല്ലാ ദുരിതങ്ങളും പരിചയിച്ച ഇന്ത്യാക്കാർക്കു പ്രത്യേകിച്ചും അങ്ങനെയാണ്. എന്നാൽ സ്വാതന്ത്ര്യത്തിന്റെ ആവേശത്തോടുകൂടി ആലോചനയും ഇല്ലെങ്കിൽ ആപത്തുണ്ടാകും. കരിക്കട്ടയിലെ വിദ്യാർത്ഥികൾക്കു പറ്റിയ ആപത്തു നിങ്ങൾ കേട്ടിരിക്കുമല്ലോ? ചീനഗുരുവായ കൺഫ്യൂഷ്യസ് ചിന്തകൂടാത്ത പഠനം നിഷ്പ്രയോജനവും പഠനം കൂടാത്ത ആലോചന ആപൽക്കരവുമാണെന്നു പറഞ്ഞിട്ടുണ്ട്. ഇന്ത്യാക്കാരന്റെ അടിമത്തം അവന്റെ പഴയ കാലമാഹാത്മ്യങ്ങൾ മറക്കുവാൻ കൂടി അവനെ പഠിപ്പിച്ചു. നമ്മുടെ പൂർവ്വന്മാർ ആലോചനകൊണ്ടു അനേക കാര്യങ്ങൾ നേട്ടങ്ങൾ ഉള്ളവരായിത്തീർന്നു. സസ്യങ്ങൾക്കു ജീവനുണ്ടെന്നു മനസ്സിലാക്കിയതു ഒരു പഴയ സംസ്കൃതഗ്രന്ഥം നോക്കിയാണെന്നു സർ ജഗദീശ് ബോസ് പറഞ്ഞിട്ടുണ്ട്. പുഷ്പക വിമാനത്തെപ്പറ്റി രാമായണത്തിൽ പറഞ്ഞിരുന്നു. രാമായണത്തിനു 5000 കൊല്ലത്തെ പഴക്കമുണ്ട്. എന്നാൽ ചില ബിരുദധാരികൾക്കു ഇതു സ്വീകാര്യമല്ല. 5000 കൊല്ലത്തിനു മുമ്പിലത്തെ വിമാനം ഒരു ഇംഗ്ലീഷ് ഫാക്ടറിയിൽ പണിതതാണെന്നു വന്നാലേ അവർക്കു സ്വീകാര്യമാകയുള്ളൂ.

കോളേജിന്റെ 25 വയസ്സാഘോഷിക്കുമ്പോൾ ഒരു 68 വയസ്സുകാരനും ഉണ്ടായിരിക്കണമെന്നു ഭാരവാഹികൾ നിശ്ചയിച്ചു. ഈ മഹാവിദ്യാലയത്തിന്റെ സ്വർണ്ണജൂബിലിയും രജതജൂബിലിയും യഥാകാലം കൊണ്ടാടുമ്പോൾ അന്നു വള്ളത്തോൾ ഉണ്ടായിരിക്കയില്ലെന്നും നിങ്ങളിൽ പലരും ഉണ്ടായിരിക്കുമെന്നും തെല്ലൊരു അസൂയയോടുകൂടി ഓർത്തുകൊണ്ടു മഹാവിദ്യാലയത്തിനു എല്ലാ മംഗളങ്ങളും നേർന്നുകൊള്ളുന്നു. ●



*C.T.Benjamin* *

# FELLOWS WHO MADE THE FELLOWSHIP

To the question "Who started the Union Christian College?", the answer is "A Fellowship". A lecturer in the Madras Christian College together with a few student friends after the (First) World War years thought and prayed as to how to witness to the love of Christ in Travancore in the field of education. K.C. Chacko was the lecturer and the students were C.P. Mathew and V.M. Ittyerah. One can imagine their spending long hours in prayer and discussion. It was this Fellowship that gave rise to the Union Christian College.

In those days even the very idea mooted barriers. They were not of the same Church. Their parent denominations were at loggerheads. Normally they could not expect the sanction of the heads of the Churches or even the approval of the common laity of these Churches. But they were determined to push on. They were not particular to start a college, and not least a First Grade college. They would be satisfied with a school. But they insisted it was to be a Union Christian Institution. Later a very able and distinguished student, also of the Madras Christian College, A.M. Varkey was invited to join them and he readily agreed to do so. They believed 1) it was possible to work together in spite of denominational differences 2) if a project was according to God's will means would be found for its accomplishment. As Prof. Aravamuda Ayyangar said: Silver and gold had they none, but they had that abundant faith that moves mountains of obstacles.

K.C. Chacko and his friends believed that a group waiting on god with one mind could achieve much more than anyone of them could. It was not just (a+b+c) but almost (abc)[3]. It is a promise: "If two or three *together* ask anything in my name, I will grant their requests."

Gradually the fellowship grew, but still remained a small group. Their salaries also were small. Some were bachelors. Some were married. They evinced a courage in sharing. They let others who were not in the fellowship have higher scales and salaries.

Christian Fellowship is not just democracy. Democracy gets only "two cheers". It is "the Beloved Community" that gets a much higher vote. There is, in spite of difference of opinion, understanding, love, forgiveness, give and take in that community. Politically democracy is the best form. But the Beloved Community is of a different dimension. It is the principle of majority pitted against unanimity with all its pitfalls and barriers.

What is the Fellowship Spirit ? It is being caught up by a goal that makes you sink your differences. Sometimes a fellowship may fall to the level of a democracy where the majority decides, with its corollary of canvassing and even cliques. But if a fellowship is to become that "Beloved Community" one should let oneself go and should be willing to be led by the spirit. ●

* *Retired Principal, Professor of English, and former Manager of the College.*



പ്രൊഫ. ടി.ബി. തോമസ് *

# യൂണിയൻ ക്രിസ്ത്യൻ കോളേജ് അതിന്റെ പ്രത്യേകതകൾ

ഐകൃത്തിന്റെ പ്രസക്തി: വിയോജിച്ചും അന്യോന്യം മത്സരിച്ചും കഴിഞ്ഞുകൂടുന്ന സഭകൾക്കും സംഘടനകൾക്കും "That they may be one that the world may believe" എന്നു പ്രാർത്ഥിച്ച ക്രിസ്തുവിന്റെ സാക്ഷികളാകുവാൻ സാധ്യമല്ല. അതുമാത്രമല്ല, ഭിന്നിച്ച സഭാവിഭാഗങ്ങൾ തമ്മിലുള്ള ബന്ധം കൂടുതൽ വഷളാകുകയും ക്രിസ്തുവിന്റെ നാമത്തിന് ദുഷ്പേരും 'ഇടർച്ച' യും വരുത്തി വയ്ക്കുകയും ചെയ്യുന്നു എന്നുമാണല്ലോ നമ്മുടെ അനുഭവം. മറിച്ച് ക്രിസ്തു ആഗ്രഹിച്ച ഐക്യത്വം വൈവിധ്യമാർന്നതും അന്യോന്യം പൂരിതവുമാണ്. ആ ഐകൃത്തിന്റെ ധന്യത മറ്റുള്ളവരെ ക്രിസ്തുവിങ്കലേക്ക് ആകർഷിക്കാൻ പര്യാപ്തമാവും.

ക്രിസ്ത്യൻ കോളേജ് എന്നാൽ ഉദ്ദേശിക്കുന്നതെന്താണ്? വർഗ്ഗീയതയിലല്ല ക്രിസ്തീയ മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു സ്ഥാപനമാണ് യൂണിയൻ ക്രിസ്ത്യൻ കോളേജ്. സഭാവിഭാഗങ്ങളുടെ പ്രത്യേകതകളെ അറിയാനും അന്യോന്യം വിലമതിക്കാനും ഉൾക്കൊള്ളുവാനുമുള്ള ഒരു പ്രത്യേക അവസരമാണ് കോളേജ് പ്രവർത്തനം.

കോളേജ് നടത്തിപ്പിന് പിൻബലം നല്കിയ സ്ഥാപനങ്ങളെയും വ്യക്തികളെയും നന്ദിയോടെ സ്മരിക്കാനുള്ള അവസരം ആണ് ജൂബിലി. K.C. Chacko - യുടെ ഒരുത്തമ സഖിയും ആത്മീയ ഗുരുവുമായിരുന്ന L.P. Larsen (Danish Missionary). കോളേജിന്റെ എല്ലാ പ്രതിസന്ധികളിലും K.C. Chacko-യെയും സഹപ്രവർത്തകരെയും സഹായിച്ച മാതൃകാ ഗുരുഭൂതരായിരുന്ന Madras Christian College - ലെ Miller, Skinner എന്നീ പ്രഗത്ഭർ ഇവരാണ് പ്രാതഃസ്മരണീയർ.

C.M.S.ന്റെ പങ്കാളിത്തം: ആദ്യകാലം മുതൽ തന്നെ അദ്ധ്യാപകരുടെ അടിസ്ഥാനത്തിൽ നടത്തിവന്ന ആലുവാ കോളേജ് ലണ്ടനിലെ Church Missionary Societyയുടെ ഒരു പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനായ Canon W.E.S Holland നെ പ്രത്യേകം ആകർഷിച്ചു. കോട്ടയം CMS College - ന്റെ പ്രിൻസിപ്പാളായിരുന്ന അദ്ദേഹം ആഴ്ചയിൽ രണ്ടു ദിവസം ആലുവായിൽ പ്രവർത്തിച്ചു.

അദ്ദേഹത്തെ തുടർന്നു പല CMS മിഷനറിമാരും കോളേജിൽ അദ്ധ്യാപനം നടത്തി. ഇവരിൽ ചിലരുടെ പേരുകൾ ഇവിടെ കൊടുക്കുന്നു. Cambridge - ൽ നിന്ന് ഉന്നത ബിരുദം നേടിയ Stephen Neill (നിരവധി കാതലായ പുസ്തകങ്ങളുടെ ഗ്രന്ഥകാരനും തിരുനെൽവേലി ബിഷപ്പും ആയിരുന്നു ഇദ്ദേഹം). എഴുത്തുകാരനും B.B.C. യിൽ പ്രസംഗപരമ്പരകളുടെ അവതാരകനുമായ Malcolm Muggeridge (ഇദ്ദേഹം ആലുവാകോളേജിൽ പഠിപ്പിച്ചിരുന്നപ്പോൾ ഖദർ ജുബ്ബായും മുണ്ടും ധരിച്ചിരുന്നു. പൊതുവെ ഉണ്ടായിരുന്ന ചായ്പ് ഇടത്തോട്ടി മിഷനറിമാരായ B.G. Crowley, John Beatle, Full James, John Bell, R.V. Hicks എന്നിവരും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. Hicks പിന്നീട് Frank Buchman തുടങ്ങിവെച്ച Moral Re-armament എന്ന സംഘടനയുടെ മേധാവിയായി പ്രവർത്തിച്ചു. അദ്ദേഹം ആലുവാ കോളേജിൽ ആയിരുന്നപ്പോൾ പെരിയാറ്റിന്റെ തീരത്തായി രണ്ടു കുളിക്കടവുകൾ നിർമ്മിച്ചു - ഒന്ന് NE Hostel നും മറ്റേത് New Hostel നും വേണ്ടി. Hicks ന് വിദ്യാർത്ഥികളുടെ മേലുള്ള ക്രിസ്തീയ സ്വാധീനം വലുതായിരുന്നു.

Asia Christian College -ന്റെ പങ്കാളിത്തം: CMS-നെപ്പോലെ കോളേജിൽ ഒരു അദ്ധ്യാപകനെ സ്പോൺസർ ചെയ്യാൻ Asia Christian College ആഗ്രഹിച്ചു. അവരുടെ പ്രതിനിധിയായി Dr. A.P. Stone ഇവിടെ പ്രവർത്തിച്ചു. Physics, Mathematics ഈ വിഷയങ്ങൾ postgraduate level - ൽ പഠിപ്പിച്ച Dr. Stone -ന്റെ സേവനം വിലപ്പെട്ടതായിരുന്നു.

CMS Missionary ആയി കോളേജിൽ വന്ന L.W. Hooper കോളേജിലെ ചില പൂർവ്വ വിദ്യാർത്ഥികളോടു

* പ്രൊഫ. ടി.ബി.തോമസ്സിന്റെ ലേഖനത്തിന്റെ മലയാള ... ഇംഗ്ലീഷ് പരിഭാഷ ... അതേപടി നിലനിർത്തിയിരിക്കുകയാണ്

പ്രൊഫ. വർഗ്ഗീസ് ഇട്ടിയവിരാ *

# സത്യം നിങ്ങളെ സ്വതന്ത്രരാക്കും



ഏതൊരു സ്ഥാപനത്തിന്റെയും ഉത്ഭവകാലത്ത് അതിന്റെ സ്ഥാപകരെ പ്രചോദിപ്പിച്ചിരുന്ന ആദർശങ്ങളും ലക്ഷ്യങ്ങളും കാലവ്യതിയാനം കൊണ്ടു നിറം മങ്ങി നിഷ്പ്രഭങ്ങളായിപ്പോകുന്നത് ലോകത്തിൽ സാധാരണ കണ്ടുവരുന്ന ഒരു പ്രതിഭാസമാണല്ലോ. ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളേജും ഈ സാമാന്യനിയമത്തിന് അപവാദമായിരിക്കുന്നില്ല. എങ്കിലും ഒരു സ്ഥാപനത്തിന്റെ ദശവാർഷികമോ പഞ്ചദശവാർഷികമോ ശതവർഷികമോ ഒക്കെ ആഘോഷിക്കുന്ന സന്ദർഭങ്ങളിൽ അത്തരം ആദർശ ലക്ഷ്യങ്ങൾ അനുസ്മരിക്കുന്നത് ആ സ്ഥാപനത്തിന്റെ പ്രവർത്തകർക്ക് പ്രചോദനവും നവോത്സാഹവും പകരുമെന്ന കാര്യം നിസ്തർക്കമാണ്.

നമ്മുടെ ഈ സ്ഥാപനത്തിന് യൂണിയൻ ക്രിസ്ത്യൻ കോളേജ് എന്ന് നാമകരണം ചെയ്യുവാൻ തത്പ്രവർത്തകരെ പ്രേരിപ്പിച്ച വസ്തുത അക്കാലത്തെ കേരളീയ ക്രൈസ്തവരെ സംബന്ധിച്ച് വളരെ പ്രസക്തമായ ഒരു കാര്യമായിരുന്നു. വിവിധ ക്രൈസ്തവ വിഭാഗങ്ങൾ തമ്മിൽ വേണ്ടത്ര സഹകരണമില്ലാതെ ഒറ്റതിരിഞ്ഞും വിഘടിച്ചും നിന്ന ഒരു കാലഘട്ടമായിരുന്നു അത്. പൊതുവിദ്യാഭ്യാസരംഗത്ത് വിവിധ സഭകളിലെ അംഗങ്ങൾ ഒരുമിച്ച് ചേർന്നു പ്രവർത്തിപ്പാൻ അവസരമൊരുക്കുന്ന പക്ഷം സഭകൾ തമ്മിലുള്ള സൗഹാർദ്ദവും സഹകരണവും തദ്വാരാ ഐക്യവും വർദ്ധിക്കുമെന്ന പ്രതീക്ഷയാണ് ഈ കോളേജിന്റെ സ്ഥാപനത്തിനു പിന്നിലുണ്ടായിരുന്ന ഒരു പ്രധാനാശയം. തന്മൂലം യൂണിയൻ ക്രിസ്ത്യൻ കോളേജ് എന്ന നാമധേയം അന്ന് സർവ്വഥാ പ്രസക്തമായിരുന്നു. ആ സ്ഥിതിക്ക് ഇന്നും വലിയ മാറ്റം വന്നിട്ടില്ല എന്നതു സ്പഷ്ടമാണല്ലോ.

മേല്പറഞ്ഞ സത്യവുമായി വളരെയധികം ബന്ധപ്പെട്ട ഒരു ബൈബിൾ സൂക്തമാണ് കോളേജിന്റെ ചിഹ്നത്തിൽ മുദ്രിതമായിട്ടുള്ളത്. "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" എന്ന ഈ വാക്യം അന്ന് ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. ഇന്ന് കോളേജിൽ പ്രതിദിനം പ്രവർത്തിക്കുന്ന അധ്യാപകാധ്യേതാക്കൾ തന്നെ ഇപ്പോൾ അതു ശ്രദ്ധിക്കുന്നുണ്ടോ എന്ന കാര്യം സംശയമാണ്. സത്യത്തിന് എക്കാലവും മനുഷ്യനെ അധികം സ്വതന്ത്രനും സന്തുഷ്ടനുമാക്കുവാൻ കഴിവുണ്ട്. മനുഷ്യകർമ്മങ്ങളുടെയെല്ലാം സാഫല്യവും വിജയവും ഈ സത്യബോധത്തെയാശ്രയിച്ചിരിക്കുന്നുവെന്ന കാര്യത്തിൽ ചിന്താശക്തിയുള്ള ആളുകൾ ഒരു കാലവും സംശയം പ്രകടിപ്പിക്കുമെന്നു തോന്നുന്നില്ല.

ദൈവപുത്രനും മനുഷ്യരക്ഷകനുമായ യേശുക്രിസ്തു ഈ വാക്യമുച്ചരിച്ച സന്ദർഭം ഇന്ന് എത്രപേർക്ക് അറിവുണ്ടായിരിക്കുമെന്ന് ഞാൻ സംശയിച്ചു പോവുകയാണ്. യേശുവിന്റെ ജീവിതകാലത്ത് അദ്ദേഹം ആരാണെന്ന കാര്യം അദ്ദേഹത്തിനു ചുറ്റുമുണ്ടായിരുന്ന ആളുകൾക്കു തന്നെ മിക്കവാറും അജ്ഞാതമായിരുന്നു. എന്നാൽ ഒരു ന്യൂനപക്ഷം അദ്ദേഹം ദൈവപുത്രനും ലോകത്തിൽ വരുവാനിരുന്ന മിശിഹായുമാണെന്നു മനസ്സിലാക്കി അദ്ദേഹത്തിൽ വിശ്വാസമർപ്പിച്ചു. തന്നിൽ വിശ്വസിച്ച ആ യഹൂദജനങ്ങളോട് ക്രിസ്തുനാഥൻ പറഞ്ഞ ചില കാര്യങ്ങളിൽ ഉൾപ്പെട്ട ഒരു വാക്യമാണിത്. ആ ഭാഗമൊന്നാകെ ഉദ്ധരിക്കുന്നത് ഇത്തരുണത്തിൽ അധികം പ്രയോജനകരമായിരിക്കുമെന്നു തോന്നുന്നു.

തന്നിൽ വിശ്വസിച്ച യഹൂദന്മാരോട് യേശു: "നിങ്ങൾ എന്റെ വചനത്തിൽ നിലനിൽക്കുന്നുവെങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും എന്നു പറഞ്ഞു." (യോഹന്നാന്റെ സുവിശേഷം അദ്ധ്യായം 8, വാക്യങ്ങൾ 31, 32) "ദൈവപുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരാകും" എന്നുകൂടി അതിനടുത്തുള്ള 36-ാം വാക്യത്തിൽ അദ്ദേഹം പറയുകയുണ്ടായി. മനുഷ്യസമൂഹത്തിൽ എത്രപേർ ഈ യഥാർത്ഥസ്വാതന്ത്ര്യം അനുഭവിക്കുന്നുണ്ടാകും?

സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നതുപോലെ തന്നെ അസത്യം നിങ്ങളെ അടിമകളാക്കും എന്ന വസ്തുതയും തികഞ്ഞ സത്യമാണ്. ഈ കോളേജിന്റെ സ്ഥാപകരായിരുന്ന മൂന്നു മഹാവ്യക്തികൾ - ശ്രീമാന്മാർ കെ. സി. ചാക്കോ, സി.പി. മാത്യു, വി.എം. ഇട്ടിയേരാ എന്നിവർ - മദ്രാസ് ക്രിസ്ത്യൻ കോളേജിൽ സഹപാഠികളും സത്യം കണ്ടെത്തുവാനും അതനുസരിച്ച് ജീവിതം ക്രമീകരിക്കുവാൻ ഒരുമിച്ചു പ്രയത്നിച്ചിരുന്നവരുമായിരുന്നു. അവരുടെ സംയുക്തയത്നത്തിന്റെ ഫലമാണല്ലോ ഈ വിദ്യാഭ്യാസ സ്ഥാപനം. അനന്തരകാലത്ത് ഇവിടെ അദ്ധ്യാപകരായി പ്രവർത്തിച്ചിരുന്നപ്പോഴും യഥാർത്ഥ സത്യാന്വേഷകരായും സത്യ പ്രചാരകരായും അവർ പ്രവർത്തിക്കയും അതു കേരളക്കരയ്ക്കു മുഴുവൻ വലിയൊരനുഗ്രഹമായി ഭവിക്കുകയും ചെയ്തു.

വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യം സത്യാന്വേഷണമാണെന്ന് മഹാത്മാഗാന്ധി ഒരവസരത്തിൽ പറഞ്ഞത് ഇവിടെ നാം സ്മരിക്കുക. ഇന്ന് വിദ്യാഭ്യാസം കേവലം വയറിന്റെ മാത്രം പ്രശ്നമായി അധഃപതിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ ഈ മഹാസത്യം നമ്മുടെ ജീവിത പാതയിൽ വെളിച്ചം പകരുന്ന ഉജ്ജ്വല ദീപമായിത്തീരുമെങ്കിൽ ചരിത്രഗതിയെത്തന്നെ അതു മാറ്റിമറിക്കാതിരിക്കുകയില്ല. ●

* മലയാളം വിഭാഗം മുൻമേധാവി

*Best Wishes*

**ST. ANTONY'S COLLEGE**

Pump Jn. Alwaye - 683 101
U.C. College P.O., Alwaye- 683 102

which denies any place for religion in public life. As pointed out by Dr. Thomas, "this situation calls for the search for a new, more holistic humanism and a common public ethic and social reform developed through dialogue of religions, secular ideologies and disciplines of science." Acknowledging the communal and denominational character of most of the Christian colleges in Kerala, Dr. Thomas raises the question, "How does the Christian concern for the larger pluralist national community and for a common anthropology and ethic, which have to be evolved through dialogue among religious and ideologies find expression in such a situation.?"

### b. Western - Capitalist - Technological Culture

At the global level, we are confronted with the invasion of a western, capitalist, consumerist, technological cultural aided by the all embracing market ideology, highly mobile capital, electronic media and the communication super-highway. While they have been successful in reducing the world to a "global village" and creating uniformity, they have also led to the disintegration of traditional communities, the destruction of interpersonal communication and relationships - the atomization of society and the trivialization and mechanization of life.

This situation calls for, on the one hand, a transformation of the traditional culture with secular and humanist values and scientific temper and on the other hand, a resistance to attempts at creating a uniform culture based on the worship of technical rationality, "mammon," and individualist pursuit of material goals. Hence, the question is raised as to how our Christian concern to turn education into an effective tool for cultural transformation as well as cultural resistance is to find expression.

### Conclusion

In the midst of varied manifestations of these global realities in our local contexts, the challenge before the present generation of students and teachers is to rediscover for themselves the meaning of the germinal vision and live them out in fresh ways. We will be judged by posterity in terms of our willingness to take up this challenge and provide visionary leadership for reorganizing and reinvigorating the total life of the college so that the vision of the founding fathers of developing "a new and virile type of Indian manhood (and womanhood) than at present obtains among the products of our universities" be realized.

Along with the generations of men and women who have gone through the portals of this college and recited these prayers, let us also pray, "May love, unity and brotherhood be learned here; may industry and uprightness and courage grow here; and from this place may there be sent forth continually a stream of men and women who serve thee faithfully in the world. Amen."

Best Wishes

ALAPPATT
agencies (p) ltd

Govt. Hospital Jn.,
Alwaye -1
Ph: 0484-624673, 620892

ഡോ. പി.ജെ. ചെറിയാൻ *

# യൂ. സി. കോളേജ് _ ഒരു ചരിത്ര വിമർശം

അനുഭവങ്ങളെ വ്യക്തിപരമാക്കുവാൻ (individuate) കഴിയുന്നത് മനുഷ്യനു മാത്രമാണ്. താൻ രൂപം കൊടുത്ത സ്ഥാപനങ്ങളുടെ കാര്യത്തിലും ഇത്തരമൊരു വ്യക്തിവൽക്കരണം സാധ്യമാകുന്നു എന്നതിനാലാണ് സ്ഥാപനങ്ങളെ വ്യതിരിക്തമായി കാണുന്നതിന് നമുക്ക് സാധ്യമാകുന്നത്. വ്യക്തികളുടെ കാര്യത്തിലെന്നപോലെ സ്ഥാപനങ്ങളുടെയും ചരിത്രവൽക്കരണം നടത്തുന്നതിലൂടെ മാത്രമേ, അവയെ, സമഗ്രതയിൽ, ഒരു ജൈവ സങ്കീർണ്ണതയുടെ (organic complexity) ഭാഗമായി വിലയിരുത്താൻ നമുക്കു കഴിയൂ. "ചരിത്രവൽക്കരിക്കുക, വീണ്ടും, വീണ്ടും ചരിത്രവൽക്കരിക്കുക" എന്നത് എക്കാലത്തെയും ചരിത്ര വിദ്യാർത്ഥികളുടെ ബാധ്യതയും വെല്ലുവിളിയുമായി മാറുന്നതും അതുകൊണ്ടാണ്.

ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജ് എന്ന ഈ വിദ്യാഭ്യാസ സ്ഥാപനം അതിന്റെ 75 വർഷം പിന്നിടുന്ന ഈ സന്ദർഭം ആവശ്യപ്പെടുന്ന കാര്യവും മറ്റൊന്നല്ല. ശ്രമകരമായ അത്തരമൊരു പഠനത്തിലേക്കുള്ള ചൂണ്ടുപലകയായി മാത്രമേ ഈ ലേഖനത്തെ കാണേണ്ടതുള്ളൂ. ആഘോഷ വർണ്ണപ്പൊലിമകൾക്കിടയിൽ ചരിത്രവൽക്കരണം ഒരു തരം മഹത്വവൽക്കരണമായി ചുരുങ്ങിപ്പോവുകയാണ് പതിവ്. ലളിതവൽകൃത ദ്വന്ദങ്ങളിലൂടെ (binary opposites) സങ്കീർണ്ണ സ്ഥാപന രൂപീകരണങ്ങളെ സമീപിക്കുന്നതിനാലാണ് വളരെ സ്വാഭാവികമായി അത്തരം മഹത്വവൽക്കരണങ്ങളിലേക്ക് നാം വഴുതിപ്പോകുന്നത്.

### ഇരുപതാം നൂറ്റാണ്ടിന്റെ പശ്ചാത്തലം

കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കം മുതൽ സ്വാതന്ത്ര്യലബ്ധിവരെക്കും ഒരു നാട്ടുരാജ്യമെന്ന വ്യക്തിത്വത്തോടെ നിലനിൽക്കാനായ തിരുവിതാംകൂറിലും, ബ്രിട്ടീഷ് ആധിപത്യം ഏതാണ്ട് പൂർണ്ണമായിരുന്നു. നാനാ ജീവിതതുറകളിലും ബ്രിട്ടീഷ് സ്വാധീനം നിഴലിച്ചിരുന്നു. 18-ാം നൂറ്റാണ്ടിൽ തന്നെ മറ്റു പ്രദേശങ്ങളെക്കാൾ എത്രയോ മുമ്പേ തിരുവിതാംകൂറിലെ സമ്പദ് വ്യവസ്ഥ ഭൂമി കേന്ദ്രീകൃത സമ്പദ് വ്യവസ്ഥയിൽ നിന്നും, മൂലധന കേന്ദ്രീകൃത വ്യവസ്ഥയിലേക്കുള്ള പ്രയാണം തുടങ്ങിയിരുന്നു. ഈ മാറ്റത്തിന് പ്രധാന ചാലകശക്തിയായത് വാണിജ്യവത്കൃതമായ കൃഷി (commercialization of agriculture) ആയിരുന്നു. ഏറിയകൂറും ജീവസന്ധാരണത്തിനു (subsistence) വേണ്ടി മാത്രമായിരുന്ന കൃഷി, അങ്ങാടി ലക്ഷ്യമിട്ടുകൊണ്ടുള്ള ഉല്പാദന സമ്പ്രദായമായി മാറുകയായിരുന്നു. വേറെയും ചില മൂലധനകേന്ദ്രീകൃതചാലകങ്ങൾ - വാണിജ്യം, വ്യവസായം തുടങ്ങി - ഈ ഘട്ടത്തിൽ ശക്തിപ്പെട്ടു. ഇതിന്റെയെല്ലാം ഫലമായി പുതിയ സമൂഹ വിഭാഗങ്ങളും അവരുടെ പുതിയ ആവശ്യങ്ങളും സാമൂഹ്യ ബന്ധങ്ങളും രൂപം കൊണ്ടു തുടങ്ങി. മൂലധന സമാഹരണത്തിന് അവസരം ലഭിച്ച പുത്തൻ ധനികവർഗ്ഗവും അവർക്കു വേണ്ടി ജോലി ചെയ്താൽ അതിലിടപെട്ടോ ആ പ്രക്രിയയിൽ പങ്കു ചേരാൻ കഴിഞ്ഞ മധ്യവർഗ്ഗവും ഇത്തരത്തിലൊന്നും ഒരു സാധ്യതയും ഇല്ലാതിരുന്ന അടിസ്ഥാനവർഗവും (അധഃസ്ഥിതർ) ആയിരുന്നു ആ പുതിയ സമൂഹവിഭാഗങ്ങൾ. ഈ സാഹചര്യത്തിൽ ഉരുത്തിരിഞ്ഞു വന്ന ആവശ്യങ്ങളും വ്യത്യസ്തമായിരുന്നു. അവയുടെ പട്ടികയിൽ പ്രഥമസ്ഥാനം ആധുനിക വിദ്യാഭ്യാസത്തിനു ലഭിക്കുകയുണ്ടായി.

### സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ

തിരുവിതാംകൂർ സമൂഹത്തിന്റെ ഭൗതിക അടിത്തറ ഉലക്കിമറിച്ച മാറ്റങ്ങൾ അരങ്ങേറിയത് ജാതിജടിലമായ സാമൂഹ്യാന്തരീക്ഷത്തിലാണ് എന്ന് ഇവിടെ ഓർക്കേണ്ടതുണ്ട്. രൂക്ഷമായ ജാതി സമ്പ്രദായം 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലും ഇവിടെ നിലനിന്നിരുന്നു. ഈ അവസ്ഥയ്ക്കെതിരെ രൂപം കൊണ്ട സാമൂഹ്യ പരിഷ്കരണ

* ഹിസ്റ്ററി വിഭാഗത്തിൽ അദ്ധ്യാപകൻ, ഇപ്പോൾ കേരള ഗസറ്റിയർ എഡിറ്റർ

അന്തരമൊരു മഹത്വവൽക്കരണം പാപവൃത്തികൂടി യാകാം.

ഇവിടെ പരാമർശവിധേയമായ ആദ്യകാലപ്രാർത്ഥ നാനുഭവങ്ങൾ വിശ്വാസതലത്തിൽ പ്രവർത്തിച്ചതെങ്ങനെ എന്നു വിലയിരുത്താനല്ല, മറിച്ച് നൈതികതലത്തിലെ അതിന്റെ പ്രതിപ്രവർത്തനങ്ങൾ എന്തായിരുന്നു എന്നറി യാനുള്ള ശ്രമമാണ് നടത്തിയിരിക്കുന്നത്. അത് അതിന്റെ ആവിഷ്കാരരൂപങ്ങളിൽ മതേതരവും ജനാധിപത്യപരവും ആയ പ്രായോഗിക മേഖലകളിലേക്ക് വ്യാപരിക്കുകയാ യിരുന്നു. അവർക്ക് അതിൽ നിന്ന് സാമൂഹ്യപ്രസക്തി യുള്ള ചില ചരിത്രനിക്ഷേപങ്ങൾക്ക് കരുത്തു ലഭിച്ചു. ത്യാഗ ത്തിനും ആത്മശുദ്ധീകരണത്തിനും ആത്മസമർപ്പണ ത്തിനും, എല്ലാം ആ അനുഭവങ്ങൾ പ്രേരണയുമായി. ധന്യ മായ ഈ പൈതൃകം, 75 വയസ്സു പിന്നിടുന്ന ഈ മഹ ത്തായ സ്ഥാപനത്തിന് വെളിച്ചമായും കാലത്തെ അതിജീ വിക്കുന്ന പുതിയ പ്രവണതകൾക്ക് തുടക്കമിടാൻ, കരു ത്തായും തീരട്ടെ എന്ന് ആഗ്രഹിക്കുകയാണ്.

## References


1 *U.C. College Golden Jubilee Commemoration Volume*, Alwaye, 1972.
2 *U.C. College Golden Jubilee Commemoration Volume*, Alwaye, 1947.
3 *U.C. College Diamond Jubilee Souvenir*, Alwaye, 1983.
4 Dr. Samuel Nellimukil, *C.M.S. Collegiate Charithram*, Kottayam 1997.
5 *80th Birthday Commemoration Volume of Prof. V.M. Ittyerah*, Kottayam, 1976.
6 *Prof. C.P. Andrews Smaranika*, Alwaye, 1985.
7 *K. Jacob : Tributes*, Alwaye, 1979.
8 *CLS, The Christian College and National Development* , Madras, 1967.
9 *Malcolm Muggeridge, Chronicles of Wasted Times*, London 1972.
10 Kerala Educational Research Centre, *A Study of the Christian Colleges in Kerala*, Trivandrum, 1982.
11 Mathew Varkey, *In Memoriam: A.M. Varkey*, Madras, 1992.
12 U.C.College Inter Church Fellowship, *K.C. Chacko: The Man and his Message*, Alwaye, 1997.
13 K.C. George, *Ente Jeevitha Yathra*, Kottayam, 1985.
14 *Report of the Travancore Education Reforms Committee*, Trivandrum 1933.
15 *Report of the University Committee Trust 1923-24, Trivandrum*, 1928.
16 V.M.Ittyerah, *K.C.Chacko and Alwaye*, Alwaye, 1978.
17 Babu Paul D. *"About the College" U.C.College Magazine*, Alwaye, 1995.
18 Ian Hunter, *Malcolm Muggeridge: A Life*, Nashville, 1980.
19 B.G.Crowley, Unpublished and Personnal Memories, (Obtained from T.B.Thomas, not dated)
20 Dr.M.M.Thomas, "Articulation of Christian Identity in Higher Education", Seminar at U.C.College, Alwaye, March 1998
21 SCF, UCC, *The Prayer Fellowship*, Alwaye, 1992.
22 Dr.. T.I.Punnen, *Diary Writings*, Alwaye, 1927-50
23 Advocate K.I.Ninan, "Origin of U.C.College, Alwaye", *The Church Weekly*, Alwaye, February, 1996.
24 A.D.Lindsay et.al., *Christian Higher Education in India*, London, 1931.
25 T.B.Thomas, Personal Interviews., Alwaye, 1988 - 98.
26 K.C.Mammen Mappilla, *Jeevitha Smaranakal*, Kottayam, 1977.
27 A.M. Chacko, *T.B.Thomas: A Composite Portrait*, Alwaye, 1995.




എം. പി. മൻമഥൻ

# മഹാവിദ്യാലയത്തെക്കുറിച്ചുള്ള ഓർമ്മകൾ

*('സ്വയംതിർപ്പണം' എന്ന ആത്മകഥയിൽ നിന്ന്. യൂണിയൻ ക്രിസ്ത്യൻ കോളേജിന്റെ പൂർവ വിദ്യാർത്ഥി സംഘങ്ങളിൽ എല്ലാവർക്കും ഒരു തീർത്ഥാടകനെപ്പോലെ എന്നിച്ചുവരായിരുന്നു ശ്രീ. എം. പി. മന്മഥൻ തന്നെ രൂപപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിച്ച എന്നദ്ദേഹം വിശ്വസി ച്ചിരുന്ന ഈ കലാലയത്തിലെ അനുഭവങ്ങൾ വിവരിക്കുമ്പോൾ എന്നാലിരുവുള്ള ആ ശബ്ദം ഗാംഭീര്യം കൊള്ളുകയും, ഉത്തരീയം കൊണ്ട് അദ്ദേഹം കണ്ണു തുടയ്ക്കുകയും ചെയ്യുമായി രുന്നു. ഇനിയും കേൾക്കാനാവാത്ത ആ ശബ്ദത്തിൽ ഓർമ്മയ്ക്കി)*

എന്റെ അപ്പൂപ്പൻ (അമ്മയുടെ അച്ഛൻ) യദൃച്ഛയാ വന്നെത്തി. എന്റെ പഠിത്തകാര്യം അന്വേഷിച്ചശേഷം ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളേജിൽ ചേർക്കാ മെന്നും അതിനു വേണ്ടതെല്ലാം ചെയ്യാമെന്നും പറഞ്ഞത് ഒരു ദൈവനിയോഗം പോലെ തോന്നി. അടുത്ത ദിവസം തന്നെ ഞാൻ അപ്പൂപ്പൻ താമസിക്കുന്ന ഇടപ്പള്ളി കരുവേ ലിൽ ഭവനത്തിലെത്തി. അപ്പൂപ്പനുമൊന്നിച്ച് പിറ്റേന്നു തന്നെ ആലുവായിൽ ചെന്ന് കോളേജ് പ്രവേശനത്തിന് അപേക്ഷ കൊടുത്തു. താമസിയാതെ എനിക്ക് കോളേജ് പ്രവേശനം ലഭിക്കുകയും ചെയ്തു. പ്രവേശനത്തിനു വേണ്ട പണം അപ്പൂപ്പൻ തന്നു. താമസിക്കാൻ തെരുവിക്കാ ട്ടിക്കര ഒരു ബന്ധുഗൃഹത്തിൽ സൗകര്യവും കിട്ടി. പിന്നീട് മദ്രാസ് യൂണിവേഴ്സിറ്റി പ്രൊഫസറായ, ഡോ. എസ്. കെ. നായരുടെ വീടായിരുന്നു അത്. കൃഷ്ണൻ എന്നു ഞാൻ വിളിക്കുന്ന എസ്. കെ. നായർ അന്ന് കോട്ടപ്പുറം ഹൈസ്കൂളിൽ ഫോർത്ത് ഫോറത്തിൽ പഠിക്കുകയാണ്. ഇരുപത്തിമൂന്നാമായി ആ വീട്ടിൽ കഴിഞ്ഞു കൂടുന്നതിനിട യിൽ പഠിത്തകാര്യത്തിൽ അയാളെ സഹായിക്കാനും എനിക്കവസരമുണ്ടായി. കൃഷ്ണന്റെ അമ്മ എന്നെ മക നെപ്പോലെ സ്നേഹിച്ചിരുന്നു. കൃഷ്ണൻ മമ്മുണ്ണിച്ചേട്ടന നാണ് എന്നെ വിളിച്ചിരുന്നത്.

ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളേജിൽ നാലു വർഷം (ഇന്റർ മീഡിയറ്റും ബി എ യും ക്ലാസ്സുക ളിൽ) ഞാൻ പഠിച്ചു. സാമ്പത്തിക ഞെരുക്കം ഇക്കാലത്ത് എനിക്കുണ്ടായിരുന്നപ്പോൾ എന്നെ സഹായിക്കാൻ അപ്പൂപ്പനും പാവം എന്റെ അച്ഛനും. ബി.എ ക്ലാസ്സിലെത്തി യപ്പോൾ എന്റെ ശത്രുതയും. പിന്നെ എന്റെ മാതൃസ്ഥാപ നമായ ആ കോളേജും ഉണ്ടായത് എനിക്കു വലിയ അനു ഗ്രഹമായിത്തീർന്നു.

നാലു വർഷത്തെ കോളേജുവിദ്യാഭ്യാസം സാമ്പ ത്തികമായി ഞെരുക്കമുള്ളതായിരുന്നുവെങ്കിലും ആ മഹാ വിദ്യാലയത്തിലെ പഠിത്തവും ജീവിതവും എത്രയോ മഹ ത്തായ അനുഭവമാണ് എനിക്ക് നൽകിയതെന്ന് ഞാൻ കൃതജ്ഞതയോടെ സ്മരിക്കുന്നു. ഗാന്ധിയിൽ ഉപ്പുസത്യാ ഗ്രഹത്തെതുടർന്ന് ഇന്ത്യൻ സ്വാതന്ത്ര്യ സമരം അലയടി ച്ചുയർന്നുകൊണ്ടിരുന്ന കാലഘട്ടമായിരുന്നു അത്. പഠി പ്പിച്ച വിഷയങ്ങളോടനുബന്ധമായി ഓരോ ക്ലാസ്സിലും ഇന്ത്യൻ സ്വാതന്ത്ര്യ സമരസംബന്ധിയായ സംഭവങ്ങളെ പ്പറ്റിയും അതിന്റെ നടുനായകത്വം വഹിച്ച മഹാത്മാഗാ ന്ധിയെപ്പറ്റിയും പരാമർശിച്ച് ഞങ്ങളിൽ ദേശീയാവേശം ശക്തമായി ഉണർത്താൻ മറക്കാതിരുന്ന ഞങ്ങളുടെ പ്രൊഫസർ ടി. വി. രാമാനുജത്തെ ഞാനോർക്കുന്നു.

ഞാൻ ഇന്റർമീഡിയറ്റിന് ആലുവാ യു. സി. കോളേ ജിൽ ചേരുമ്പോൾ അവിടെ ഞങ്ങളുടെ പ്രിൻസിപ്പൽ എ. എം. വർക്കി എന്നറിയപ്പെട്ടിരുന്ന മഹാനായ ഒരു പ്രൊഫ സറായിരുന്നു. ഷേക്സ്പിയർ നാടകങ്ങളായിരുന്നു ഞങ്ങളെ അദ്ദേഹം പഠിപ്പിച്ചിരുന്നത്. ഷേക്സ്പിയരുടെ നാടകം സ്റ്റേജിൽ അഭിനയിച്ചുകാണുമ്പോലെ അത്ര ഹൃദ യസ്പർശിയായിരുന്നു ആ ക്ലാസ്സുകൾ. എ. എം. വർക്കി മാറിയപ്പോൾ വി. എം. ഇട്ടിയവിര പ്രിൻസിപ്പലായി വന്നു.

ആലുവായിലെ എന്റെ പഠിത്തം ഏതാണ്ട് അവസാനിക്കാറായ ഘട്ടത്തിൽ ഒരു ദിവസം ജീവിതത്തിലെ ഏറ്റവും വലിയൊരു മഹാഭാഗ്യമുണ്ടായി. മഹാത്മാഗാന്ധിയെ നേരിൽ കാണാനും കുറെ സമയം അദ്ദേഹത്തിന്റെ സാമീപ്യവും സംസാരവും കൊണ്ട് അത്ഭുതകരമായ ഒരു ആത്മനിർവൃതി നേടാനും സാധിച്ചതായിരുന്നു അത്. വികാരത്തോടുകൂടി മാത്രമേ ആ സംഭവം ഓർക്കാൻ കഴിയുന്നുള്ളൂ.

ഹരിജനങ്ങൾക്കുവേണ്ടി ഒരു ഫണ്ട് ശേഖരിക്കാൻ ഗാന്ധിജി ഒരു അഖിലേന്ത്യാ പര്യടനം നടത്തുന്ന സന്ദർഭമായിരുന്നു അത്. കേരളം സന്ദർശിക്കുന്ന കൂട്ടത്തിൽ അദ്ദേഹം ആലുവ വഴി കടന്നുപോകുമെന്നറിവായി. ഗാന്ധിജി അക്കൂട്ടത്തിൽ ഞങ്ങളുടെ കോളേജ് സന്ദർശിക്കണമെന്ന അപേക്ഷ ഫലിച്ചില്ല. ആലുവായിൽ അദ്ദേഹം കടന്നുപോകുന്ന സ്ഥലത്ത് അല്പസമയം നിറുത്തി ഹരിജൻ ഫണ്ടിലേക്കുള്ള പണക്കിഴി സ്വീകരിക്കാമെന്നു മറുപടി കിട്ടി. വിദ്യാർത്ഥികളും അധ്യാപകരുംകൂടി ഒരു സ്വീകരണക്കമ്മിറ്റി ഉണ്ടാക്കി.

ആലുവാ മണൽപ്പുറത്തുവച്ച് സ്വീകരണം ഏർപ്പാടുചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. കിട്ടിയ സമയമുപയോഗിച്ച് ഒരു ചെറുസംഖ്യ സംഭരിച്ചുവച്ചത് കമ്മറ്റിയുടെ പ്രസിഡന്റായ, ഞങ്ങളുടെ മാത്തമാറ്റിക്സ് പ്രൊഫസർ ടി. എസ്. വെങ്കിട്ടരാമൻ ഗാന്ധിജി വരുമ്പോൾ ഏല്പിച്ചു കൊടുക്കാനും തീരുമാനിച്ചു.

ഗാന്ധിജിയുടെ ഈ അഖിലേന്ത്യാപര്യടനത്തെ തടസ്സപ്പെടുത്താൻ വഴിയിൽ കിടക്കുകയും കറുത്ത കൊടി കാണിക്കുകയും ചെയ്തിരുന്ന 'സനാതനികൾ' എന്നൊരു കൂട്ടരെപ്പറ്റി ഞങ്ങളൊന്നും അറിഞ്ഞില്ല. എന്നാൽ ഗാന്ധിജിക്കു സ്വീകരണം നൽകുന്നിടത്ത് ഈ ആപത്ത് ഒഴിവാക്കാൻ ചുറ്റിലും ഒരു വേലിയുണ്ടായിരിക്കണമെന്ന് ഗാന്ധിജിയുടെ പ്രൈവറ്റ് സെക്രട്ടറി (പ്യാരിലാൽ ആണെന്നു തോന്നുന്നു) വിവരമറിയിച്ചത് വളരെ വൈകിയായിരുന്നു. സമയക്കുറവു നിമിത്തം അങ്ങനെയൊരു വേലിയുണ്ടാക്കാൻ പത്തു രൂപാ ശേഖരിച്ച സംഖ്യയുടെ കണക്കു വായിക്കുമ്പോൾ ഈ ചെലവിന്റെ കാര്യം കൂടി പ്രസ്താവിച്ചാൽ മതിയാകുമെന്ന് ഞങ്ങളുടെ പ്രൊഫസർ പറയുകയും ചെയ്തു. എന്നാൽ ഇത് ഒരു ആപത്ത് വലിച്ചുവെക്കുകയായിരുന്നു എന്ന് പിന്നീടാണ് മനസ്സിലായത്.

ഗാന്ധിജി വന്ന് പ്ലാറ്റ് ഫോറത്തിലെ ഉയർന്ന മേശയിൽ കയറി കൈയിലുണ്ടായിരുന്ന കൃഷ്ണൻ ഇട്ട് ഉപവിഷ്ടനായി. ഗാന്ധിജിയുടെ കഴുത്തിൽ ഖദർനൂലുകൊണ്ടുള്ള ഒരു മാലയണിയിക്കാൻ ഞങ്ങൾ കണ്ടുപിടിച്ചത് കഷ്ടിച്ച് പതിനൊന്നു വയസ്സായ ഒരു ഹരിജനബാലികയെ ആയിരുന്നു. പ്ലാറ്റ് ഫോറത്തിൽ കയറി മാലയും കൈയിൽ പിടിച്ചു നിന്ന ബാലിക കുറച്ചൊരു പരിഭ്രമിച്ച മട്ടിലായിരുന്നു. മാല കഴുത്തിലിടാൻ പുറകിൽ നിന്നു ഞങ്ങൾ നിർദ്ദേശിച്ചു. കുട്ടി മാല ഗാന്ധിജിയെ അണിയിക്കുന്നതിനിടയിൽ അവൾ ഒരു ഹരിജനബാലികയാണെന്നു കൂടി ഞങ്ങൾ പറഞ്ഞു. അത്യാഹ്ലാദത്തോടെ ഗാന്ധിജി രണ്ടു കൈയും കൊണ്ട് അവളെ പിടിച്ചു മടിയിലിരുത്തി. അവളുടെ താടിപിടിച്ചുയർത്തി അവളോട് നിറഞ്ഞ കണ്ണുകളോടെ അദ്ദേഹം ഇംഗ്ലീഷിൽ പറഞ്ഞ വാക്കുകൾ ഇങ്ങനെയായിരുന്നു.

'എന്റെ പ്രിയപ്പെട്ട കുഞ്ഞേ, എന്റെ ഭാഷ നിനക്കറിയില്ല. എന്നാൽ എന്റെ ഹൃദയത്തിന്റെ ഭാഷ നിനക്കു മനസ്സിലാകും: എന്റെ കണ്ണുകൾ നിന്നോടു പറയുന്ന ഭാഷയും.'

സ്തംഭിച്ചിരുന്ന കുട്ടിയോട് പുറകിൽ നിന്ന് 'പൊയ്ക്കോളൂ' എന്നു ഞങ്ങൾ പറഞ്ഞപ്പോൾ ഗാന്ധിജിയും മലയാളത്തിൽ 'പൊയ്ക്കോളാം പൊയ്ക്കോളൂ' എന്ന് സന്തുഷ്ടനായി അവളെ യാത്രയാക്കി.

അടുത്ത രംഗം ഗാന്ധിജിയെ കോപാകുലനാക്കിയ സംഭവത്തിന്റേതായിരുന്നു. പിരിഞ്ഞ സംഖ്യയുടെ കണക്കു വായിച്ചു. ഒടുവിൽ പത്തു രൂപ ചെലവുചെയ്ത കാര്യം വായിച്ചപ്പോൾ ഗാന്ധിജി കോപാകുലനായി. 'ആ സംഖ്യ ചെലവാക്കാൻ ആരു പറഞ്ഞു? അത് ഇന്ത്യയിലെ പാവപ്പെട്ട ഹരിജനങ്ങൾക്കുള്ള പണമല്ലേ?' എന്നദ്ദേഹം ഉറക്കെ പറഞ്ഞു. ഞങ്ങളുടെ പ്രൊഫസർ പെട്ടെന്നു വന്നു പത്തു രൂപ കൊടുത്തതോടെ ഗാന്ധിജി സന്തുഷ്ടനായി. ആ മുഖം പ്രസന്നമായി.

ഗാന്ധിജിയെ കണ്ടതും അന്നത്തെ ഒറ്റ സംഭവങ്ങളും അദ്ദേഹത്തിന്റെ വാക്കുകളും എന്റെ ഹൃദയത്തിൽ ഒരിക്കലും മായാത്ത മുദ്രകളാണ് പതിപ്പിച്ചത്.



മലയാറ്റൂർ

# എന്റെ പ്രിയപ്പെട്ട "യു. സി."

1942 ലാണ് ഞാൻ ആലുവ യു. സി. കോളേജിൽ ജൂനിയർ ഇന്റർമീഡിയറ്റ് വിദ്യാർത്ഥിയായി പ്രവേശിച്ചത്. എനിയ്ക്കന്ന് പതിനഞ്ചു വയസ്സ് പ്രായം. "ടാഗോർ" ഹോസ്റ്റലിലാണ് എനിയ്ക്ക് അന്ന് മുറി കിട്ടിയത്. ഏതാനും ആഴ്ചകൾക്കകം ഞാൻ മറ്റൊരു ഹോസ്റ്റലിലേയ്ക്ക് മാറി - "സ്കിന്നർ." സീനിയർ ഇന്ററിൽ കടന്നപ്പോൾ എന്റെ താമസം "നോർത്ത് ഈസ്റ്റ്" ഹോസ്റ്റലിലായി. പില്ക്കാലത്ത് "ചാക്കോ ഹോസ്റ്റൽ" എന്ന് പുനർനാമകരണം ചെയ്യപ്പെട്ട ഈ ഹോസ്റ്റലും, 'സ്കിന്നറും' 'ടാഗോറും' ഇന്ന് ആ കുന്നിൻ പുറത്തുണ്ടോ എന്നറിഞ്ഞുകൂടാ. കാലത്തിന്റെ കുത്തിയൊഴുക്കിൽ പെട്ട് അവ മൺമറഞ്ഞിരിയ്ക്കാം. രണ്ടാണ്ടുകാലം (1942- '44) ഞാൻ യു. സി. യിൽ ചെലവാക്കി.

ശ്രീ. വി. എം. ഇട്ട്യേരയായിരുന്നു പ്രിൻസിപ്പൽ - സർവ്വശ്രീ. സി. പി. മാത്യു, ടി. ബി. നൈനാൻ, ടി.ബി. തോമസ്, അരവാമുദയ്യങ്കാർ, അനന്തരാമയ്യർ, രാമാനുജം, കുറ്റിപ്പുഴ കൃഷ്ണപിള്ള, ഡി. പി. ഉണ്ണി, ടി. പി. ജോസഫ്, ജോണിച്ചൻ, ജേക്കബ് തുടങ്ങിയ മഹാരഥന്മാർ അധ്യാപകവൃന്ദത്തിലുണ്ടായിരുന്നു.

1942, നമ്മുടെ സ്വാതന്ത്ര്യസമരത്തിന്റെ ചരിത്രത്തിൽ ഒറ്റപ്പെട്ട് നിൽക്കുന്ന ഒരു വർഷമാണ്.

"ക്വിറ്റ് ഇന്ത്യ" സമരത്തിന്റെ പടഹധ്വനി മുഴങ്ങിയ വർഷം, ഞങ്ങൾ വിദ്യാർത്ഥികൾ, സമരത്തിന്റെ നടുക്കത്തിൽ മുതലെടുപ്പ് നടത്തി. ഹിറ്റ്ലർ സോവ്യറ്റ് യൂണിയനെ ആക്രമിച്ചപ്പോൾ, ഞങ്ങളുടെ "നേതൃത്വം" പറഞ്ഞ പ്രകാരം, ലോകമഹായുദ്ധത്തിന്റെ "സ്വഭാവം" മാറിയെന്ന് ഞങ്ങൾക്ക് ബോധ്യം വന്നു. കമ്മ്യൂണിസ്റ്റ് ആശയങ്ങൾ ക്യാമ്പസ്സിൽ അലയടിച്ചു. വിദ്യാർത്ഥി ഫെഡറേഷൻ പ്രവർത്തനത്തിന് പുത്തൻ ചൂടും ആവേശവുമുണ്ടായി - അതിന്റെ പില്ക്കാലഫലം യു. സി. കോളേജിന് അഭിമാനം പകർന്നുവെന്നാണ് എന്റെ വിശ്വാസം. സഖാക്കൾ പി. ഗോവിന്ദപ്പിള്ളയും, പി. കെ. വാസുദേവൻനായരും "യു. സി."യുടെ സന്തതികളാണല്ലോ.

യു. സി. കോളേജിൽ ചെലവിട്ട രണ്ടു വർഷങ്ങളെക്കുറിച്ചോർക്കുമ്പോൾ രസകരമായ പല സംഭവങ്ങളും മറവിയുടെ മറ നീക്കി പുറത്തുവരുന്നു. ഇവയിൽ പലതിനെക്കുറിച്ചും ഞാൻ മുമ്പ് നമ്മുടെ ആനുകാലികങ്ങളിൽ എഴുതിയിട്ടുണ്ട്.

ഒന്നു രണ്ട് സംഭവങ്ങളെക്കുറിച്ചു മാത്രം ഇപ്പോൾ എഴുതാം. ബയോളജി ലക്ചററും ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുമായ സി. പി. ആൻഡ്രൂസ് സാർ ഇപ്പോഴും കറുത്തകരിങ്കല്ലിൽ തീർത്ത ഒരു പ്രതിമകണക്കെ എന്റെ സ്മൃതിപഥത്തിലുയരുന്നു. എനിയ്ക്കദ്ദേഹത്തെ പേടിയായിരുന്നു. യു. സി. കോളേജിലെത്തും മുമ്പേ ഞാൻ ഒരു "ഗെയിമും" കളിച്ചിരുന്നില്ല. കോളേജിലെത്തിയപ്പോഴാണറിയുന്നത്, ഏതെങ്കിലും ഗെയിം കളിച്ചേ മതിയാകൂ എന്ന് - ഈ അലിഖിത നിയമത്തിന്റെ പേര് "കമ്പൽസറി ഗെയിം." ജേക്കബ് ചാണ്ടി എന്ന "റൂമേറ്റ്" ഉപദേശിച്ച പ്രകാരം ഞാൻ ബാസ്ക്കറ്റ്ബോൾ തെരഞ്ഞെടുത്തു. ആ കളിയിൽ പന്ത് തറയിൽ തട്ടിത്തട്ടി കൊണ്ടുവേണമല്ലോ (Dribbling) മുന്നേറാൻ. സ്വന്തം ടീമിലെ മറ്റൊരംഗത്തിന് പന്ത് "ത്രോ" (Throw) ചെയ്തു കൊടുക്കുകയുമാവാം. ഫോർവേഡ് ട്ടു ദ നെറ്റ് ത്രോ ട്ടു ബാൾ ഇന്റു ദ നെറ്റ്! ഞാൻ ചെയ്തിരുന്നതെന്താണെന്നറിയാമോ?

പന്ത് അടക്കിപ്പിടിച്ചുകൊണ്ട് ഒരൊറ്റ പാച്ചിലാണ്, എതിർടീമിന്റെ നെറ്റിലേയ്ക്ക്! ഒരു നാൾ ചാപ്പലിന്റെ പടിവിറങ്ങി. ബാസ്ക്കറ്റ് കോർട്ടിലേയ്ക്ക് വന്ന ആൻഡ്രൂസ് സാർ എന്റെ "കളി" കാണുന്നു. എന്നെ കലശലായി ശകാരിയ്ക്കുന്നു. ഞാൻ കരഞ്ഞുവോ? കരഞ്ഞിരിയ്ക്കാം. എന്തായാലും ഞാൻ സാറിനോടപേക്ഷിച്ചു. "സാർ, എനിയ്ക്കീ ഗെയിം പറ്റില്ല. മറ്റേതെങ്കിലും..."

"ഹോക്കി"! എന്നു പറഞ്ഞു, ആൻഡ്രൂസ് സാർ - ഞാൻ അങ്ങനെ ഹോക്കിയിലേക്ക് മാറി - ഒരു ഹോക്കി സ്റ്റിക്ക് വാങ്ങാൻ എട്ടോ, പത്തോ രൂപാ ചെലവായെങ്കിലും, പിന്നെ എല്ലാം ബഹുസുഖം ! എന്റെ സ്ഥിരസ്ഥാനം ഗോളിയുടേത്. എന്റെ കാലുകൾക്കിടയിലൂടെ കടന്നുപോയ എതിർഗോളുകളുടെ എണ്ണം എത്ര ആയിരങ്ങളായിരുന്നു!

സ്കിന്നർ ഹോസ്റ്റലിൽ താമസിക്കുമ്പോൾ (1942 - '43) ഹോസ്റ്റൽ വാർഡൻ ജോസഫ് ഡീക്കനോട്, അദ്ദേഹമറിയാതെ, ഞാൻ ക്രൂരമായി പെരുമാറിയിട്ടുണ്ട്. ശെമ്മാശ്ശൻ ടെന്നീസ് കളിയ്ക്കുമായിരുന്നു. കളികഴിഞ്ഞാൽ ചൂടുവെള്ളത്തിൽ കുളിയ്ക്കുക ശീലമാണ് - ഹോസ്റ്റൽ കെട്ടിടത്തിലുള്ള ശെമ്മാശ്ശന്റെ റൂമിന്റെ "അറ്റാച്ച്ഡ് ബാത്ത്റൂമിൽ" (എന്നു വച്ചാൽ മറവുള്ള ഒരു ആറടി ചതുരം തറ) ഹോസ്റ്റൽ ബോയ് മമ്മത് ഒരു പാട്ടയിൽ ചൂടുവെള്ളം കരുതിവെയ്ക്കും. മമ്മതും ശെമ്മാശ്ശനുമറിയാതെ ആ ചൂടുവെള്ളം എത്രയോ സായാഹ്നങ്ങളിൽ എന്റെ ഉടൽ കഴുകിയിട്ടുണ്ട്. മോഷ്ടാവായ ഞാൻ പിടികൂടപ്പെട്ടില്ല "ചൂടുവെള്ളം എവിടെ മമ്മതേ?" ശെമ്മാശ്ശൻ പലതവണ മമ്മതിനോട് ചോദിച്ചിരിക്കാം... "ഡ്യൂട്ടി" ചെയ്യാത്ത മമ്മതിനെ ശാസിച്ചിരിക്കാം.

ജോസഫ് ഡീക്കൻ തന്നെയാണ് സ്റ്റേജിൽ കയറി അഭിനയിക്കാൻ എനിക്ക് ആദ്യമായി അവസരം തന്നത്.

1946 - '47 ൽ ഞാൻ യു. സി. യിലേയ്ക്ക് മടങ്ങി വന്നു. പുതിയ റോളിൽ. ഇംഗ്ലീഷ് ട്യൂട്ടർ എന്ന റോൾ. ഹ്രസ്വകാലം മാത്രം നീണ്ടു നിന്ന അഭിനയം.

എന്റെ വളർച്ചയിൽ രണ്ട് സരസ്വതീക്ഷേത്രങ്ങൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. തിരുവല്ലയിലെ എസ്.സി. സെമിനാരി ഇംഗ്ലീഷ് ഹൈസ്ക്കൂളും ആലുവായിലെ യൂണിയൻ ക്രിസ്റ്റ്യൻ കോളേജും.

എനിക്ക് അറിവിന്റെ മുലപ്പാൽ തന്നവരേ,
എന്നിൽ ജ്ഞാനതൃഷ്ണ വളർത്തിയ വിദ്യാലയങ്ങളേ,

നന്ദി -
അൽമാ മേറ്റർ, പ്രണാമം.

*With best compliments from*

**Sree Sakti Paper Mills Ltd.**

*"Sree Kailas"*

**39/2724-A**
**Paliam Road,**
**Cochin -16**



ഡോ. കെ. എം. ജോർജ്ജ്

# എന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവ്

എന്റെ ജീവിതത്തിലെ ഒരു പ്രധാന വഴിത്തിരിവിനു രംഗം ഒരുക്കിയ ഒരു സന്ദർഭമാണ് ഞാൻ യൂണിയൻ ക്രിസ്ത്യൻ കോളേജിൽ വിദ്യാർത്ഥിയായി കഴിച്ചുകൂട്ടിയ രണ്ടുവർഷം (1937 - '39). ആലുവാക്കുന്നിൽ ഈ കോളേജ് തുടങ്ങുന്ന കാലഘട്ടത്തിൽ അവിടെ ബി. എ. ഡിഗ്രി വിദ്യാർത്ഥിയായി എന്റെ ജ്യേഷ്ഠൻ കെ. എം. കുര്യൻ പഠിച്ചിരുന്നു. അങ്ങനെ ഈ കോളേജിനെക്കുറിച്ചും അതിലെ പ്രശസ്തരായ അധ്യാപകരെക്കുറിച്ചും കൗമാരകാലത്തുതന്നെ എനിക്കു ബഹുമാനം കലർന്ന അറിവുകൾ ലഭിച്ചിരുന്നു. എന്റെ കുട്ടിക്കാലത്ത്, അതായതു മുക്കാൽ ശതകത്തിനു മുമ്പ്, പമ്പാതീരത്തുള്ള പ്രകൃതിരമണീയമായ ഇടയാറൻമുള എന്ന കൊച്ചുഗ്രാമത്തിൽ രണ്ടു പ്രൈമറിസ്ക്കൂളുകളും ഒരു ഇംഗ്ലീഷ് മിഡിൽ സ്ക്കൂളും മാത്രമാണുണ്ടായിരുന്നത്. ഹൈസ്ക്കൂൾ പഠനത്തിനായി നാലുമൈൽ ദൂരത്തുള്ള ചെങ്ങന്നൂരോ കോഴഞ്ചേരിയിലോ പോകേണ്ടിയിരുന്നു. അങ്ങനെ കുട്ടികളെ പഠിപ്പിക്കാൻ ഉത്സാഹിച്ച കുടുംബങ്ങൾ ആ ഗ്രാമത്തിൽ നാലോ, അഞ്ചോ മാത്രമായിരുന്നു. അക്കൂട്ടത്തിൽ എന്റെ കുടുംബം ഉൾപ്പെട്ടിരുന്നു. അന്നു ഹൈസ്ക്കൂൾ പഠനം പൂർത്തിയാക്കിയശേഷം ചുരുക്കം ചില വിദ്യാർത്ഥികൾ മാത്രമാണ് കോളേജു പഠനത്തിനായി ഒരുമ്പെട്ടിരുന്നത്. അവരെല്ലാം തന്നെ കോട്ടയത്തുള്ള സി. എം. എസ്. കോളേജിലാണ് പോയിരുന്നത്. പക്ഷേ ആ പഴയകോളേജിൽ വളരെക്കാലം ഇന്റർമീഡിയറ്റ് ക്ലാസുകൾ മാത്രമാണുണ്ടായിരുന്നത് എന്ന കഥ പലരും വിസ്മരിച്ചിരിക്കും. അതു കഴിഞ്ഞാൽ ഡിഗ്രി തലത്തിൽ തുടരാൻ തിരുവനന്തപുരത്തോ മദ്രാസിലോ പോകേണ്ടിയിരുന്നു. അതു ചെലവു കൂടുതലാണുതാനും. അങ്ങനെയിരിക്കുന്ന ഘട്ടത്തിലാണ്, സാമ്പത്തിക സൗകര്യം കുറഞ്ഞ കുടുംബങ്ങൾക്ക് ഒരവലംബമായി യൂണിയൻ ക്രിസ്ത്യൻകോളേജ് ആരംഭിക്കുന്നത്.

1936 -ൽ ഞാൻ കോഴഞ്ചേരി സെന്റ് തോമസ് ഹൈസ്ക്കൂളിൽ നിന്നും എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ചപ്പോൾ സാധാരണഗതിയിൽ ഉന്നത വിദ്യാഭ്യാസാർത്ഥം കോട്ടയത്തേക്കോ ആലുവായിലേക്കോ ആണു പോകേണ്ടിയിരുന്നത്. പക്ഷേ പോയതു മദ്രാസ് ക്രിസ്ത്യൻ കോളേജിലേയ്ക്കാണ്. അതിന്റെ പ്രധാന കാരണം എന്റെ ജ്യേഷ്ഠൻ കെ. എം. കുര്യൻ അപ്പോൾ മദ്രാസ് പട്ടണത്തിൽ ഉദ്യോഗസ്ഥനായിക്കഴിഞ്ഞു എന്നതാണ്. അദ്ദേഹത്തിന്റെ കൂടെത്താമസിച്ചു മദ്രാസ് ക്രിസ്ത്യൻ കോളേജിൽ പഠനം തുടർന്നു. അന്ന് ആ കോളേജ് പട്ടണത്തിൽ ഹൈക്കോർട്ടിനെതിർവശത്തുള്ള കെട്ടിടങ്ങളിലായിരുന്നു.

പതിനാറുകാരനായ ഗ്രാമീണ കുമാരന് വൻ നഗരമായ മദ്രാസ് പട്ടണം, ആദ്യകാലത്തു പ്രത്യേകിച്ചും, അത്ഭുതങ്ങളുടെയും കൗതുകങ്ങളുടെയും കൂത്തരങ്ങായി തോന്നി. ആ സൗഭാഗ്യം പക്ഷേ അധികകാലം നീണ്ടുനിന്നില്ല. ഒരു കൊല്ലം കഴിഞ്ഞപ്പോൾ ജ്യേഷ്ഠൻ രോഗബാധിതനായി. അല്പം ചികിത്സയ്ക്കുശേഷം നാട്ടിലേയ്ക്കു പോകുകയും ചെയ്തു. അദ്ദേഹത്തിന്റെ അകാലവിയോഗം മൂലം കുടുംബകാര്യങ്ങൾക്കു ഗണ്യമായ ശൈഥില്യം ഉണ്ടാവുകയാൽ എന്റെ ഡിഗ്രിതല പഠനത്തിനു കുറേ വിളംബം ഭവിച്ചു. അങ്ങനെയാണ് ഞാൻ യൂണിയൻ ക്രിസ്ത്യൻകോളേജിലെ വിദ്യാർത്ഥിയായിത്തീർന്നത്. അന്നു നമ്മുടെ കോളേജ് മദ്രാസ് സർവ്വകലാശാലയുടെ ഒരു ഭാഗമാണ്. ജ്യേഷ്ഠനെപ്പോലെ ഞാനും ഗണിതശാസ്ത്രം ഐച്ഛിക വിഷയമായി സ്വീകരിച്ച് 1939 ലെ പരീക്ഷയ്ക്കു ഒന്നാം ക്ലാസ്സിൽ (രണ്ടാം റാങ്ക്) ജയിക്കയും ചെയ്തു.

അവധിക്കാലത്ത് ഇനിയെന്ത് എന്ന ചിന്തയാണ് എന്റെ മസ്തിഷ്കത്തെ മഥിച്ചത്. എനിക്കു വളരെ താത്പര്യമുള്ള ഒരു വിഷയമാണ് മലയാളം. അതിനു രണ്ടാം ക്ലാസ് മാത്രമേ ലഭിച്ചുള്ളു. അന്ന് യൂണിവേഴ്സിറ്റിയിൽ ഒരാൾക്കു മലയാളത്തിൽ ഒന്നാം ക്ലാസ്സുണ്ടായിരുന്നു. എനിക്കു നല്ല പ്രതീക്ഷ ഉണ്ടായിരുന്നെങ്കിലും ഒന്നാം ക്ലാസ്സു ലഭിച്ചില്ല. അക്കാലത്തു യൂണിയൻ ക്രിസ്ത്യൻ കോളേജിൽ ബിരുദാനന്തരപഠനത്തിനു സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. എം. എ. യ്ക്ക്, ഒന്നാം ക്ലാസ്സുള്ള ഗണിതശാസ്ത്രം സ്വീകരിക്കണമോ അതോ രണ്ടാം ക്ലാസ്സു

പ്രൊഫ. വെങ്കിട്ടരാമൻ ചുറ്റിനടക്കുകയാണ്. ചോദ്യം തന്നെ തെറ്റാണെന്നു അദ്ദേഹത്തിനു മനസ്സിലായി. ഞാൻ വലയുന്നതും അറിഞ്ഞു. എങ്കിലും ഒരക്ഷരം മിണ്ടാതെ വ്യാകുലനായി അദ്ദേഹം ചുറ്റി നടക്കുകയായിരുന്നു. ഇന്ന് ഇങ്ങനെ ഒരു സൂചനപോലും നൽകാൻ മനസ്സാക്ഷി അനുവദിക്കാത്ത എത്ര അധ്യാപകരെ ലഭിക്കും! ഇങ്ങനെ ആദർശശാലികളായ അധ്യാപകരെയാണ് ഞങ്ങൾക്ക് യു. സി. കോളേജിൽ അന്നു ലഭിച്ചത്.

വർഷങ്ങൾക്കുശേഷം ഈ സംഭവത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ ഒരു തോന്നൽ! ഒരു പക്ഷേ, ഇതുമൂലമാകാം ഒന്നാം റാങ്ക് നഷ്ടപ്പെട്ടത്. എങ്കിലതു നന്നായി. കാരണം മാതൃഭാഷയെ ആയുസ്സുമുഴുവൻ സേവിക്കുവാൻ ഒരു വഴി അങ്ങനെ തുറന്നുകിട്ടിയല്ലോ.

അതതുകാലത്തു പ്രശ്നങ്ങളായിതോന്നുന്ന പല അനുഭവങ്ങളും കുറെ കഴിയുമ്പോൾ മധുര സ്മരണകളായിമാറും. എന്റെ ജീവിതത്തിന്റെ പ്രധാന വഴിത്തിരിവിനു രംഗം ഒരുക്കിയ കലാലയമാണ് യു. സി. കോളേജ്. കോളേജിനു തന്നെ അക്കാലത്തു ആന്തരികവും ബാഹ്യവുമായ പ്രശ്നങ്ങൾ വളരെയുണ്ടായിരുന്നു. ഫെല്ലോഷിപ്പാംഗങ്ങൾ പ്രശ്നങ്ങൾ പ്രാർത്ഥനാ പൂർവ്വം കൈകാര്യം ചെയ്തു വന്നു. അക്കൂട്ടത്തിൽ ഏറ്റവും അധികം പ്രാർത്ഥിച്ച യോഗിവര്യനാണു കെ.സി.ചാക്കോ സാർ. അദ്ദേഹത്തിന്റെ അടുത്ത് അഞ്ചു മിനിട്ട് ശാന്തമായി കഴിച്ചുകൂട്ടാൻ ഇടയായാൽ പല പ്രശ്നങ്ങളും തെളിയും. എനിക്കു ആ ഭാഗ്യം ധാരാളം ലഭിച്ചിട്ടുണ്ട്.

മലയാളം വകുപ്പിലെ പ്രൊഫസർ ഉണ്ണി സാറും പണ്ഡിറ്റ് കുറ്റിപ്പുഴ കൃഷ്ണപിള്ള സാറും എന്നെ പ്രോത്സാഹിപ്പിച്ചിരുന്നു. അന്നു ഞാൻ നടത്തിയ കാവ്യരചനാ പരീക്ഷണങ്ങൾ കോളേജു മാസികയുടെ ലക്കങ്ങൾ തെളിയിക്കുന്നതാണ്. ഫിസിക്സ് പഠിപ്പിച്ചതു ടി. ബി. നൈനാൻസാറും ടി.ബി. തോമസ്സാറും ആണ്. തോമസ് സാറും എം.ജി. കോശിസാറും ഏതാണ്ട് എന്റെ പ്രായക്കാർ ആയിരുന്നു. അതുപോലെ K.C.ജോസഫ് ശെമ്മാശ്ശനും. അതിനാൽ ഞങ്ങളുടെ സൗഹൃദത്തിന് ഒരു സവിശേഷതയുണ്ടായിരുന്നു. ഈ സ്മരണകൾ നിർത്താൻ പ്രയാസം തോന്നുന്നു. വാർദ്ധക്യത്തിന്റെ ഈ ദൗർബല്യം കടിച്ചമർത്തിക്കൊണ്ട് ഞാൻ ഈ ഹൃദ്യവികാര പ്രകാശനം അവസാനിപ്പിക്കട്ടെ.


*Best Wishes from*

**ELTON & SONS**

**Paul Abrao & Sons Building**

**Subramanian Road,**
**Willington Island**
**Cochin - 682 003**




# ഒരു ദുരന്തത്തിന്റെ ഓർമ്മ

**ആനന്ദ്**

ഏറെ സ്നേഹിക്കുന്ന ഒന്നിനെപ്പറ്റി ആലോചിക്കുമ്പോൾ സുഖകരമായ സന്ദർഭങ്ങളുടെ മുമ്പിൽ കയറിനില്ക്കുക ദുഃഖകരമായവയായിരിക്കുമെന്നത് മനസ്സിന്റെ ഒരു സ്വഭാവവിശേഷമാണ്. മൂന്നു വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയാണ് ഞാൻ കടന്നു പോന്നിട്ടുള്ളത്: ഇരിങ്ങാലക്കുടയിലെ നാഷണൽ ഹൈസ്ക്കൂൾ, ആലുവാ യു. സി. കോളേജ്, തിരുവനന്തപുരം എഞ്ചിനീയറിങ് കോളേജ്. ഇവയിൽ എന്തുകൊണ്ടോ മനസ്സിൽ ഏറ്റവും ഇണങ്ങിനിൽക്കുന്നത് യു. സി. കോളേജാണ്. അവിടത്തെ അന്നത്തെ അധ്യാപകവൃന്ദം, ഹോസ്റ്റൽ അന്തരീക്ഷം, പുഴയും കുന്നുകളും, അവയുടെ മീതെ പെയ്യുന്ന മഴയും ഇടിയും, പള്ളികൾ, ശ്മശാനങ്ങൾ, റെയിൽവെ സ്റ്റേഷൻ ഇവയെല്ലാം കൂടി ചേർന്നുണ്ടായ ഒരു "ഇക്കോസിസ്റ്റം" ഇന്നും പച്ചയായിത്തന്നെ നിലനിൽക്കുന്നു. അതിനുശേഷം ഞാൻ പഠിച്ചു നടപ്പെട്ട എത്രയോ സിസ്റ്റങ്ങളാൽ മായ്ച്ചു കളയപ്പെടാതെ. എന്നിട്ടും യു. സി. കോളേജിനെപ്പറ്റി ആലോചിക്കുമ്പോൾ ഞാൻ ആ സ്ഥാപനം വിട്ട സാഹചര്യം മുമ്പിൽ കയറിവരുന്നു. ഞാൻ അവിടെ നിന്ന് പുറത്താക്കപ്പെടുകയാണുണ്ടായത്.

1954-ൽ ഇന്റർ മീഡിയറ്റ് പൂർത്തിയാക്കിയതിനു ശേഷം ഞാൻ B.Sc. യ്ക്കു ചേർന്നു. ഒരു ആഴ്ച വീട്ടിൽ പോയി മടങ്ങിവന്നപ്പോൾ എന്റെ റൂംമെയ്റ്റ്സ് പറഞ്ഞു എനിക്ക് മുറിയിൽ കടക്കുവാൻ അനുവാദമില്ലെന്ന് വാർഡൻ പറഞ്ഞിട്ടുണ്ടെന്ന്. ഹോസ്റ്റലിൽ നിന്നും കോളേജിൽ നിന്നും ഞാൻ പുറത്താക്കപ്പെട്ടിരുന്നു. എന്തിനെന്നും മനസ്സിലായില്ല. വാർഡനെയും അറിയാവുന്ന മറ്റ് അധ്യാപകരെയും ചെന്നു കണ്ടു. ഒരു വലിയ തെറ്റിന്റെ (അതിലേയ്ക്ക് കടക്കുന്നില്ല) മൂലമാണ് പ്രിൻസിപ്പാൾ ഈ നടപടി എടുത്തതെന്ന് എനിക്ക് മനസ്സിലായി. അത് നീക്കുവാൻ എനിക്കൊരും അവസരം തന്നില്ല. എല്ലാവരും കൈമലർത്തുകമാത്രമേ ചെയ്തുള്ളു. ഒന്നും ചെയ്യുവാ

നില്ലായിരുന്നു. സാധനങ്ങൾ എടുക്കുവാൻ വേണ്ടി മാത്രമേ മുറിയിൽ കടക്കാവൂ എന്നായിരുന്നു നിർദ്ദേശം. അതെടുത്ത് ഉടനെ സ്ഥലം വിടുക. അങ്ങനെ ഭയപ്പെട്ടു കൊണ്ടിരുന്ന ആ ജൂലായ്മാസ വൈകുന്നേരം, പെട്ടിയും കിടക്കയുമെടുത്ത്, കോളേജ് കോമ്പൗണ്ടിന്റെ ഏറ്റവും അറ്റത്ത് സ്ഥിതിചെയ്തിരുന്ന സ്കിന്നർ ഹോസ്റ്റലിൽ നിന്ന്, ഞാൻ ഒറ്റയ്ക്ക് ഇറങ്ങിപ്പോന്നു. ഭയംകൊണ്ടോ എന്തോ, ഹോസ്റ്റൽ മെയ്റ്റ്സിൽ ആരും എന്നെ ബസ്സ്റ്റോപ്പ് വരെ കൊണ്ടുവിടാൻ പോലും കൂടെ വന്നില്ല. രണ്ടു കൊല്ലത്തോളം എന്റെ സ്വന്തമായിത്തീർന്ന ഒരു ലോകത്തിൽ നിന്ന് ഞാൻ പെട്ടെന്ന് അന്യനായി.

സ്കിന്നർ ഹോസ്റ്റലിൽ നിന്ന് യു. സി. കോളേജ് ബസ് സ്റ്റോപ്പ് വരെയും ബസ് സ്റ്റോപ്പിൽ നിന്ന് റെയിൽവേ സ്റ്റേഷൻ വരെയും അവിടെ നിന്ന് ഇരിങ്ങാലക്കുടയിലെ വീടുവരെയും ഞാൻ തരണം ചെയ്ത ആ യാത്ര എന്റെ ആദ്യത്തെ കഠിനമായ ഏകാന്തയാത്രയായിരുന്നു. പിൽക്കാലത്ത് ആവർത്തിച്ചുണ്ടായ അതുപോലെ കഠിനമായ പല യാത്രകളുടേയും തുടക്കം. ഈ യാത്രയിൽ, അപ്പോഴേയ്ക്കും ഞാനറിയാതെതന്നെ എനിക്ക് അന്യമായി തീർന്ന സ്ഥാപനത്തിനോട് എനിക്കൊട്ടും സ്നേഹക്കുറവ് തോന്നിയില്ല. എന്റെ അവസ്ഥയ്ക്ക് കാരണമായ തെറ്റിദ്ധാരണയെ ഞാൻ ഒരു തെറ്റിദ്ധാരണയായിത്തന്നെ എടുത്തു. വൈകാരികതയിലേയ്ക്ക് വീഴാതെയും ഉള്ള് വികാരങ്ങൾക്ക് മുറിവേൽപ്പിക്കാതെയും ഇതൊക്കെ എങ്ങനെ സംഭവിച്ചു, അഥവാ എന്തുകൊണ്ടാണ് ഇതൊക്കെ സംഭവിക്കുന്നത് എന്ന ദുഃഖകരമായ വിസ്മയവുമായി മല്ലിട്ടുകൊണ്ട് നടക്കുകയായിരുന്നു ഞാൻ.

നാൽപ്പത്തിമൂന്നു കൊല്ലങ്ങൾക്കുശേഷം ഇന്ന് അതിനെപ്പറ്റി ആലോചിക്കുമ്പോൾ രണ്ടു കാര്യങ്ങളിൽ എനിക്ക് അത്ഭുതം തോന്നുന്നു. ഒന്ന്, എങ്ങനെ അത്തരം ദുഃഖകരമായ വിസ്മയങ്ങൾ പിന്നീട് എന്റെ ലൗകിക ജീവിതത്തിന്റെയും, സർഗ്ഗാത്മക ജീവിതത്തിന്റെയും ഒരു അവിഭാജ്യഘടകമായിത്തീർന്നുവെന്ന്. മനുഷ്യ ജീവിതത്തിൽ വന്നുപെടുന്ന ഒട്ടേറെ ദുരന്തങ്ങൾക്ക് വ്യക്തികളേയും ജനതകളേയും രാജ്യങ്ങളേയും ബാധിക്കുന്ന എല്ലാത്തരം പുറന്തൊക്കപ്പെടലുകൾക്കും "അകത്താക്കപ്പെടലു"കൾക്കും പിന്നിൽ വർത്തിക്കുന്നത് കുറെ ഔദ്ധത്യവും കുറെ തെറ്റിദ്ധാരണകളും കുറെ മറുവശം കാണുവാൻ തയ്യാറാകായ്കയും ഇനിയും കുറെ എല്ലാമറിഞ്ഞിട്ടും ചെയ്യുന്ന കൈക്കുറ്റങ്ങളുമാണെന്ന് ഞാൻ മനസ്സിലാക്കി. രണ്ട്, ഈ ദുരന്തങ്ങളുടെ ചരൽ പാമ്പുകളുടെ മീതെ, ദുരന്തോന്മുഖമായ മനസ്സിന്റെ സ്വാഭാവികതകൾക്കപ്പുറം, സ്നേഹത്തിന്റെ പച്ചപ്പ് പിന്നെയും വളരുന്നുവെന്നത്.

*With best compliments*

# SUNRISE KNITTING MILLS

**Kalivayal Thottam,**
**Kulle Goundanpudur**
**Andipalayam P.O.**
**Tirupur - 641687**

*Prof. Dr. M.V. Pylee**

# MANAGEMENT AS A CAREER

Management is as old as recorded history; quite likely, it precedes recorded events. The first managers learned early that they had great influence on society, and their efforts were rewarded handsomely. Thus when Joseph of the Old Testament anticipated famine in Egypt, the Pharaoh gave him (at the age of 30) the job of governing the royal lands. For his labours, Joseph received the Pharaoh's personal ring, a robe of silk, a chain of gold and a wife.

Throughout history, the influence of business managers on society has been constant and immense. The Phoenician traders of West Asia were called 'the torchbearers of civilization' because culture and knowledge were spread throughout the ancient world in the wake of their crafts.

The manager has been a torchbearer of civilization throughout history. He created culture, determined mores, and enjoyed the full life during his entrepreneurial odyssey. The early manager was aware of this, and perhaps the apex of managerial participation in cultural, civic, social and business life was during the Italian Renaissance. The Medici were the most outstanding of these socially minded businessmen.

At the time India became independent in 1947, few understood the meaning of the term management as we understand it today. That is why the high-power Commission on Education appointed by the Government of India with Dr. S.Radhakrishnan as Chairman to make a comprehensive study of the various aspects of the educational system that existed in the country and make recommendations for modification and improvement, had hardly anything to say on management or management education. In fact, the term 'management education ' was hardly known to the country. The term approximately corresponding to it at that time was 'commerce education' and that too was available only in a few Indian universities.

The first serious endeavour to develop a programme of management education in India was made when in 1954 the All India Council for Technical Education set up a Board of Management Studies for facilitating coordinated development of management education in the country and ensuring proper standards in respect of courses of study, examinations and related matters, in the field. The Board consisting of twenty members was fully representative of the various interests concerned, viz., industry and commerce, universities, technical institutions, professional organisations and government. On the recommendations of the Board, for the first time, a programme of management education was initiated by 1955 in four selected centres in the country. These centres were located in Bombay, Calcutta, Madras and Delhi and they were placed under the jurisdiction of the respective universities in these cities.

* *Formerly, Vice-Chancellor of the Cochin University of Science and Technology (CUSAT). Director General, Asian Institute of Development & Entrepreneurship*

It is important to recognize that adequate remuneration, commensurate with earning capacities of similarly educated personnel in the surrounding communities, is essential to retain high quality personnel. There should be opportunities for merit-based advancements in ranks and in earning of academic staff, in addition to experience based advancements. There should also be opportunities to take responsibilities, beyond mere teaching and examining. Academic staff should have opportunities to participate in the total life of an institution.

Evaluation of the performance of teaching staff on a regular basis is absolutely essential if performance-based rewards are to be given. Such evaluations should include superiors, peers and even students. They should be carried out in a fair and open manner. This requires a clear definition of the workload and statement of expectations. Unfortunately, the worked of teaching staff is often left poorly explained.

Periodic workload studies should answer questions such as the following. Are members of the teaching staff dividing their time in a way that is consistent with the general mission of the institution? Is there inappropriate emphasis in areas that are inconsistent or dysfunctional to the institution's mission? Is there a balance of activities among teaching, evaluation and research ? Are workloads at different ranks appropriate and consistent with institutional goals ?

### *Financing of Higher Education*

The financing of higher education is a matter of continuing concern and public debate everywhere. Deciding who pays for what and how much is an important public policy issue. Traditionally in the Indian context, ninety to ninety-five percent of the cost has been met from the public purse. In a country where free and compulsory education up to the age of sixteen is not available to all, nearly free education at college and university level can hardly be justified. It is incredulous to find, that despite the enormous increase in costs, fees paid by students have remained nearly the same over the last four decades.

It is the well-to-do who normally continue with education at the tertiary level. How does one justify subsidizing the education of the wealthy, while depriving elementary and secondary education to the weaker section of the society ? Is it justifiable to continue this policy in the changed-economic conditions? Only a small fraction of the seventeen to twenty-four year olds attend universities and the majority of them come from economically well - to-do families. Is selective subsidy or scholarship to the economically needy and meritorious not a better policy?

Many arguments can be made to increase the student's share of the cost of higher education. People value what they pay for and not what they get free. They are likely to pay more attention to the relevance and quality of their education. Inevitably, students would demand to be involved in the administration of institutions. Experience shows that such involvement is an excellent preparation for students to become leaders of tomorrow.

For informed debate to take place, much more information on the financial operations of institutions should be made public, than is now. It is important to know how much it costs to produce a graduate. Such data would lead to further questions about the efficiency of the operation of institutions. Justice Punnayya Committee of the UGC[3], addressed this issue in its 1993 report.

In the context of teaching and learning, what is efficiency? It is a question that should be debated. Many would be uncomfortable with a discussion of efficiency of educational institutions. Properly understood, a search for efficiency need not present any threat to academic values or the traditional functions of colleges and universities, since it would only be a search for the most effective ways of carrying out those functions with a minimum of waste and confusion. This question turns out to be one of the most difficult ones to answer. The reason lies in the fact that the mandates of colleges and universities include, teaching, research and public service. Objectives and mandates vary from one institution to another. Different types of graduates cost different amounts. Allocating expenditures to different functions and different levels of education should be done on the basis of set targets. This is seldom done. In the absence of a clearly stated allocation to the different aspects of a college or universities operation, a study of expenditures on functional lines should be undertaken.

Such evaluation of costs is very essential for several reasons. First and foremost, its dissemination is a form of public accountability. It is important to compare the costs at different institutions and understand what contributes to efficiency. There is a correlation between resources made available and the quality of education provided. It is important in deciding what portion of the cost should be borne by different constituents. Full cost accountings, including depreciation of capital assets, is seldom undertaken in colleges and universities. Managing just the operating expenses usually is the main concern.

### *Institutional Autonomy*

In a poignant article published in the Indian Express of 29 December 1995, Prof. M.V.Pylee[4] argued the case for autonomous colleges. Kothari Commission recommended autonomy to colleges and the National Policy of Education (1986 & 1992) endorsed it. It is disappointing to learn that hardly any institution in Kerala has become an autonomous college.

The Union Christian College was a preeminent institution in Kerala before and after Indian independence. As an autonomous and rejuvenated institution, it has the potential to become an outstanding college at the national level. With its long history, traditions, physical resources and the vast number of successful and loyal alumni, the college has a better chance of attaining such a status than many other institutions in Kerala. However, this potential will be realised only if a new vision is developed.

The original mission of the college, set by its founders in a different era has been more than fulfilled. In setting new goals, the mission should be restated. Along with a renewed mission statement, issues of governance and the roles of administrators, academic and support staff, students and alumni and other stakeholders should be examined.

The best educational institutions in the world are participatory democracies. All the stakeholders, owners of the institutions, staff, students, employers and funding agencies should all participate in the governance of colleges and universities. Who are the real owners of institutions of higher learning ? I would consider all the stakeholders, including the alumni, as real owners. Statutory responsibilities often rest with government departments and day to day affairs with the "management". It is important to examine whether the board of directors (or governors) reflects a proper balance among all the stakeholders.

The bicameral system of governance, developed in North America, is eminently adaptable to autonomous colleges and universities. In this, the governance of the institution is shared by a Board of

24 students would be a feasible proposition. The amount included the expenditure for the building too. A similar offer was made to the Botany department too. I accepted the challenge and encouraged Prof. T.C. Joseph, Head of the Botany Department also to do so. I pointed out to Prof. Joseph that the courses will not get started by the management unless we take courage in our hands to start these. I revealed my ideas about Chemistry to Principal Mathew in confidence. He was happy. There were a few rooms in the main building remaining closed permanently for want of light and ventilation. I requested for these rooms for the Chemistry Department for a consideration of Rs. 2/- sq.ft. This was the rate at which the cost of the new Library building constructed under Prof. T.B. Ninan's direct supervision worked out. The liability of the Chemistry Department on this account came to a little more than Rs. 17,000/- I offered to round it off to Rs. 18,000/-. The offer was accepted. I got a month's time to get the rooms ready, lay the pipelines for gas, water and suction, make the work tables, to get the necessary equipment etc. God was with me!

I was not a believer in detention at any level. Even the first batch presented for the University Examination produced the rank holder and some first classes. The Chemistry results were uniformly good. Very often the rank holder was from the U.C. College. We had always the largest number of first classes in the University. Rarely did anyone fail. I retired from the U.C. College on the 31st of May 1962.

May the U.C. College continue to send forth from its portals ambassadors of culture and of everything that is good for the progress of our great Bharathamatha!


* IFB
* DAEWOO
* VIDEOCON
* WHIRL POOL

*Washing Machines.*

**KURUVITHADAM AGENCIES (P) LTD.**

LOURDE CENTRE
ALUVA
Phone: 625372


*Mrs. K.C. Joseph* *



# THE YEARS IN ALWAYE

## (1942-1960)

The 'Alwaye College', as I knew it in the nineteen-forties and fifties was, in many ways, a unique institution. Parents of youngsters from different parts of the state wished to send them there in their impressionable years because they believed that the Christian character of the institution and its high academic standards would stand them in good stead in later life.

The buildings that dotted the College campus were not architectural marvels. There was no running water supply in the bathrooms and most students went to the nearby Periyar river to bathe. Those in a hurry got used to the idea of drawing water up from the nearby well for morning ablutions.

The Senior Wardens and the resident wardens took their responsibilities for the students seriously. At 7.30 in the evening they greeted the students at the door of their rooms for an informal roll-call after which, the Christian students followed the wardens to the hostel prayer room for evening prayers. The singing of the hymns left much to be desired and KCJ used to say he was glad God was not as particular about the tune as I was! If a student was ill and could not eat the food in the mess, the hostel boy would tell us and we would send over some Podiyari Kanji.

The Assembly Hall, at that time was not fully enclosed and crows would 'caw-caw' while classes were going on. It was a nightmare for a young, inexperienced teacher but a boon to one type of student who hissed 'shoo-shoo' and giggled.

The small unpretentious staff-room was used by the members of the staff to rest in and occasionally to snooze when they had free periods. Among them were some remarkable men. Limitations of space permit me to mention only a few.

* *Formerly on the faculty of English. Wife of (late) Rev. K.C. Joseph.*

A complete
ayurvedic
bath




Medimix

The soap
that cares


പ്രൊഫ. സി. ജി. വർഗ്ഗീസ് •

# കളിസ്ഥലങ്ങളിലെ മായാത്ത ഓർമ്മകൾ

ഞാൻ യു. സി. കോളേജിലെ പൂർവ്വ വിദ്യാർത്ഥിയാണ്. അതുപോലെ 26 വർഷക്കാലം ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പിൽ അദ്ധ്യാപകനായി ജോലിചെയ്യാനുള്ള ഭാഗ്യവും എനിക്കു ലഭിച്ചു. എന്തെല്ലാം നേട്ടങ്ങളാണ് എനിക്ക് യു. സി. കോളേജിൽ നിന്ന് ലഭിച്ചത്! പല കളികളുടെയും skills പഠിച്ചു. കോളേജ് ഗ്രൗണ്ടിൽ ധാരാളം സമയം ചെലവഴിച്ചു. ഞാൻ എന്തെങ്കിലും ഇപ്പോൾ ആയിട്ടുണ്ടോ അതെല്ലാം എനിക്ക് ലഭിച്ചത് യു. സി. കോളേജിലെ ക്ലാസുമുറികളിൽ നിന്നും ഹോസ്റ്റലിൽ നിന്നും കളിസ്ഥലത്തുനിന്നുമാണ് എന്ന് അഭിമാനപൂർവ്വം ഞാൻ ഓർക്കുന്നു.

1959 ലാണ് ഞാൻ യു. സി. കോളേജിന്റെ പടികൾ കയറിയത്. അന്ന് പ്രിൻസിപ്പൽ ടി.ബി. തോമസ് സാറായിരുന്നു. എനിക്ക് അഡ്മിഷൻ വേണ്ടത് ബോട്ടണിയിലായിരുന്നു. ജൂൺമാസം അവസാനത്തോടെ ഞാൻ കോളേജിൽ വിദ്യാർത്ഥിയായി. എനിക്കനുവദിച്ചത് ചാക്കോ ഹോസ്റ്റലായിരുന്നു. ടി.ബി.തോമസ് സാർ പറഞ്ഞു "ഹോസ്റ്റൽ ബോയിയെ കാണു" എന്നിട്ടു കൂട്ടിച്ചേർത്തു "ബോയ്" അല്ല പ്രായമുള്ളയാളാണ്". അങ്ങനെ 42-ാം മുറിയിൽ അന്തേവാസിയായി, സഹമുറിയൻ 'ടിപ്പു'. എം. വി. കുരുൻ സാർ, കെ. പി. മാത്യുസാർ എന്നീ വാർഡൻമാർ, വി. കെ. അലക്സാണ്ടർ സാർ നോൺ റസിഡന്റ് വാർഡൻ. മൂന്നു വർഷക്കാലം ചാക്കോ ഹോസ്റ്റലിൽ താമസം. ഹോസ്റ്റലിലുണ്ടായിരുന്ന എല്ലാവർക്കും കളിപ്പേരുകൾ ഉണ്ടായിരുന്നു. കാള, കഴുത, മരപ്പട്ടി, കുറുക്കൻ എന്നിങ്ങനെ. എനിക്കും കിട്ടി ഒരു പേര്, 'കരടി'

മൂന്നുവർഷത്തെ ചാക്കോ ജീവിതത്തിൽ മറക്കാനാവാത്ത വ്യക്തികൾ ഉണ്ട്. പൈലി അച്ചൻ (പിന്നീട് ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജ് പ്രിൻസിപ്പൽ), യശവന്ത്റാവു (പിന്നീട് ഐ. എ. എസുകാരനായി), ജോർജ്ജ് ജോസഫ് (പിന്നീട് I.S.R.O.യിലെ ശാസ്ത്രജ്ഞൻ) ഇവരൊക്കെ വാർഡൻമാരായിരുന്നു. എന്റെ ആത്മീയജീവിതത്തിന് പ്രചോദനം നല്കിയത് പൈലിയച്ചനായിരുന്നു. അച്ചന്റെ പ്ലാവിലെ ചക്കയുടെ രുചി ആദ്യം അറിയുന്നത് ചാക്കോനിവാസികളായിരിക്കും. കളിയിൽ കൂടുതൽ ശ്രദ്ധിച്ചതുകൊണ്ട് പഠനത്തിൽ ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. ക്ലാസിൽ അദ്ധ്യാപകർ ക്ലാസ്സ് എടുക്കുമ്പോൾ എന്റെ മനസ്സ് കളിക്കളത്തിൽ സഞ്ചരിക്കുകയായിരിക്കും. പഠനം കഴിഞ്ഞ് ഒരു മൂന്നാം ക്ലാസ്സ് ബിരുദധാരിയായി പുറത്തുപോകേണ്ടിവന്നപ്പോഴും ഞാൻ ഒട്ടും നിരാശനായില്ല. അത്രയധികം നേട്ടങ്ങൾ എനിക്ക് കോളേജിൽ നിന്നും പരിസരങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട്.

ഹോസ്റ്റൽ പ്രാർത്ഥനകൾ, കോളേജു ചാപ്പലിലെ ആരാധന, ബൈബിൾ സർക്കിൾ, ധ്യാനയോഗങ്ങൾ ഇവയെല്ലാം എന്റെ ആത്മീയ ജീവിതത്തെ കുറച്ചൊന്നുമല്ല സഹായിച്ചത്. ബഞ്ചമിൻ സാറിന്റെ വേദപഠന ക്ലാസുകൾ മനുജീവം തന്നെയായിരുന്നു.

ചാക്കോഹോസ്റ്റൽ സീനിയർ ഹോസ്റ്റൽ ആയിരുന്നതു കൊണ്ട് എല്ലാ കളികൾക്കും നല്ല ടീമുകൾ ഉണ്ടായിരുന്നു. ആൻഡ്രൂസ് സാറിന്റെ നിർബ്ബന്ധിത കായിക പരിശീലനം ടീം നിർമ്മാണത്തെ സഹായിച്ചു. ഒന്നാം വർഷ വിദ്യാർത്ഥിയായ ഞാൻ സാറിന്റെ മുന്നിൽ ചെന്നു. "Which game do you like?" സാറിന്റെ ചോദ്യം "Foot ball" എന്റെ മറുപടി 'No you play Hockey' എന്ന് സാറിന്റെ നിർദ്ദേശം. അന്നുതൊട്ട് ഞാൻ ഹോക്കി കളിക്കാരനായി. ആൻഡ്രൂസ് സാർ കളിക്കളത്തിൽ കർശനക്കാരനായി

• ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പ് മുൻ മേധാവി

രുന്നു. യൂണിഫോം ഇല്ലാതെ കളിക്കളത്തിൽ ഇറങ്ങുക, ഗ്രൗണ്ടിലെ പുല്ല് കടന്ന് കുറുകെ നടക്കുക, ഇതൊക്കെ ആൻഡ്രൂസ് സാറിനു സഹിക്കില്ല. ഫൈൻ നിശ്ചയം.

മൂന്ന് വർഷം കൊണ്ട് മിക്കവാറും കളികൾ വശമാക്കി. ഫുട്ബോളിൽ യൂണിവേഴ്സിറ്റി നിലവാരം വരെ എത്തി. എൻ.വി.ചെറിയാച്ചൻ പലപ്പോഴും കളിയെ പറ്റിയുള്ള പല പാഠങ്ങളും പഠിപ്പിച്ചു തന്നു. 1960–61ൽ ഫുട്ബോൾ ക്യാപ്റ്റനായി. ആൻഡ്രൂസ് സാറിനോടൊത്ത് വെല്ലൂർ, മദ്രാസ്, ബാംഗ്ളൂർ, മൈസൂർ, ഊട്ടി എന്നിവിടങ്ങളിൽ കളിക്കാനായി സഞ്ചരിച്ചു. സാറിന്റെ കൂടെ യാത്ര ചെയ്യുമ്പോൾ ഉള്ള അനുഭവങ്ങൾ രസകരമാണ്. യാത്രയ്ക്കിടയിൽ കാപ്പികുടിക്കാനായി നല്ല ഹോട്ടലിൽ കയറും. 'നിങ്ങൾക്കെന്തുവേണം?' ആൻഡ്രൂസ് സാർ ചോദിക്കും. വലിയ കാര്യങ്ങളൊക്കെ ഞങ്ങൾ പറയും. സാർ സപ്ലൈയറുടെ കാതിൽ എന്തോ മന്ത്രിക്കും. ഞങ്ങൾക്ക് സ്ഥിരം കിട്ടാറുള്ള പരിപ്പുവടയോ പഴമോ കിട്ടുകയും ചെയ്യും. ഇന്റർ കോളേജിയേറ്റുള്ള കളി കഴിഞ്ഞ് ഹോസ്റ്റലിലേയ്ക്കു മടങ്ങി വരുമ്പോൾ, നിലാവുള്ള രാത്രികളിൽ അല്പസമയം ഫുട്ബോൾ കളിക്കുന്നതിന് വിനിയോഗിച്ചിരുന്നു.

1964–ൽ മദ്രാസ് വൈ.എം.സി.എ. ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിൽ ചേരാൻ നിശ്ചയിച്ചു. ആൻഡ്രൂസ് സാറിനും വളരെ ഇഷ്ടമായി. പാസ്സായതിനുശേഷം 1967–ൽ ആൻഡ്രൂസ് സാറിന്റെ പിൻഗാമിയായി പഠിച്ച കോളേജിൽ തന്നെ അദ്ധ്യാപകനായി വരാനുള്ള ഭാഗ്യവും എനിക്കുണ്ടായി.

അദ്ധ്യാപകനായിരിക്കുമ്പോൾ വിദ്യാർത്ഥികളുടെ സ്നേഹത്തിന്റെ ആഴം ഞാൻ മനസ്സിലാക്കി. മഹാ 'ശല്യക്കാർ' എന്നു മുദ്രയടിച്ചവർ പോലും കോളേജിൽ നിന്നും പുറത്തിറങ്ങിയാൽ കോളേജിനോടും അദ്ധ്യാപകരോടും സ്നേഹം പുലർത്തുന്നവരാണ്. ഞാൻ നടന്നുപോകുമ്പോൾ കാറ് നിർത്തി ലോഹ്യം ചോദിക്കുന്ന എന്റെ വിദ്യാർത്ഥികൾ എന്നിൽ സന്തോഷം ഉളവാക്കുന്നു. ഞാൻ ശിക്ഷിച്ച വിദ്യാർത്ഥികൾ പോലും പിൽക്കാലത്ത് എന്നോട് സ്നേഹം കാട്ടുന്നു.

ഞാൻ ഓർമ്മിക്കുന്ന ഒരു സംഭവം ഉണ്ട്. പ്രീഡിഗ്രിയ്ക്കു പഠിച്ച ശേഷം പുറത്തു പോയ ഒരു കുട്ടിയെ കണ്ടുമുട്ടി ആ കുട്ടിയോട് ലോഹ്യം പറഞ്ഞപ്പോൾ 'സാറിനോട് എനിക്ക് ഒരു പഴയ കടം ഉണ്ട്' എന്നു പറഞ്ഞു. 'സാറിൽ നിന്നും ഞാൻ അഞ്ചു രൂപാ കടം വാങ്ങിയിരുന്നു. അതു മടക്കി തരാൻ സാധിച്ചില്ല' എനിക്ക് ഞാൻ കൊടുത്ത കാര്യം ഓർമ്മിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് സ്പോർട്സ് വെൽഫെയർ ഫണ്ടിലേക്ക് സംഭാവന ചെയ്യാൻ ഞാൻ പറഞ്ഞു. സന്തോഷത്തോടെ അയാൾ അതു ചെയ്യുകയും ചെയ്തു.

ഒരു ഫെലോഷിപ്പ് അംഗം എന്ന നിലയിൽ എനിയ്ക്ക് അഭിമാനം ഉണ്ട്. പല പ്രിൻസിപ്പൽമാരുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിന് എനിക്ക് സാധിച്ചു. ചിലരുമായി അഭിപ്രായവ്യത്യാസം ഉണ്ടായെങ്കിലും വ്യക്തിബന്ധത്തിന് ഒരു ഉലച്ചിലും ഉണ്ടായില്ല. അകാലത്തിൽ മരണത്തെ പുൽകിയ ഡോ. കെ. കുരുവിള, പ്രൊഫ. അബ്ദുൽ കരീം എന്നിവരെ ഓർക്കാതിരിക്കാൻ വയ്യ. കളികളിൽ അവർക്കുണ്ടായിരുന്ന ഉൽസാഹവും കളിക്കളങ്ങളിൽ അവർ നൽകിയിരുന്ന സഹായവും ഞാൻ എന്നും ഓർമ്മിക്കും.

മനോരമട്രോഫി ടൂർണമെന്റിന്റെ നടത്തിപ്പ് രസം തന്നെയായിരുന്നു. ഒരുത്സവം പോലെയായിരുന്നു ആ മത്സര ദിനങ്ങൾ. സ്പോർട്സിനു വേണ്ടി എനിക്കു ചെയ്യാൻ സാധിച്ച ചില കാര്യങ്ങളെ ഞാൻ വിനയപൂർവ്വം ഓർമ്മിക്കുന്നു. ബെസ്റ്റ് അത്‌ലറ്റിന്റെ പേരു കുറിക്കുന്ന ലൈബ്രറിയിലെ ബോർഡ്, സി.പി. ആൻഡ്രൂസ് സ്റ്റേഡിയത്തിന്റെ പൂർത്തീകരണം, കായികവിഭാഗത്തിന്റെ സ്ഥിരം ഡിപ്പാർട്ടുമെന്റ് മുറി, ഫുട്ബോൾ ഹോക്കി ഫീൽഡുകളുടെ വിപുലീകരണം, വനിതാ ഹോക്കി ഹോസ്റ്റലിന്റെ സ്ഥാപനം, മൾട്ടി ജിം ഇവയ്ക്കൊക്കെ നേതൃത്വം വഹിക്കാൻ സാധിച്ചത് വലിയ ഭാഗ്യമായി ഞാൻ കരുതുന്നു.

എന്റെ പ്രവർത്തനകാലത്തെപ്പറ്റി ഓർമ്മിക്കുമ്പോൾ മറക്കാനാവാത്ത ചില വ്യക്തികളുണ്ട്; കളികളിൽ അതീവ താല്പര്യം പുലർത്തിയിരുന്ന ബേബി സാർ, കുര്യൻ സാർ, വാർഷിക സ്പോർട്ടിസിൽ സ്ഥിരം വിധികർത്താവായിരുന്ന കെ.പി. മാത്യു സാർ, തന്റെ ഗംഭീര സ്വരം കൊണ്ട് എല്ലാ അനൗൺസ്മെന്റുകളും അവിസ്മരണീയമാക്കിയ മാധവൻ കുട്ടിസാർ എന്നിങ്ങനെ.

എന്നെ ഞാനാക്കിയത് യു. സി. കോളേജാണ്. പ്രത്യേകിച്ച് അതിലെ കളിസ്ഥലങ്ങളാണ്. പിന്നെ അവിടത്തെ അന്തരീക്ഷവും. പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന എന്റെ ആത്മമാതാവിന്റെ മുമ്പിൽ എന്റെ പ്രണാമം. ●



പ്രൊഫ. പി.വി. നാരായണൻ നമ്പൂതിരി *

# “ഉത്തമപുത്രാ: ഭൂയോഭവന്തു!”

1970 ആഗസ്റ്റ് 5–ാം തിയതിയാണ് ഞാൻ യു.സി. കോളേജിൽ അദ്ധ്യാപനം ആരംഭിച്ചത്. 97 സെപ്തംബർ 30–ാം തീയതി അത് അവസാനിപ്പിച്ചു. 27 കൊല്ലത്തെ നീണ്ട കാലഘട്ടം! ഒട്ടേറെ ഓർമ്മകൾ !

ഞാൻ ആദ്യമായി പങ്കെടുത്ത സ്റ്റാഫ് അസോസിയേഷന്റെ യോഗത്തിലെ മുഖ്യ ചർച്ചാവിഷയം ഇതായിരുന്നു: 'കോളേജ് കാമ്പസ്സിൽ വച്ച് വിദ്യാർത്ഥികൾ മുണ്ടു മടക്കിക്കുത്തുന്നു. ഇത് എങ്ങനെ തടയാം?' ചിരകാല സങ്കല്പിതമായ മൂല്യങ്ങൾ തകർന്നുപോകുന്നതിൽ ഉത്കണ്ഠ പൂണ്ടവരാണ് ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചത്. എല്ലാവരും പ്രായം ചെന്നവർ. നിഗമനത്തിൽ എത്താതെ ചർച്ച അവസാനിച്ചു. അക്കാലത്ത് അദ്ധ്യാപകർ കോളേജ് കാമ്പസ്സിൽ വച്ച് സിഗററ്റ് വലിക്കാറില്ലായിരുന്നു. ഇന്ന് ഇതൊന്നും ചിന്താവിഷയമേ അല്ല.

1970 മുതൽ 75 വരെ കോളേജ് അന്തരീക്ഷം ശബ്ദായമാനമായിരുന്നു. മാനേജ്മെന്റിന് എതിരെ ശബ്ദിക്കുന്ന അദ്ധ്യാപകർ, അദ്ധ്യാപകരെ അനുസരിക്കാത്ത വിദ്യാർത്ഥികൾ – ഇതായിരുന്നു ആ കാലത്തെ സ്ഥിതി. 75 ൽ 'അടിയന്തിരാവസ്ഥ' പ്രഖ്യാപിക്കപ്പെട്ടതോടെ എല്ലാ ശബ്ദവും നിലച്ചു. Parity ക്കു വേണ്ടിയും direct payment നു വേണ്ടിയും അദ്ധ്യാപകർ സമരം ചെയ്തു. അക്കാലത്തെ എല്ലാ സമരങ്ങളിലും ഞാൻ പങ്കെടുത്തു. അത് ഓർക്കുമ്പോൾ ഇന്ന് എനിക്കു കൗതുകം തോന്നുന്നു.

കഴിഞ്ഞ 27 കൊല്ലത്തിനിടയിൽ 7 പേർ പ്രിൻസിപ്പൽ കസേരയിൽ ഇരുന്നിട്ടുണ്ട്. പല വ്യക്തികൾ മാനേജരുടെ ജോലി ചെയ്തിട്ടുണ്ട്. ഏതൊന്നു ലക്ഷ്യമാക്കിയാണോ 75 കൊല്ലം മുമ്പ് ഈ കോളേജ് സ്ഥാപിക്കപ്പെട്ടത് ആ ആദർശം അഥവാ ആദർശങ്ങൾ ഇന്നു നിറവേറുന്നുണ്ടോ? കോളേജ് കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ചിരുന്ന് സ്വയം ചിന്തിക്കേണ്ടതാണ് ഈ വിഷയം. 70 -കളെ അപേക്ഷിച്ച് വളരെയേറെ ശാന്തമാണ് ഇന്ന് കോളേജ് അന്തരീക്ഷം. അദ്ധ്യാപകരെ ആദരിക്കുന്ന വിദ്യാർത്ഥികൾ; പ്രശാന്തമായ ക്ലാസുകൾ.

പ്രഗത്ഭരായ എത്രയോ അദ്ധ്യാപകരെ ഈ കാലഘട്ടത്തിൽ സ്മരിക്കേണ്ടതായുണ്ട്. പല വിഷയങ്ങളിൽ പ്രാഗല്ഭ്യം തെളിയിച്ച പല വിദ്യാർത്ഥികളും ഓർമ്മയിലേയ്ക്കു കടന്നുവരുന്നു.

കഴിഞ്ഞ 27 കൊല്ലത്തോളം എന്നോട് സൗഹൃദത്തോടെ മാത്രം പെരുമാറിപ്പോന്ന ഈ കോളേജിലെ എല്ലാ സ്റ്റാഫ് അംഗങ്ങളോടും ഈ അവസരത്തിൽ ഞാൻ യാത്ര ചോദിക്കുന്നു. 75 വയസ്സ് തികഞ്ഞ കോളേജിന് ഇനിയും ഉത്തമ സന്താനങ്ങൾ പിറക്കട്ടെ – ഞാൻ പ്രാർത്ഥിക്കുന്നു. ●

* പ്രൊഫ.പി.വി. നാരായണൻ നമ്പൂതിരി മലയാളവിഭാഗത്തിൽനിന്ന് 1997–ൽവിരമിച്ചു

*With best compliments of*

DARRAGH SMAIL & CO. (INDIA) PVT. LTD.

POST BOX No. 522, WILLINGDON ISLAND, COCHIN 682 003

AGENTS FOR NEDLLOYD LINES, ROTTERDAM
ALSO LICENSED CUSTOM HOUSE AGENTS

TELEPHONE NOS: 667461, 667462, 667696
666329.

TELEX : 8856227 DARA IN
FACSIMILE : 00-91-484-668263
GRAMS : "NEDDARRAGH"

ISO 9001 CERTIFIED COMPANY

# TELK

## YOUR PARTNER IN POWER

- Transforming the Powerscape of the Nation for over three decades, in technical & equity collaboration with M/s. HITACHI LTD., Tokyo, Japan.
- Unmatched expertise and excellent track record in Power Transformers and Substation Equipments in the range of 66 KV TO 400 KV.
- Undertakes Turnkey Contract for EHV substations ensuring total service to Customer.
- Leading Exporter of Power Transformers and Switchgears to many Overseas markets in Africa, Asia, the Middle East and South Asian Countries.

## OUR PRIORITIES:

- **Prompt Delivery**
- **Excellent Service to Customer**
- **Highest Quality Standards**
- **Competitive pricing.**

IRQS RvC
ISO 9001 EN ISO 9001
APPROVED BY IRQS

## TRANSFORMERS AND ELECTRICALS KERALA LTD.

(A Government of Kerala Undertaking)
(In collaboration with M/s. HITACHI LTD., Tokyo, Japan)

Angamaly South P.O., Ernakulam District, Kerala, India.
Grams: "TELK ANGAMALLY"
Phone: 452363, 452251, 452252, 452253.
Telex: 0885 6278 TELK IN Fax : 0484- 452873
Regional Offices at New Delhi, Bombay, Calcutta & Madras.

ചെമ്മനം ചാക്കോ

## ശിക്ഷ

1

ഗൃഹപാഠങ്ങൾ ചെയ്യുമെൻ മകൻ നിജോത്സാഹ-
ശീലനായെടുത്തെത്തിയമ്മയോടു ചോദിക്കുന്നു:-
"പറയു സ്വരാക്ഷരത്തിൽ തുടങ്ങുന്നോ രെഴു -
പദങ്ങളപ്പാ, നാളെ യെഴുതിക്കൊടുക്കാഞ്ഞാൽ
ബെഞ്ചിന്റെ മേളിൽ കേറ്റി നിർത്തിടും സാറല്ലെങ്കിൽ
സമ്മിയും തൃക്കിപ്പോരാമെനിക്കു ചെല്ലുമ്പോഴേ!"

2

കേരള രാഷ്ട്രീയത്തിൻ പാവയായ് വിദ്യാഭ്യാ-
സജീവിതം ഹോമിച്ചോരു ഞാൻ കുറ്റബോധത്തോടും,
ചൊല്ലിനേ, നിറവുകേടിന്റെ കൂരിരുൾ തപ്പി-
ത്തെല്ലുമെൻ ഹൃദയത്തിലുയർന്ന നാണത്തോടും:-
"ഏതു ചോദിച്ചു മോനേ, സ്വരത്തിൽ തുടങ്ങുന്നോ -
രേഴു വാക്കുകളോ? ചൊൽകെന്താണീ സ്വരാക്ഷരം?"

3

"അറിയില്ലയ്യയ്യോ; സ്വരങ്ങൾ അ, ആ, ഇ,ഈ....;
തിരുത്തണമൊന്നച്ഛൻ; വ്യഞ്ജനം ക,ഖ,ഗ,ഘ....
ബോധമൊന്നു മുറ്റത്തേ, കൊണ്ടിടു ചൊല്ലും വരേ -
യ്ക്കച്ഛനു വാ, അച്ഛൻ കേറി നിൽക്കട്ടെ ബെഞ്ചിൻ മേളിൽ!"



# ഒരു വിടവാങ്ങൽ സന്ദേശം*

യൂ.സി.കോളേജ്

23-6-76

സ്നേഹമുള്ള അദ്ധ്യാപകരേ, അനദ്ധ്യാപകരേ,
വിദ്യാർത്ഥികളേ, വിദ്യാർത്ഥിനികളേ,

1927ൽ ഈ കോളേജിലെ ഒരു ജീവനക്കാരനായി തീർന്ന ഞാൻ 1976 ജൂൺ 30-നു യാത്രയാവുകയാണ്. ഏല്പിക്കപ്പെട്ട ജോലികൾ [illegible] ആത്മാർത്ഥതയോടെ നിർവ്വഹിക്കാൻ ശ്രദ്ധിച്ചിട്ടുണ്ടെന്ന കാര്യത്തിൽ എനിക്ക് കൃതാർത്ഥതയും അഭിമാനവുമുണ്ട്. ഇവിടെ വന്നു പോയവരും ഇപ്പോഴുള്ളവരും ആയ വിദ്യാർത്ഥികളും, അദ്ധ്യാപകരും, അനദ്ധ്യാപകരും എന്നോട് എന്നും അവരുടെ സ്നേഹ വാത്സല്യങ്ങൾ കാണിച്ചിട്ടുണ്ട്. അവരോടെല്ലാം എനിക്ക് അതിയായ നന്ദിയുണ്ട്. എന്നോടു കാണിച്ച, മറ്റുള്ളവർ കാണിക്കുന്ന വികാരങ്ങൾക്ക് ആത്മാർത്ഥമായ പ്രവർത്തനമാണ് പ്രതിഫലം നല്കാൻ എന്റെ കൈവശമുണ്ടായിരുന്നത്; ഉള്ളത്. അതിൽ നിങ്ങളെല്ലാം തൃപ്തരാണെന്നു സമാധാനിക്കട്ടെ.

അവസാനിപ്പിക്കുന്നതിനുമുമ്പ് ഒരു വാക്കു കൂടി. മഹത്തായ ആദർശ ലക്ഷ്യങ്ങളോടെയാണ് ഈ കലാലയം സ്ഥാപിക്കപ്പെട്ടത്. സമത്വ സുന്ദരമായ ഒരന്തരീക്ഷം ഇവിടെ വിഭാവനം ചെയ്യപ്പെട്ടിരുന്നു. തന്റേതായ ജോലികളിൽ നിരന്തര താല്പര്യം – അതായിരുന്നു ഇവിടത്തെ അദ്ധ്യാപകനും വിദ്യാർത്ഥിക്കും, അനദ്ധ്യാപകനും ഉണ്ടായിരിക്കേണ്ട യോഗ്യത. മാറിവന്ന സാഹചര്യങ്ങൾ ആ ആദർശ ലക്ഷ്യങ്ങൾക്ക് മങ്ങലും പോറലുമേല്പിച്ചിട്ടുണ്ട്. എങ്കിലും മറ്റു പല സ്ഥാപനങ്ങളെക്കാളും മെച്ചപ്പെട്ട നിലയിലാണ് നാമിന്നും. അതു കൂടുതൽ നന്നാക്കി, ആദ്യ കാലത്തെ ഭാവനയിലുള്ള അന്തരീക്ഷം ഉളവാക്കി, നിലനിർത്താൻ എല്ലാവരും ആത്മാർത്ഥമായി പ്രവർത്തിക്കണമെന്ന് ഞാൻ ഈയവസരത്തിൽ അഭ്യർത്ഥിച്ചുകൊള്ളട്ടെ.

എല്ലാവർക്കും നന്ദി.
സ്നേഹാദരങ്ങളോടെ,
എ. അബ്രു.

* അമ്പതാണ്ടുകാലത്തോളം യൂ.സി. കോളേജിന്റെ ഭാഗമായിരുന്ന ശ്രീ. അബ്രു ഔദ്യോഗിക ജീവിതത്തിൽ നിന്നു വിരമിച്ച അവസരത്തിൽ അച്ചടിച്ചു വിതരണം ചെയ്ത കുറിപ്പ്.

എൻ. പീറ്റർ ജോൺ. B.A, B.Ed *

# കൂടെയുണ്ടീശൻ നിത്യം



ജീവിതം പൂമെത്തയല്ലിന്നി മനുജന്മാർ
ജീവിതത്തിനായിത്ര വെമ്പലോടുഴലുന്നു ?
നിസ്സഹായനാം മർത്ത്യനീശനെക്കൂടാതല്ലോ
നിത്യവും ശ്രമിക്കുന്നു സൗഭാഗ്യസംലബ്ധിക്കായ്
നിത്യനാം ദൈവത്തിന്റെ പാണികൾ മാത്രം
പോരും
നിത്യമാം സൗഭാഗ്യത്തെ നല്കുവാനനാരതം.
ജീവിതം പലപ്പോഴും തിട്ടിലും ഭയങ്കരം
ജീവികളനീതികൾ ഭീതരായിടും പക്ഷേ
ഭൂതകാലത്തെക്കൊന്നു നോക്കുക തോഴാ
പാർത്താൽ
ഭൂവിലാരാനതത്താൻ കേണിടാതുള്ളു തെല്ലും ?
ജീവിതമാനം തെല്ലു മൂടിടാം കാർമേഘത്താൽ
ജീവികൾ വിഷണ്ണരായ് തീർന്നിടാം പലപ്പോഴും
ലോകത്തിൻ ഗതിയാണിതൊക്കെയും നിനയ്ക്കു
മ്പോൾ
ലേശവും വേണ്ടാ ഭീതി, പോകുക മുന്നോട്ടു നീ
നിന്നുടെ ചിന്തേ നിത്യശാന്തി നല്കിടാനല്ലേ
നില്ക്കുന്നു സവിധത്തിലാർദ്ര ചിത്തനാം ദൈവം
പാഴലാഴി പ്രതാപപൂരം പൂണ്ട ജീവിതമാകാം
പാരമാനന്ദം പണ്ടേപോൽ നിനക്കിറ്റിടും
പുഞ്ചിരി പ്രമോദിതാനനകൾ വിരാജിക്കും
പുത്തനാമുത്സാഹം നിന്നന്തരംഗത്തെ പുൽകും
അന്നു നിരുത്സാഹതാലിളകി മറിഞ്ഞിടു
മിന്നോരം വെറുക്കുന്നോരന്നു നിന്നിഷ്ടരാകാം
പോകുക മനുജാ നീ മോദമായ് മുന്നോട്ടേയ്ക്ക്
പേടി വേണ്ടൊരിക്കലും, കൂടെയുണ്ടീശൻ നിത്യം.

(Composed on the basis of 1 Peter 5:7
dedicated to the sweet memory of late Prof.V.M.Ittyerah )

* പൂർവ്വ വിദ്യാർത്ഥി, റോയ് വില്ല, പുതിയകാവ്, മാവേലിക്കര

സന്തോഷ് കാവിശ്ശേരി *

# നിമിഷ ദുഃഖം



അഞ്ചു പതിറ്റാണ്ടു പിന്നിട്ട സ്വാതന്ത്ര്യ-
ജീവിത യാത്ര വഴിതെറ്റി നിൽക്കവേ....
വിസ്മയച്ചെപ്പുമായ് ഓർമ്മതൻമാറിടം
തേടുമൊരു കുട്ടിയായി ഞാൻ മാറവേ
ഓടി മറയുന്ന വേനലിന്നറ്റത്തു
കാണുന്ന കാർമേഘമാണെന്നിക്കാശ്വാസം.
പൂവിളി കേൾക്കാൻ കൊതിക്കുന്ന ഞാനിന്ന്
പുൽപ്പുറമ്പിലെ പുതന ഗർജ്ജനം -
കേട്ടുണർന്നോടുന്നൊരുണ്ണിതൻ വിഭ്രമം.

തേടുന്ന മാൻമിഴിപോലെയെൻ മാനസം
തമസാനദീതീര വൃക്ഷത്തിലെത്തവേ
വിരഹദുഃഖത്തിൻ വിളികേട്ടുണർന്നു ഞാൻ.
ഇന്നും നിഷാദശരമേറ്റു വീഴുന്നോ -
രെത്രയെന്നോർത്തു നിശബ്ദം കരഞ്ഞു ഞാൻ.
അന്ത്യമില്ലാത്തൊരീ രാക്ഷസ വർഗ്ഗമിരിക്കുന്ന -
കാലമിതെന്തിനീ 'സ്വാതന്ത്ര്യം'
അറിയാത്തൊരറിവിന്റെ അർത്ഥവും തേടി ഞാൻ
അനുഗമിക്കുന്നിതാ നഗ്നശിരസ്കനായ്.

* പൂർവ്വ മലയാള ബിരുദ വിദ്യാർത്ഥി.

*With best compliments from*

**MIL CONTROL LTD.**
**P.B.No.4, Hospital Junction, Alwaye**

*With best compliments from*

**SOLVENTS & CHEMICALS**
COCHIN - COIMBATORE

പ്രൊഫ. മാത്യു സി. ഏബ്രഹാം

# ഓർമ്മയുടെ കാവൽക്കാർ



പതിവിലും നേരത്തെ ഉണർന്നെങ്കിലും കിടക്കയിൽ നിന്നെണീറ്റില്ല. ഏറെനാൾ കൂടിയാണ് നാട്ടിൻപുറത്തെ ഈ പഴയ വലിയ തറവാട്ടു വീട്ടിൽ ഒരു രാത്രി കഴിച്ചുകൂട്ടുന്നത്. ഗ്രാമം തെല്ലിട മാറിയിരിക്കുന്നു. ഇടവഴിയിൽ പഴയ ആർപ്പും ചെയ്യുമില്ല. ഇടവഴിതന്നെ ടാറിട്ട വീതിയുള്ള റോഡായിട്ടുണ്ട്. ഇടക്കെല്ലാം വാഹനങ്ങളുടെ ഇരമ്പൽ മാത്രമുണ്ട് ശാന്തതയ്ക്കു ഭംഗം വരുത്താൻ.

തെങ്ങിന്റെയും മാവിന്റെയും പ്ലാവിന്റെയും സ്ഥാനത്ത് റബർ മരങ്ങൾ-എങ്ങും റബർ മരങ്ങൾ. കൂടുതൽ പാൽ തരുന്ന കൊച്ചു മരങ്ങൾ. പഴയ വലിയ ഇനം റബർ മരങ്ങൾ അന്യംനിന്നിരിക്കാം.

ജോലിയിൽ നിന്നും പിരിഞ്ഞ സ്ഥിതിയ്ക്ക് വെറുതെ കിടക്കുന്ന സ്വന്തം പറമ്പിന്റെ കോണിൽ ഒരു കൊച്ചു പുരതീർക്കണം.

ഈ വീടിന്റെ തട്ടിൻ പുറത്ത് ഇരുമ്പിന്റെ ഒരു പഴയ വള്ളം കാണും. അതെടുക്കണം. പുതിയ വീട്ടിൽ ഇരി

ക്കുള്ള കുട്ടിക്കാലത്തെ ഓർമ്മിപ്പിക്കുന്ന ഒരു വസ്തുവാണ്. തുരുമ്പെടുക്കാത്തതിനാം വളയമാണ്. ഉരുട്ടിക്കളിച്ചതാണ്. ബാല്യവും കൗമാരവും പിന്നിട്ടതു മറ്റൊരു ദേശത്തായിരുന്നു. വെള്ളക്കാരന്റെ ഫാക്ടറിക്കു സമീപം കൂട്ടുകാരോത്ത് ഓടിക്കളിച്ചത് ഈ ചക്രവും കൊണ്ടാണ്.

എസ്റ്റേറ്റിൽ നിന്നും പോന്നപ്പോൾ കൂടെ കൊണ്ടുവന്നു. തട്ടിൻ പുറത്തായിരുന്നു വെച്ചത്. പിന്നെ നോക്കിയെടുക്കാം.

ഇനിയുമുണ്ട് സ്വന്തമായി ചിലത്. ഒരു ഷെൽഫ് നിറയെ പുസ്തകങ്ങൾ കാണണം. പ്രിയപ്പെട്ട ഒന്നുണ്ട്. ഹൈസ്കൂളിൽ വച്ച് ക്ലാസ് ടീച്ചർ തന്നത്. ടീച്ചറിന്റെ പേരും ഒപ്പും ഉള്ളത്. നല്ലമാർക്കുവാങ്ങിയതിനു സമ്മാനമായി കിട്ടിയത്.

ഒരു പാർക്കർ പേനയും പെട്ടിയിൽ കാണണം. ഒരു സഹപ്രവർത്തക തന്നത്. അവർക്കു ട്രാൻസ്ഫറായപ്പോഴാണ് തന്നത്.

'ഈ പെൻ വേണോ - എന്റെ ബ്രദർ വെളിയിൽ നിന്നും അയച്ചതാണ് - എനിക്കു വേറെയുണ്ട്'.

'ഇതിനു നല്ല വിലയുണ്ടല്ലോ - തൽക്കാലം രൂപയില്ല'

'വിലയ്ക്കല്ല - എടുത്തോളൂ- '

അവർ അടുത്ത ദിവസം പോകുകയാണ്.

തൊട്ടടുത്ത കസേരയിലായിരുന്നു ഏറെ നാൾ അവർ ഇരുന്നത്. ആദ്യമായി ഡിപ്പാർട്ടുമെന്റിലേക്കു വന്ന ദിവസം പറഞ്ഞു-'ആദ്യമായാണ് ഞാൻ ക്ലാസ്സിലേയ്ക്ക് പോകുന്നത് - പേടിതോന്നുന്നു'.

'ഒന്നും പേടിക്കാനില്ല - നല്ല കുട്ടികളാണ്-' ക്ലാസ്സ് കഴിഞ്ഞു വന്നപ്പോൾ ആ യുവതിയുടെ മുഖം വിവർണ്ണമായിരുന്നു. അടുത്തു വന്നിരിക്കുമ്പോൾ പറഞ്ഞു - 'പഠിപ്പിച്ചിരുന്നതെല്ലാം മറന്നുപോയി.... ഒന്നു രണ്ടു പ്രാവശ്യം തടസ്സം വന്നപ്പോൾ കുട്ടികൾ ചിരിച്ചു.'

'സാരമില്ല - ഇനി ക്ലാസ്സിൽ പോകുമ്പോൾ കുറച്ചു നോട്ടും കൂടി കരുതിയിരുന്നാൽ മതി - എന്തെങ്കിലും പ്രയാസം തോന്നുമ്പോൾ നോട്ടു പറഞ്ഞുകൊടുക്കണം'

പേന ഭദ്രമായി തറവാട്ടിലെ ഇരുമ്പുപെട്ടിയിൽ വെച്ചു പൂട്ടി. കൊണ്ടു നടന്നാൽ നഷ്ടപ്പെടും. പേന കൊണ്ടു നടക്കാത്തവർ എഴുതാൻ വാങ്ങിക്കും. തിരികെ കിട്ടിയെന്നു വരില്ല. ഓർമ്മിപ്പിച്ചാൽ പറയും. 'ഞാനപ്പോഴേ തിരികെ തന്നതല്ലേ-- ഓർമ്മപ്പിശകായിരിക്കും-'

പേന തിരികെ ചോദിച്ച തെറ്റിനു മാപ്പു നൽകുന്ന മുഗ്ദ്ധസ്മേരവുമായി ആൾ നടന്നു നീങ്ങും.

(ക്യാപ് ഊരി കൈയിൽ വെച്ചിട്ടു പേന കൊടുക്കുന്ന വിദ്യ പിന്നീടാണു പഠിച്ചത്.)

ചായകുടി കഴിഞ്ഞ് ഇരുമ്പു പെട്ടിയെ സമീപിച്ചു. താഴിന്റെ കഴുത്ത് പണ്ടേ ഒടിച്ചിട്ടുണ്ട് ആരോ. പെട്ടി തുറക്കാൻ പ്രയാസം വന്നില്ല.

പെട്ടിയിൽ പണ്ടത്തെ പലതുമുണ്ട്. ഈ പേന മാത്രം കാണാനില്ല.

തറവാട്ടിലെ എല്ലാ അംഗങ്ങളോടും ചോദിച്ചു 'എന്റെ പേന എവിടെ?'

പേനയെന്ന സാധനത്തെക്കുറിച്ച് ആദ്യമായി കേൾക്കുകയാണെന്നു തോന്നുന്നു പലരും.

ഒരു കൊച്ചുകുട്ടി വിളിച്ചു പറഞ്ഞു. 'പേന വല്യേട്ടന്റെ കൈയിലിരിക്കുന്നതു കണ്ടു-- അതു കളഞ്ഞു പോയെന്നു പറയുന്നതും കേട്ടു-'

(ഒരു ചൊല്ലുണ്ട് ഇംഗ്ലീഷിൽ - കൊച്ചു കുട്ടികളും വിഡ്ഢികളും സത്യം വിളിച്ചു പറയും)

ഈ കുട്ടിയുടെ വല്യേട്ടൻ അന്യ രാജ്യത്ത് പണം സമ്പാദിക്കുന്ന ജോലിയിലാണ്.

ഏതു കാലത്തു കാണാൻ ?

കണ്ടിട്ടെന്തു വിശേഷം ?

പുസ്തകഷെൽഫ് പരിശോധിച്ചു.

എങ്ങുംപൊടിയൊഴിച്ച് ഒന്നും കാണാനില്ല.

'എവിടെ എന്റെ പുസ്തകങ്ങൾ?' ചോദ്യം എല്ലായിടത്തുമെത്തി.

'പുസ്തകങ്ങൾ ടാഗോർ സ്മാരക വായനശാലക്കു സംഭാവന നൽകിയിരിക്കുന്നു'.

ചീട്ടുകളിയാണ് വായനശാലയിൽ നടക്കുന്ന ഏക പ്രവർത്തനം. കുടുംബനാഥനാണ് കൊടുത്തിരിക്കുന്നത്. രാഷ്ട്രീയക്കാരൻ. എപ്പോഴും തിരക്കുള്ളയാൾ. അതിനാൽ ഗ്രന്ഥപാരായണം നിഷിദ്ധമായി മാറിയിരിക്കുന്നയാളാണ്.

ഉച്ചയൂണിനായി ഗൃഹനാഥൻ മൂന്നു മണിയോടെ എത്തിയപ്പോൾ ചോദിച്ചു. 'എവിടെ എന്റെ പുസ്തകങ്ങൾ?'

'വായനശാലയ്ക്കു കൊടുത്തു. ഗ്രാന്റ് കിട്ടണമെങ്കിൽ കുറെ പുസ്തകങ്ങൾ കൂടി വേണമായിരുന്നു.'

'ഞാൻ നിധിപോലെ സൂക്ഷിച്ച ഒന്നുമുണ്ടായിരുന്നു - എനിക്കു സമ്മാനം കിട്ടിയത് -'

'അതിനെന്തു വിലവരും-?'



ഒന്നു പരുങ്ങി. പിന്നെ പറഞ്ഞു -

'അന്നതിന്റെ വില ഒരു രൂപയായിരുന്നു-'

മറുപടി ഒരു പൊട്ടിച്ചിരിയായിരുന്നു.

പിന്നെ അദ്ദേഹം പറഞ്ഞു 'ഇതാണോ ഇത്ര വലിയ കാര്യം- വേറെ ഒന്നു വാങ്ങിയാൽ മതിയല്ലോ-'

വണ്ടിച്ചക്രം നോക്കാം.

തട്ടിൻ പുറത്തേക്കുകയറി.

പഴയ പല സാധനങ്ങളുമുണ്ട്.

വണ്ടിച്ചക്രം മാത്രം കാണാനില്ല.

എവിടെപ്പോയി അത്?

ആരോടു ചോദിക്കാൻ?

വേണ്ട - ചോദിക്കേണ്ട - ചോദിച്ചാലുണ്ടാകുന്ന സ്ഥിതി ഊഹിക്കാം.

'എന്താ ഭ്രാന്തുണ്ടോ - വയസ്സു കാലത്ത് വണ്ടിച്ചക്രമുരുട്ടിക്കളിക്കാൻ പോവുകയാണോ - കുഞ്ഞുങ്ങൾക്കുവേണ്ടിയാണെങ്കിൽ കടയിൽ നിന്നും നല്ല സൈക്കിൾ വാങ്ങാമല്ലോ -' റീഡേഴ്സ് ഡൈജസ്റ്റിൽ വായിച്ച ഒരു വാചകം ഓർമ്മയിലെത്തി.



Keep some souvenirs of your past, or how will you ever prove it was not all a dream?

ഇവർക്കൊക്കെ റീഡേഴ്സ് ഡൈജസ്റ്റ് മറ്റെന്തൊക്കെയോ ഗുണം നൽകുന്ന മാസിക മാത്രമാണ്.

വൈകിട്ടു നടക്കാനായി പറമ്പിലേക്കിറങ്ങി. പണ്ടു കണ്ടിരുന്ന പാഴ്മരങ്ങൾ ഒന്നും കാണാനില്ല. ഈ പറമ്പിലെന്നല്ല ചുറ്റുവട്ടത്തിലും ഇല്ല.

പല്ലി മുട്ടയുടെ ആകൃതിയും സ്വർണ്ണനിറവുമുള്ള കായ്കൾ പിടിക്കുന്ന ഒരു മരമുണ്ടായിരുന്നു. പേര് വെട്ടിമരം. വേലിക്കും ചവറിനായിട്ടായിരുന്നു അതു നിർത്തിയിരുന്നത്. മഞ്ഞക്കായ്കൾ പഴുക്കുമ്പോൾ ഉള്ളിൽ പുളിയും മധുരവും ഒത്തു ചേർന്ന നീർനിറയും.

കുട്ടിക്കാലത്ത് ഈ പഴം എത്ര തിന്നു. ഇന്ന് ഒറ്റ മരം പോലും കാണാനില്ല.

പേഴുമില്ല. അതും ചവറിനുവേണ്ടി നിർത്തിയ മരമായിരുന്നു. ടെന്നീസ് ബോളിന്റെ ആകൃതിയിലുള്ള അതിന്റെ ഉരുണ്ട പച്ചക്കായ്കൾ ഒറ്റ നോട്ടത്തിൽ പച്ചമാങ്ങയെന്നു തോന്നാം. തിന്നാൻ കൊള്ളുന്നതല്ല ഈ കായ്കൾ.

നാട്ടിൻ പുറത്തെ പ്രൈമറിസ്കൂളിലെ അധ്യാപകനെ എല്ലാവരും വിളിച്ചിരുന്നത് പേഴുമാ എന്നായിരുന്നു. ശരിക്കുള്ളപേര് പലർക്കുമറിഞ്ഞുകൂടായിരുന്നു. (അധ്യാപകന്റെ ദുരന്തങ്ങളിൽ ഒന്ന്)

ഒരിക്കൽ ഈ അധ്യാപകൻ മാങ്ങയാണെന്നും പറഞ്ഞ് ഒരു പേഴുമാ ഒരു സാധുവിനു വില്ക്കുകയും അതുവഴി അരച്ചക്രം സമ്പാദിക്കുകയുമുണ്ടായി. അടുത്ത ചന്തയ്ക്ക് ഒരു കുട്ട പേഴുമായുമായി പോയ ഗുരുവിന് അതു വില്ക്കാൻ പറ്റിയില്ലെന്നു മാത്രമല്ല പ്രഹരം കിട്ടുകയും ചെയ്തത്രേ.

ഇതൊരു കെട്ടുകഥയാണെന്ന് ആർക്കുമറിയാമായിരുന്നു. സമ്മതിക്കുകയില്ലെന്നുമാത്രം. പക്ഷേ, ഒന്നുണ്ട് - അക്കാലത്തെ അധ്യാപകന്റെ ശമ്പളത്തെക്കുറിച്ചു പറയുമ്പോൾ ആരും ഇതിലും വലിയ സാഹസം ചെയ്തു പോകുമെന്നു സമ്മതിക്കും.

ഒരു സ്കൂൾ കുട്ടിയുടെ പൊതിച്ചോറു മോഷ്ടിച്ചു ഉച്ചയൂണു കഴിച്ച പ്രധാനാധ്യാപകന്റെ കഥ കാരൂർ എഴുതിയത് ഒരു കെട്ടുകഥയെന്ന മട്ടിലല്ലായിരുന്നു.

ഏറ്റവുമൊടുവിൽ ഈ ഗുരുവിനെ കാണുമ്പോൾ അദ്ദേഹത്തിന് എൺപതുകഴിഞ്ഞിരുന്നു. മുകളിലത്തെ അണയിൽ മുൻവശത്തായി ഒരു നീണ്ട പല്ലു മാത്രമുണ്ട്. ആട്ടുകല്ലിന്റെ കുഴവി തിരിക്കും പോലെ ഈ പല്ല് അദ്ദേഹം താഴത്തെ മോണക്കുമീതെ ചുറ്റിക്കറക്കുകയായിരുന്നു.

ഒരു പുകയില ഷെഡ്ഡ് മണപ്പിക്കുന്നുമുണ്ട്. ആ ശിരസ് കണ്ടപ്പോൾ പണ്ടത്തെ പേര് ഓർമ്മയിലെത്തി.

മുണ്ടകപ്പാടത്തിനും കുന്നിൻചരുവിനും ഇടയിലൂടെ ഒഴുകിയ തോടിന്റെ കരയിലുള്ള പൊട്ടക്കിണറ്റിനടുത്ത് ഒരു കാഞ്ഞിരമുണ്ടായിരുന്നു. നിറയെ വെളുത്തു പരന്നു വട്ടത്തിലുള്ള കുരുക്കളോടുകൂടിയതും പെറുന്ന ഓണവെയിലുപ്പത്തിലുള്ളതുമായ ചെമന്നപഴങ്ങൾ തോട്ടിൽ വീണു ചിതറി. ആ കുരുക്കൾ പെറുക്കി ഈർക്കിലിൽ കോർത്ത് ഒഴിഞ്ഞ തീപ്പെട്ടിക്കൂടിൽ പിടിപ്പിച്ച് കൊച്ചുബസുകൾ നിർമ്മിച്ചു.

ഇന്ന് ആ മരവും കാണാനില്ല.

I have both pleasant and unpleasant memories about my times in U.C.; but one incident is still poignantly fresh in my memory. Many of the people involved in the incident are no more with us now, but their memories are still fresh in my mind and I offer my homage to the dear departed souls. Like so many students before my time and after my time, myself and a few of my friends from Holland hostel went for a show at Ernakulam that day without permission. Being veterans with similar escapades before, we returned to the College late that night, care free and happy. On entering the campus we noticed, to our horror, that the light was on in the warden's office of the hostel, with all the doors and windows open. We saw our warden, the late Prof. V.M.I. sitting on his chair very much awake. We were famished and in our youthful bravado we thought that we could still fool the warden, and so we silently went to the mess hall where we knew that our cook Tharu would have our food waiting for us. After meals we went to our rooms confident that we had fooled the warden. We little knew that Prof. V.M.I. was aware of our absence, knew of our arrival the moment we stepped inside the campus, and out of compassion, wanted to take us to task only after we had food. Our jubilant hearts sank when we heard Prof. V.M.I. calling our hostel boy Makkar and asking him to fetch us from our rooms. Punishment for such indiscretions was very severe in U.C. in those days and it was a frightened lot who lined up before the warden. Naturally he was very upset and very angry. I do not wish to tell what he told us. But from what he told us and from his eyes looking at us brimming with tears we realised how upset, worried and concerned he was about us. Standing before him we felt like the meanest of criminals. What is important to me in this episode, is that it taught me that love is the most potent force in this world and that true love and concern can transform even a devil into an angel.

Now that U.C. is celebrating its Platinum Jubilee the stalwarts of my times are only part of its history. I am not sure whether their legacy also has passed into history. Anyway now when I stand and gaze at my Alma Mater I fail to see the glow that was there in my youth and like Wordsworth I also wonder :

"Whither is fled the visionary gleam
Where is it gone, the glory and the dream." ●

* FF 19-213, P.T.Chacko Nagar, Medical College P.O., Trivandrum

*With the compliments of :*

**Tata Tea Limited**

**MUNNAR - KERALA**

**Producers of Quality Tea**

*Mrs.A.K.Thampy (M.M.Sosamma)**

## *Memories of*

## MY STUDENT LIFE IN U.C. COLLEGE

I will never forget my days in U.C. College. It was a turning point in my life, both in my personal as well as in my political and social life. My experiences in that period helped me to decide my future aim in life, ie., to be with those who are oppressed, who are denied justice, and to work with those who are trying to change the present society.

Wherever there is poverty, exploitation, injustice, inequality between genders, we have to strive to usher in a new society in which there is peace with justice. I believe this to be the duty of a true Christian, a follower of Christ who was always with the poor and with those who are denied justice, when he was in their world.

I did my degree course in U.C. College in the years 1947-49. If I remember correctly, Prof. C.P. Mathew was our Principal, Prof. V.M. Ittyerah was our class teacher teaching Politics, Prof. Ninan Abraham and Rev. K.C. Joseph were our English teachers, Prof. Kuttipuzha Krishna Pillai and Prof. Unni were our Malayalam teachers. Economics was taught by a professor from Tamilnadu. Ittyerah Sir used to give us printed notes of his lectures at the beginning of the year itself. So, most of the boys would not come to the class. We were only seven girls in the entire class, all of us sitting in the front row. So we could not escape.

I must mention that the relationship between teachers and students was quite different from that in a government college where I did my intermediate. Even the families of the professors were very friendly with the students, though most of them were very conservative in their outlook.

There were two women's hostels, three or four men's hostels (Skinner and Tagore, I remember). The men's hostels were within the college campus. Our hostel was a bit far from the college. Our matron was Mrs. Kurian. Mrs. Ittyerah (we called her Kunjamma Kochamma) was our non-resident warden. She was very soft spoken and gentle. In my second year Mrs. T.B. Thomas (Gracy Kochamma) was the non resident warden.

Rosy Paul (now Rosy Thomas) and Susy Ipe were my hostel mates. Susy Ipe later married one of my brothers. Pushpagandhi was my best friend and I have met her afterwards also. When I came to know that my letters were being censored, she helped me by letting them come in her name. In the first year, I was fully involved in all the activities of the college and hostel, especially in the religious executive committee of the Kerala S.C.M. I was a delegate to the Triennial Conference of the All India S.C.M. held in Madras Christian College in December 1947. I also used to teach in the Sunday School held at the Alwaye Settlement.

In my second year, I was the secretary of the women's hostel. At the beginning of my final year, there was the election for the college union presidentship. I supported and canvassed for J.Chitharanjan, a communist. He later became a minister of Kerala and is at present a Rajya Sabha member. He stood against Rev. A.A. Pylee. Both of

* *Now settled in Chennai*

*Best compliments from :*




PH: 363356

**THE BSA SHOP**

BROADWAY ERNAKULAM - 682 035



**EXCLUSIVE A/C SHOW ROOM OF TI CYCLES OF INDIA, MADRAS**

*ALL BRANDS OF HERCULES & BSA CYCLES AVAILABLE*

*Best compliments from :*

**Bank of Baroda**

"LOURDE CENTRE"
1st Floor south wing
Sub Jail Road
Alwaye - 683101
Phone : 624126

**Thinking of AIR CARGO ???**

Contact

AVT Air Cargo Division IATA

**A. V. THOMAS & CO.LTD.**

Trivandrum ➢ 36/140, Inchakkal, Vallakadavu
Trivandrum - 695 008
Tel : 452224 Fax : 0471 450950

Cochin ➢ Bristow Road, Willingdon Island
Cochin - 682 003
Tel : 666321 Fax : 0484 668493

*Opening Shortly at:*
BANGALORE, COIMBATORE & MADRAS


them were my classmates. Achen was the candidate supported by the college authorities.

Two important events happened when I was in college which were turning points in my life. I met my future husband A.K Thampy, then a communist, in the college. We got married in October 1948 in the Trichur Mar Thoma Church. At that time Thampy was underground and there was a prize on his head. The government had offered Rs.10,000 and double promotion to anyone who caught him, dead or alive. So, our marriage made a big sensation. There was a reception for comrade P.T Punnose and A.K Thampy when they were released after two and a half years in prison, during C.P Ramaswamy Iyer's time.

India got her independence from the British, and C.P. had to go away. The meeting was arranged by the Student Federation. All the hostelites went for the meeting, but we couldn't stay till the end, since we had to be back in the hostel by 6 pm. It was Punnose who spoke first and he spoke very long as usual. So I couldn't meet the speakers. The next day they came to the hostel to see me. I had just returned from Bombay after the All India Student Federation Conference. This conference had been banned by the Morarji Desai Government. But we broke the ban, and there was a lathi charge, shooting and teargassing. I was a victim of the teargas, and had to be hospitalised.

Thampy and my brothers were very good friends. Thampy and my eldest brother M.M. Thomas were co-secretaries of the Youth Christian Council of Action. For two years they were together in Bangalore with Rev. Dr. Keithan, to study religion and politics. Later Thampy worked with my second brother M.M Cheriyan in the communist party.

My experiences in Bombay and the speeches and courage shown by the boys and girls at that meeting, inspired me to take active part in the S.F. in Kerala. Thampy was the first state secretary of the S.F. Chitharanjan and Gopalakrishnan were also there for the Bombay meeting. After coming back from Bombay I had the opportunity to go for a study conference of the S.F. in Trivandrum where comrade E.M.S. was the leader.

The other event was the strike organised by the S.F. for the abolition of the detention system in colleges. That was in 1948, after my marriage. Those days,Thampy sent letters to me through Chitharanjan. One of these letters was taken from his room by the then warden (I do not want to mention his name) while he was not there. The authorities then published this letter in the Manorama, to prove that students were being used by the communist party.

Somebody sent an anonymous telegram to my father, asking him to come immediately, saying I was going on a hunger strike. This was simply not true. They didn't know my father was very broad minded and always stood for justice. Once when I was going out from the hostel, some reporters (I was not aware they were reporters) met me on the way, and asked me whether I intended to stay back after the college closed. I replied, "Of course, till the strike ends I will be here with the students."

The next day it was in the paper, stating they had an interview with Mrs. A.K. Thampy, and that she had said she was going on a hunger strike. The authorities closed the college and hostels indefinitely and so I stayed with Mr. Avirah Tharakan who was a friend of Thampy. After the strike was called off, we all went home. The authorities stopped the detention system.

When I came back after the college reopened, there was a rumour that I was to be dismissed from the college. I was a bit nervous, since I was keen on completing my course and getting a degree. I wanted to contact Thampy. Those days, his whereabouts were

known only to a few party members. Thampy never wanted me to see him, unless he arranged for it, since the police were watching my movements.

Through a contact, I arranged to meet Thampy in a worker's house, where he was staying. Thampy told me the authorities would never do such a thing to me because they knew the consequences. If anything happened, he wanted me to face it courageously. The courage he gave me those days helped me to face difficulties in my future life also. Eventually, nothing happened. I finished my college course, but never had the opportunity to go back to the college again.

Chitharanjan had to discontinue his studies since there was an arrest warrant against him and he had to go underground. I have never seen him after that.

I always say that U.C. College produces two extreme types of characters. The majority of them are very religious. Several of them have become bishops and priests of different Churches in Kerala. For example Pylee Achen became a principal, and then became the Vicar General of the Marthoma Church. Thomas Mathew became an *achen* in the Marthoma Church. K.M. John is a Bishop in the CSI Church. Now he is known as Bishop Michael John. I had the opportunity to see him recently in Canada. They were all my classmates. Iranius *Thirumeni* of the Marthoma Church was my junior in college.

The second category of characters produced were political minded. They became ministers, MLAs, and MPs, like Chitharanjan, and Thampan Thomas. U.C. College alone can produce such politicians and Church leaders. This must be considered a function of the unique atmosphere of the college. ●

Congratulations to UCC for 75 years of excellence

*from:*

RESHMA ENTERPRISES

**Thattankadu, 17, Mankuppai, Saminaikkanpatti, Salem-636 011**
**Tel/Fax: 0427 - 417772, Tel: 0427 - 414374.**

*Your choice for exquisite*

glazed granite artifacts.

*We transform rough granite blocks into excellent works of art to enhance the beauty of your homes and gardens.*
*For your requirements*
*of glazed granite floor tiles, flower vases, spheres, globes, pedestals etc to suit the individual decor of your homes and gardens please contact us.*
*You wish and we execute.*

Make your homes exquisitely exclusive.

JACOB M. GEORGE
**Proprietor**

*M.N.Menon* *

## SWEET COLLEGE MEMORIES

In June, 1953, as a boy of 15, I entered the portals of the U.C.College. I was fortunate in being a student of the last of the founding fathers, Prof.V.M.Ittyera, and having the privilege of getting his loving attention. I thank Almighty for my getting an opportunity to meet him a few months before his demise. Though years had gone after I met him last, on seeing me he immediately recognised and called me by my name, and turning to his wife enquired whether she remembered me. That was the tradition, and during my college days each and every professor knew the students personally. I feel the present teachers of the college continue this tradition. This feeling is because of the visit of Prof. Paul Sundar to my house on hearing about the sudden demise of my wife, taking time from the midst of busy Platinum Jubilee Inauguration arrangements, just to console my daughter, his student.

I recollect the Shakespeare classes of Professor Aravamudam Ayyengar and his successor Prof. Varadarajan, and the classes of Professor C.T.Benjamin who led us to the treasures of English prose. We cannot forget the Psychology classes of Prof.George Zacharia, World History lectures of Shri.Abraham Varghese who left from there to join the All India Service, and of Prof. Baby of revered memory who took us to the nooks and corners of Indian History. Professor Narayana Menon's Hindi classes, and Prof.Scaria's economics classes were also interesting. Shri.Jacob's Moral Instruction Classes with his first words 'Why should we be moral?' can be forgotten only when we are senseless. Also I recollect the care and love given to students by the professor brothers Ninan and Thomas, and Kuttipuzha Krishna Pillai.

Some of my classmates like Prabodhachandran, P.C.Kartha and Bharathan took up teaching profession in the University, and Dr.P.B.Muralidhara Menon became an authority in his field of medicine. Among my juniors I cannot forget T.R.Subramaniam who followed the motto of the U.C.College as his watchword in life -- truth. And when forced by his superiors to retract from the right path he decided to leave his service in the Income Tax Department.

My uncle, myself and my wife and our brothers and sisters and nephews and nieces were old students of the college, and the tradition is continuing in my daughter who is studying in the degree course.

I am sure that the old students of the U.C.College shall have the sweetest memories of their college life, as the dedication and devotion of the teachers there is so peculiar, and the moving spirit of the Founding Fathers is definitely guiding the present generation in the right direction, I hope. ●

* *Smrithy, Kesari Road, Parur.*

*With best compliments from*

**PENTA MILK PRODUCTS PVT. LTD.**

*Perumbavoor*

*With best compliments from:*

**GAC SHIPPING (INDIA) PVT. LTD.**

*GAC House, Willingdon Islad,*
*Cochin -682 003*
*Tel : 667066/ 668372 / 667765*

**Steamr Agents, Licenced Custom House Agents and International Forwarders. OFFERS PROFESSIONAL SHIPPING SERVICES AT ALL PORTS**

Branches at :
Mumbai, Kandla, Chennai, New Delhi and Ludhiana

**Madaparambil Corporation**

Velloorkunnam, Muvattupuzha.
Phone: 232818,
Fax : 233888

*Wholesale dealers for*

**H& R Johnson and Pedder & Pedder Glazed Tiles, Regency Floor Tiles, Neycer Sanitaryware, Capital Water Tanks etc....**

സ്വർണ്ണ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുവാൻ

**കെ.ജി.പി. ജ്വല്ലറി A/c**

*കാലടി*

Grams:- Kegeepee,

Phone: 462307,462774, Resi : 462274

സഹോദരസ്ഥാപനങ്ങൾ

- കെ.ജി.പി. ഇൻഡസ്ട്രീസ് (ബോയിൽഡ് ബോൺമീൽ) കാലടി Phone : 462717
- വിൽസൺ മെറ്റൽ പ്രൊഡക്ട്സ് (ക്രഷർ മെറ്റൽ) കാലടി Phone : 462417
- ദീപ ഇൻഡസ്ട്രീസ് (മേൽത്തരം [illegible]) കാലടി Phone : 462374

**കടുങ്ങല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്**

**ക്ലിപ്തം No. 2165**

കിഴക്കേകടുങ്ങല്ലൂർ, ആലുവ. 2

സ്ഥാപിതം: 1941 ഫോൺ : 625378, 625379

ബ്രാഞ്ച്: കുറ്റിക്കാട്ടുകര, ഫോൺ: 542034

ജനസേവനത്തിന്റെ പാതയിൽ 55 വർഷം പിന്നിട്ട
സഹകരണ സ്ഥാപനം
എറണാകുളം ജില്ലയിലെ ഏറ്റവും വലിയ
സഹകരണബാങ്കുകളിൽ ഒന്ന്

| | |
|---|---|
| അംഗങ്ങൾ | : 10496 |
| പിരിഞ്ഞ ഓഹരി | : 81 ലക്ഷം രൂപ |
| നിക്ഷേപം | : 984 ലക്ഷം രൂപ |
| നിലിപ്പുവായ്പകൾ | : 629 ലക്ഷം രൂപ |
| ഫണ്ടുകളും കരുതലും | : 59 |
| ആഡിറ്റ് ക്ലാസ്സ് | : എ |
| ഗ്രേഡ് | : ക്ലാസ്സ് I സ്പെഷ്യൽ ഗ്രേഡ് |


*N.K.Vijayan**

# DOWN MEMORY LANE

When I joined Union Christian College for my B.A. in English language and literature in 1976, I was proud to be a student of the illustrious institution. The same feeling with no less intensity fills my heart whenever I think of my Alma Mater, even more than a decade and a half after I ceased to be a student.

I was fortunate enough to have got a job even as I was yet to finish my M.A. I joined the University of Kerala as an assistant in April 1981 much against the will and wish of my teachers. I appeared for the M.A. examinations as a university employee.

When I give my memories a free rein, I reach the college as I did in 1976. Dr.A.K.Baby was the Principal. The overall tranquillity on account of the Emergency helped him carry on the administration of the college easily. Prof.C.T.Benjamin was the Head of the Department during the entire length of my studies there. His imposing stature and reticence filled me with a sense of awe. His classes opened up new vistas of knowledge and wisdom to his students. It is a matter of great delight to know that he continued to serve the college as its Manager. Prof.B.Valsalakumari who now heads the department was my tutor in the first year B.A. Her first class itself carried the students off their feet and she at once became my favourite teacher. Her soft and sweet voice has a soothing effect and when she dwells at length on the various epochs and events of literature, who can fail to sit up and listen? She showered much affection on me, I gratefully recall.

The help and guidance I received from my teachers in great abundance has to be duly acknowledged here. Prof.E.Narayanan Nambiar who was the most dynamic in the department held me close to his heart. When I got appointment as lecturer in Government service, his spontaneous remark was: "I am sure you will make a good teacher with your sincerity and command of the language". When this veteran professor lay dead, I went to pay my last respects. My eyes became misty as his words echoed in my ears. I cannot forget his cheerful countenance that always was a source of inspiration.

Prof.P.M.Chacko and I have a warm and long standing bond of love. As a teacher he belongs to a rare breed of teachers with sterling qualities of the head and heart. I owe him a life-long debt.

Prof.K.R.Joseph is another figure who deserves special mention. An outstanding scholar, he humbled me many a time with his erudition. This perhaps distanced him a little from me even though I hold him in high esteem. Another face that flashes in my mind is that of Prof. Marcus Criselda Prabhavathi who encouraged me to take teaching.

Now a few words about my classmates. It is a strange coincidence that three of the same class are now colleagues in Maharaja's College. Messrs. T.P.Chandran Pillai & Varghese C.Abraham who were my classmates are my esteemed colleagues now. Smt.Hema P. and Smt.Elizabeth Eapen also opted for teaching as their vocation. ●


* *Department of English, Maharaja's College, Ernakulam.*

No student of U.C.College can ever forget the well kept library which undoubtedly is one of the best in the university, nay in the State. The library attenders Messrs Radhakrishnan, Abraham and Smt.Saraswathi were all very cordial to the students. Of the office people, I distinctly recall the faces of Paulose Chettan, Sri.N.F.Jose and Sri.T.C.Jose.

The Varkey Memorial Hall is another unforgettable place where "the lotos-eaters" of the college sought refuge. A lean and lanky youth with a haggard look used to haunt the hall. He kept several youngsters captive with the sonorous rendition of his own poems. Now he is a noted Malayalam poet who takes delight in triggering controversies, quite often alien to the Muses. Yes, I mean Balanchandran Chullikkad.

Among the dignitaries who visited the college during 1976-81, I vividly recall the visit made by Swami Chinmayananda who kept the audience spellbound with his unique oratory. The lucidity of his words was simply superb. Dr.A.T.Kovoor was another impressive visitor who also thrilled his admirers. Poetess Sugathakumari endeared herself to the students with her characteristic humility and captivating poems.

As a teacher, I feel that the respect and love I gave my teachers was well deserved. Even though the present generation of students shy away from giving their teachers due respect, I can't but continue to hold my teachers in the same esteem as I did then. Times have changed; values have been devalued. We are living in a topsy-turvy world. But the role of the teacher continues to have uniqueness. And that is what makes teaching all the more different from other professions. I thank all my teachers who made me what I am.

*With best compliments from*

**LORD KRISHNA BANK LTD.**

**Regd. & Admn. Office**
**Indian Express Building, Kaloor, Kochi - 682 017**
**Tel: 349567 to 349570, Fax: (91) 484 - 349577**

***The Bank You Would Prefer***

With best compliments from

**ABAN TEA** **RUCHI TEA**

**Aban Marketing & Exports Pvt. Ltd.**
**G-133, Panampilly Nagar, Cochin - 682 036**
**Ph: 315679, 318144, 313501**
**Fax: 091-484-315679**

പി.എം. ജോർജ്ജ് •

# യു. സി. കോളേജിലെ ഗുരുശിഷ്യ ബന്ധ സ്മരണകൾ

ഏകദേശം നാലര ദശാബ്ദത്തിനു മുമ്പ് ഈ ശ്രേഷ്ഠവിദ്യാലയത്തിലെ ഒരു അന്തേവാസിയാകാൻ എനിക്കും അവസരമുണ്ടായിട്ടുണ്ട്. ആത്മബന്ധത്തിന് ബലമേകുന്ന ഘടകങ്ങളായി സ്നേഹവും ശാന്തിയും ആത്മീയതയും ഉയർത്തിപ്പിടിച്ച മാതൃകാവിദ്യാലയമാണ് യു.സി. കോളേജ്. സേവന സന്നദ്ധതയും അർപ്പണബോധവും ധാർമ്മികമൂല്യവും നിസ്വാർത്ഥതയും നിഷ്ഠയാക്കിയിരുന്ന കുറച്ച് അദ്ധ്യാപകശ്രേഷ്ഠരായിരുന്നു ഇതിന് അടിസ്ഥാനമിട്ടത്. ധനസമ്പാദനത്തിന് യാതൊരു പഴുതും വച്ചുപുലർത്താനാവാത്ത വ്യവസ്ഥിതിയും പ്രിൻസിപ്പലിന്റെയും അദ്ധ്യാപകരുടെയും നിരന്തര ശ്രമത്തിൽ ഒരു ആയിരം മാത്രമുള്ള വിദ്യാർത്ഥികളുടെ എണ്ണവും സ്ഥാപനത്തിന്റെ നടത്തിപ്പിന് ലാളിത്യമേകാൻ പ്രായോഗികതയെ പ്രദാനം ചെയ്തിരുന്നു.

വിദ്യാർത്ഥികളിൽ ഭൂരിഭാഗവും മദ്ധ്യതിരുവിതാംകൂറിൽ നിന്നുള്ളവരായിരുന്നു. നല്ല നിലവാരത്തിൽ നടത്തിയിരുന്ന ആറ് ഹോസ്റ്റലുകളിലായി ഇവർ താമസിച്ചു. ഹോസ്റ്റലിനു പുറത്ത് താമസിക്കുന്ന ഏതെങ്കിലും സീനിയർ അദ്ധ്യാപകനായിരിക്കും മെയിൻ വാർഡൻ. ഒരു ജൂനിയർ അദ്ധ്യാപകൻ ഹോസ്റ്റലിൽ തന്നെ താമസിച്ച് ഹോസ്റ്റലിന്റെ മേൽനോട്ടം നിർവ്വഹിക്കും. ഇതായിരുന്നു രീതി.

യുദ്ധാനന്തര കാലഘട്ടത്തിൽ ഭക്ഷ്യ മേഖലയിലെ ദൗർലഭ്യം ഹോസ്റ്റൽ മെസ്സുകളെയും ബാധിച്ചിരുന്നു. കോൺട്രാക്ടർമാർ ആയിരുന്നു അന്നു മെസ്സുകൾ നടത്തിയിരുന്നത്. അവരുടെ ലാഭേച്ഛ കുട്ടികളുടെ ആരോഗ്യസ്ഥിതിയെ മോശമാക്കിയിരുന്നു. അതേത്തുടർന്ന് അന്നത്തെ പ്രിൻസിപ്പൽ, യശഃശരീരനായ ടി.ബി. മേനോൻ സാറിന്റെ പിന്തുണയോടും അംഗീകാരത്തോടുംകൂടി സീനിയർ വിദ്യാർത്ഥികളുടെ ചുമതലയിൽ "സെൽഫ് മാനേജ്മെന്റ് - മെസ്സ് - സിസ്റ്റം" തുടങ്ങി. അത് വളരെ വിജയപ്രദമാകുകയും ചെയ്തു. അന്ന് ഒരു മാസത്തെ മെസ്സ് ഫീ - 32-35 രൂപയ്ക്കകത്ത് ഒതുങ്ങുമായിരുന്നു. നല്ല ഭക്ഷണവും മാസാവസാനം - ഒരു ഫീസ്റ്റും - നല്കുവാൻ ഇതുകൊണ്ട് സാധിച്ചിരുന്നു.

ആഴ്ചയിൽ ഒരു ദിവസമെങ്കിലും രാവിലെ 9 1/2 മുതൽ അരമണിക്കൂർ പതിവുള്ള സ്ക്രിപ്ചർ ക്ലാസ്സുകൾ, അക്രൈസ്തവർക്കുള്ള "മോറൽ ഇൻസ്ട്രക്ഷൻ ക്ലാസ്സുകൾ" നിർബന്ധമായിരുന്നു. എല്ലാ കുട്ടികൾക്കും സാന്മാർഗ്ഗിക, സാഹോദര്യ സ്വഭാവം വളർത്തുന്നതിന് ഇത് സഹായകമായിരുന്നു. വർഗ്ഗീയ ചിന്തകൾ എത്തിനോക്കുക പോലും ഉണ്ടായിട്ടില്ല. പ്രൊഫസർമാരിൽ മിക്കപേരും തമിഴ് ബ്രാഹ്മണർ - മികച്ച നിലവാരത്തിലുള്ളവർ ആയിരുന്നു. മുപ്പതിൽ കൂടുതൽ വർഷങ്ങൾ, തുച്ഛമായ വേതനം പറ്റിക്കൊണ്ട്, വിശ്വസ്തതയോടെ, അവർ സേവനം ചെയ്തിരുന്നു. നിശിത വിമർശകനും, നിരൂപകനും സാഹിത്യകാരനും, നിരീശ്വരവാദിയുമായിരുന്ന, യശശ്ശരീരനായ പ്രൊഫ. കുറ്റിപ്പുഴ കൃഷ്ണപിള്ള സാറിന്റെ സരസമായ മലയാളം ക്ലാസ്സുകൾ ഇന്നും ഓർമ്മയിൽ തങ്ങി നില്ക്കുന്നു.

കുട്ടികളുടെ നിഷ്കളങ്കമായ തമാശകളും കലാവാസനയും നർമ്മബോധത്തോടെ, ഈ അദ്ധ്യാപകരും ആസ്വദിച്ചിരുന്നു. രാഷ്ട്രീയ ചേരിതിരിവിന്റെ ചിദ്രവാസനകൾ വിദ്യാർത്ഥികളിലോ അദ്ധ്യാപകരിലോ കടന്നുവന്നിട്ടില്ലാത്ത കാലമായിരുന്നു അത്.

ഏറ്റവും ആസ്വാദ്യകരമായി എനിക്ക് അനുഭവപ്പെട്ടിരുന്നത് വി.എം. ഏ. ഹാളിൽ കോമണായി എടുക്കുന്ന, സ്നേഹസമ്പന്നനായ അയ്യങ്കാർ സാറിന്റെ, ഇംഗ്ലീഷ് ക്ലാസ്സുകളാണ്, പ്രത്യേകിച്ച് "ഷേക്സ്പിയർ" ക്ലാസ്സുകൾ.

വർഷാവസാനം ക്ലാസ്സുകൾ തീരുന്ന ദിവസം, കുട്ടികൾക്ക് അവരവർക്ക് ഇഷ്ടമുള്ള വേഷങ്ങൾ ധരിച്ച്

• പട്ടത്താനം പുത്തൻപുരയിൽ, കിഴക്കേത്തെരുവ്, കൊട്ടാരക്കര

ക്ലാസ്സിൽ വരാം. (അധികം നിറമുള്ള വേഷവിധാനം നിരോധിച്ചിട്ടുമുണ്ട്)

മിക്കവാറും അധ്യാപകർ വെള്ള ജുബ്ബയും മോത്തിയും രണ്ടാംമുണ്ടും ധരിച്ചായിരുന്നു വരവ്. അരവാര്യരം അയ്യങ്കാരു സാറിന്റെ വേഷം പാളത്താറും ജുബ്ബയും മുഗ്ഗോലിംപാട്ടും കസവു നേര്യത് നീളത്തിൽ മടക്കിത്തേച്ച്, ഇരുതോളിൽ നിന്നും മുന്നോട്ട് ഇറക്കി ഇട്ടാണു പതിവ്. ഒരു ക്ലാസ്സു കഴിഞ്ഞാൽ, ക്ലാസ്സു റൂം മാറിപ്പറ്റാൻ അഞ്ചു മിനിട്ട് ഇടവേള പീരിയഡുകൾ തമ്മിലുണ്ടായിരുന്നു.

ക്ലാസ്സിൽ അയ്യങ്കാരു സാറിന്റെ പുറകെ, വിദ്യാർത്ഥികളും വന്നു കയറിക്കഴിഞ്ഞപ്പോൾ, വേറൊരു കൊച്ചു അയ്യങ്കാരും അതേ വേഷത്തിൽ വന്നുകയറി. തുറന്ന ചിരിയിലും കയ്യടിയിലും അയ്യങ്കാരു സാറും പങ്കു ചേർന്ന് പറഞ്ഞത് ഇപ്രകാരമാണ്. "Now another Iyyengar has come. Let us greet him" അന്നത്തെ ആ വിദ്യാർത്ഥിയായ ഞാൻ വാർദ്ധക്യത്തിൽ വല്ലപ്പോഴും ഈ കഥ ഓർത്തു ചിരിക്കാറുണ്ട്. കാപട്യമില്ലാത്ത വിദ്യാഭ്യാസകാലം. അധ്യാപകർക്ക് സേവനവും ധാർമ്മിക മൂല്യവും അടിസ്ഥാന പ്രമാണം. ഫെലോഷിപ്പ് അധ്യാപകർക്ക് സ്വന്തമായിട്ട് വീടോ വസ്തുവോ ഒന്നും വാങ്ങുവാൻ പാടില്ലാത്ത കാലം. കൊടുക്കുന്ന വേതനവും കൊണ്ട്, കൊടുത്തിരിക്കുന്ന ക്വാർട്ടേഴ്സുകളിൽ ഒതുങ്ങി ജീവിച്ചു കൊള്ളണം. ഓരോ വിദ്യാർത്ഥിയെയും പേരു ചൊല്ലി വിളിക്കാനുള്ള പരിചയവും അടുപ്പവുമുണ്ടായിരുന്നു പ്രിൻസിപ്പലിനും അധ്യാപകർക്കും. പ്രശസ്തരും പ്രബുദ്ധരുമായ പല ഇടതുപക്ഷനേതാക്കളും ഈ സ്ഥാപനത്തിൽ കൂടി കടന്നുവന്നിട്ടുള്ളവരാണ്. അവരും മറ്റു പരിഗണനകൾക്ക് അതീതമായി, ഈ മാതൃവിദ്യാലയത്തെ ആദരിക്കുന്നു.

രാഷ്ട്രീയ ചായ്‌വുകൾക്ക് അതീതരായിട്ടുള്ള പ്രശസ്ത വിദ്യാഭ്യാസ വിദഗ്ദ്ധരായിരുന്നു, അന്ന് സർവ്വകലാശാല ഭരിച്ചിരുന്ന വൈസ്ചാൻസലർമാർ. പാശ്ചാത്യനായ പാറ്റ്യൂവർത്ത് സായിപ്പ് പോയശേഷം പ്രശസ്തരായ, പ്രബുദ്ധരായ ബുദ്ധിജീവികളുടെ മിക്കപ്പോഴുമുള്ള സന്ദർശനവും പ്രഭാഷണങ്ങളും, വിദ്യാർത്ഥികളെ ഉൽബുദ്ധരാക്കിയിരുന്നു.

സുഖപ്രദായനിയായ, മംഗലപ്പുഴയുടെ തീരത്തുള്ള ആ നാലു വർഷത്തെ ഗുരുകുല വിദ്യാഭ്യാസം എന്നും സന്തോഷത്തിന്റെ ഓർമ്മകൾക്ക് ഈണം നല്കുന്നതാണ്.

PHONE : Office 33515
" 32155
Chairman (Res) 33513
Gen. Manager " 33372

The Muvattupuzha Urban Co-Operative Bank (Ltd.) No. 556
Muvattupuzha - 686 661

* റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ബാങ്കിംഗ് കമ്പനീസ് ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മൂവാറ്റുപുഴയിലെ ഏക സഹകരണസ്ഥാപനം.
* ഒരു ലക്ഷം രൂപവരെയുള്ള നിക്ഷേപങ്ങൾക്ക് ഡി.ഐ.സി.ജി.സി. യുടെ ഇൻഷ്വറൻസ് സുരക്ഷിതത്വം.
* നിക്ഷേപങ്ങൾക്ക് മറ്റ് ഏതൊരു ബാങ്കിനേക്കാൾ കൂടുതൽ പലിശ
* സേഫ് ഡെപ്പോസിറ്റ് ലോക്കറുകൾ ലഭ്യമാണ്.

ചെയർമാൻ
അഡ്വ. പി.ജി. സുരേഷ്കുമാർ

ജനറൽ മാനേജർ
വി. എ. കുഞ്ഞുമൊയ്തീൻ

ഡോ. അക്കവൂർ നാരായണൻ *

# അഭിവാദയേ.....

ആലുവായിലെ യൂണിയൻ ക്രിസ്ത്യൻ കോളേജ് എനിക്ക് ജീവിതത്തിലാദ്യമായി കോളേജു വിദ്യാഭ്യാസം നല്കിയ എന്റെ മാതൃകലാലയം! 1947 മുതൽ 1949 വരെ രണ്ടു കൊല്ലമേ ഞാൻ ഈ വിശിഷ്ട സ്ഥാപനത്തിൽ ഉണ്ടായുള്ളൂ. എങ്കിലും എന്നിൽ അന്യാദൃശമായ സ്വാധീനം ചെലുത്താനും മതിപ്പുളവാക്കാനും ഈ 'അമ്മയ്ക്കു' കഴിഞ്ഞിട്ടുണ്ട്. അതിനാൽ എന്റെ ഓർമ്മയിൽ എന്നും ഒളിമിന്നി നില്ക്കും ഈ സരസ്വതീക്ഷേത്രം.

അന്ന് അതിപ്രഗത്ഭന്മാരായിരുന്നു ഇവിടുത്തെ അധ്യാപകന്മാർ. തറവാടിത്തത്തിന്റെയും സുജനമര്യാദയുടെയും പര്യായമായ സി.പി. മാത്യു (പിന്നീട് പാർലമെന്റംഗമായി) ആയിരുന്നു അന്നു പ്രിൻസിപ്പാൾ. ടി. ആർ. അനന്തരാമൻ രസതന്ത്രത്തിന്റെ തലവൻ. സി. എസ്. വെങ്കിട്ടരാമൻ കണക്കിന്റെ പ്രൊഫസർ. ടി. ബി. തോമസ്സ് ഫിസിക്സിന്റെ പുതതലക്കാരനായ അധ്യാപകൻ. അതോടൊപ്പം അയ്യങ്കാർ ഇംഗ്ലീഷിന്റെയും ഡി. പത്മനാഭനുണ്ണി മലയാളത്തിന്റെയും മുഖ്യാധ്യാപകന്മാർ. കുറ്റിപ്പുഴയും മലയാളാധ്യാപകനായിരുന്നു.

ഒന്നാം ഗ്രൂപ്പിൽ കണക്ക്, ഭൗതികശാസ്ത്രം, രസതന്ത്രം എന്നീ വിഷയങ്ങളാണ് എനിക്കു പഠിക്കാനുണ്ടായിരുന്ന വിഷയങ്ങൾ. ക്ലാസ്സിൽ ശരിക്കു ശ്രദ്ധിക്കുകയേ വേണ്ടൂ. പാഠ്യപുസ്തകങ്ങൾ പിന്നെ അത്ര ബുദ്ധിമുട്ടി വായിക്കേണ്ട ആവശ്യംതന്നെയില്ല. അത്ര സമർത്ഥമായിരുന്നു ഈ അഭിവന്ദ്യഗുരുഭൂതന്മാരുടെ അധ്യാപനം. ഇവിടെ പേരു പറഞ്ഞ ഗുരുനാഥന്മാരിൽ എത്ര പേർ ജീവിച്ചിരിക്കുന്നുണ്ട് എന്നറിയില്ല. പക്ഷേ, ഇവർ എന്റെ ഹൃദയത്തിൽ ഇന്നും (എന്നും) ജീവിച്ചിരിക്കുന്നു. അനന്തരാമൻസാർ ഇപ്പോഴും ഭാഗ്യവശാൽ നമ്മോടൊപ്പമുണ്ട് എന്നും ഈയിടെ കണ്ട ഫോട്ടോയിൽ നിന്ന് ഊഹിക്കാൻ കഴിഞ്ഞപ്പോഴുണ്ടായ സന്തോഷം വാഗതീതമത്രേ.

പത്മനാഭനുണ്ണിസാർ പണ്ഡിതനായിരുന്നുവെങ്കിലും ഭയങ്കര ശുണ്ഠിക്കാരനുമായിരുന്നു. വളരെ പതിഞ്ഞ ശബ്ദത്തിലേ പറയൂ. ഏറ്റവും മുമ്പിലുള്ള മുന്നാലു വരികളിലെ വിദ്യാർത്ഥികൾക്കുമാത്രമേ അദ്ദേഹം പറയുന്നതു കേൾക്കാൻ കഴിയൂ. കോളേജിലെ പ്രധാന ഹാളിലായിരുന്നു അന്ന് മലയാളം ക്ലാസ്സ്. 200 - 300 വിദ്യാർത്ഥികൾ വരെയുണ്ടാകും. കുട്ടികൾ കുറച്ചെങ്ങ ബഹളം കൂട്ടും. സാറിന് ശുണ്ഠിവരും. എഴുന്നേറ്റുനില്ക്കാൻ പലതവണ പറയും. ആരും എഴുന്നേൽക്കാതിരിക്കുമ്പോഴാണ് അദ്ദേഹം വിശദീകരിക്കുന്നതും ബ്രഹ്മാസ്ത്രം പ്രയോഗിക്കുന്നതും. ആദ്യത്തെ മുന്നാലു ക്ലാസ്സുകളിൽ സാമാന്യമായ സാഹിത്യ വിഷയങ്ങൾ പറയുകയാണ് അദ്ദേഹം പതിവ്. താല്പര്യവും ശ്രദ്ധയും ഉള്ളവർക്ക് വളരെ വിജ്ഞാനപ്രദവും രസകരവുമാണിത്. അദ്ദേഹം അന്നു ചൊല്ലിയ പല ശ്ലോകങ്ങളും ഇന്നും എന്റെ ഓർമ്മയിൽ മങ്ങാതെ നില്ക്കുന്നുണ്ട്.

> അല്ലാഹം തവ സ്നേഹസമ്പന്നകർ കോലും നിലാവും കരു-
> ച്ചില്ലും നല്ല നിലാവെളും വെളുവെളുപ്പുള്ളാമി ...
> കല്ലാളും ... കഠിന, ...
> കല്ലും പല്ലുവകൊളും തവ മനം ചിന്തിക്കിലോലമഞ്ഞണി

എന്ന അജ്ഞാതകർത്തൃകമായ ശ്ലോകം അതിലൊന്നു മാത്രം. അതുപോലെ തന്നെയാണ്, ഉള്ളൂരിന്റെ സുന്ദരമോ ... പിന്നീടു മനസ്സിലായ.

> [illegible]
> [illegible]
> [illegible]
> [illegible]

എന്ന ശ്ലോകവും. രസകരങ്ങളായ പല സമസ്യാപൂരണങ്ങളും അദ്ദേഹം പറഞ്ഞത് ഓർക്കുന്നു. പി. അനന്തൻപിള്ള (ഉണ്ണിസാറിന്റെ അധ്യാപകൻ) എഴുതിയ "കേരളപാണിനി" എന്ന ജീവചരിത്രഗ്രന്ഥം ആണ് ഉണ്ണിസാർ ഒരു കൊല്ലം പഠിപ്പിച്ചത്. പിറ്റേക്കൊല്ലം, ശുണ്ഠിയെടുത്തു പോയതിന്റെ ശേഷം കാര്യമായൊന്നും പഠിപ്പിച്ചില്ല. കുറ്റിപ്പുഴസാറാണ് അയോദ്ധ്യാകാണ്ഡവും പഞ്ചരാത്രം നാടകവും പഠിപ്പിച്ചത്. അതോടൊപ്പം അയ്യങ്കാർ "റിച്ചാർഡ് രണ്ടാമൻ" എന്ന ഷേക്സ്പിയർ നാടകമാണ് പഠിപ്പിച്ചത്.

ഞാൻ കോളേജിൽ ചേരുന്നകാലത്ത് ഇന്ത്യ സ്വാതന്ത്ര്യം നേടിക്കഴിഞ്ഞിരുന്നില്ല. സ്വതന്ത്ര തിരുവിതാം

* ഡോ. അപ്പാർട്ട്മെന്റ്സ്, മയൂർവിഹാർ, ഡൽഹി - 110091

തോമസ്സ് വർഗ്ഗീസ് *

# ഓർമ്മകളുടെ മാഞ്ചുവട്ട്

ആലുവ യു.സി. കോളേജിലെ മൂന്നുവർഷത്തെ കലാലയ ജീവിതത്തെപ്പറ്റി ഒരു ഓർമ്മക്കുറിപ്പ് തയ്യാറാക്കണമെന്നു വിചാരിച്ചപ്പോൾ മനസ്സിലേക്ക് ഓടി എത്തിയ ഈരടികളാണ്

"മധുരിക്കും ഓർമ്മകളെ
മലർമഞ്ചൽ കൊണ്ടു വരൂ
കൊണ്ടു പോകൂ ഞങ്ങളെയാ
മാഞ്ചുവട്ടിൽ"

യു.സി. കോളേജിനോടു വിടപറഞ്ഞിട്ട് 32 വർഷം കഴിഞ്ഞിരിക്കുന്നു. ഈ ദീർഘമായ കാലയളവിനുശേഷവും പരിപാവനമായ ആ കോളേജന്തരീക്ഷവും കോളേജങ്കണത്തിൽ മഹാത്മാഗാന്ധി നട്ട ആ മാവും അതിന്റെ സമീപം സഹപാഠികളുമായിരുന്ന് കഥകൾ പറഞ്ഞ് രസിക്കാറുണ്ടായിരുന്ന ആ ദിനങ്ങളും ഒരു സ്വപ്നത്തിലെന്നപോലെ മനോമുകുരത്തിൽ തെളിഞ്ഞുവരുന്നു. അന്ന് ഒരു മീറ്റർ പൊക്കത്തിൽ ചെറുശാഖകളുമായി പടർന്നു നിന്ന ആ തൈമാവ് ഇന്ന് വളർന്നു വലുതായിക്കാണും, പൂത്ത്, കനികൾ നിറഞ്ഞ് അനേകർക്ക് മധുരം പകർന്നു കാണും. അന്ന് കൂടെ പഠിച്ചവരെല്ലാവരും ഓരോരോ വ്യത്യസ്ത മേഖലകളിൽ പരിലസിക്കുന്നുണ്ടാവും. ചുരുക്കം ചിലരെയെല്ലാം ജീവിത യാത്രയിൽ കണ്ടുമുട്ടുവാനും സ്നേഹബന്ധം പുതുക്കുവാനും സാധിച്ചിട്ടുണ്ട്.

ഞങ്ങൾ കോളേജിൽ പഠിക്കുമ്പോൾ 1962 –65 കാലഘട്ടത്തിൽ വിരലിലെണ്ണാനുള്ള കോളേജുകൾ മാത്രമേ കേരളത്തിലുള്ളൂ. പ്രാരലൽ കോളേജുകൾ എന്ന ഇടപാടേ ഇല്ല. തോൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠിച്ച് വീണ്ടും പരീക്ഷ എഴുതുവാൻ ട്യൂട്ടോറിയൽ കോളേജുകൾ ഉണ്ടായിരുന്നു.

അന്ന് കേരളത്തിലെ എല്ലാ കോളേജുകളെയും അപേക്ഷിച്ച് അദ്ധ്യാപനത്തിലും പഠനത്തിലും വിദ്യാർത്ഥികളുടെ സ്വഭാവരൂപീകരണത്തിലും ആലുവാ യു.സി. കോളേജ് മുൻപന്തിയിലാണ്. അതുകൊണ്ട് അവിടെ അഡ്മിഷൻ കിട്ടുക എന്നുള്ളത് ആഹ്ലാദകരവും അഭിമാനകരവും ആയിരുന്നു.

32 വർഷങ്ങൾക്കു മുൻപ് കോളേജിൽ പഠിച്ചിരുന്ന ഞങ്ങൾക്ക് മാറി മറിഞ്ഞു പോയ ഇന്നത്തെ കോളേജ് അന്തരീക്ഷമോ ഇന്നത്തെ വിദ്യാർത്ഥികൾക്ക് അന്നത്തെ കോളേജ് അന്തരീക്ഷമോ സ്വപ്നം കാണാൻ കൂടി സാധ്യമല്ല. അന്നത്തെ അദ്ധ്യാപക–വിദ്യാർത്ഥി ബന്ധങ്ങൾ തന്നെ എത്രയോ മധുരിക്കുന്ന സ്മരണകളാണ്. വിദ്യാർത്ഥികളുടെ ഇടയിൽ എന്തു പ്രശ്നങ്ങൾ ഉണ്ടായാലും ആദർശനിഷ്ഠയും സദാചാരബോധവുമുള്ള അന്നത്തെ ഞങ്ങളുടെ അദ്ധ്യാപകരുടെ സാന്നിദ്ധ്യം ഒന്നുകൊണ്ടു തന്നെ അതിന് പരിഹാരം ഉണ്ടാകുമായിരുന്നു.

ഞാനന്ന് പാക്കോ ഹോസ്റ്റലിലാണു താമസം. 1965ൽ കോളേജുപഠനത്തിന്റെ അവസാനവർഷം പാക്കോ ഹോസ്റ്റലിന്റെ സെക്രട്ടറി ആയിരിക്കുവാനുള്ള ഭാഗ്യവും എനിക്കുണ്ടായി. ഒരിക്കൽ ഹോസ്റ്റൽ മെസ്സിൽ കുട്ടികൾ എന്തോ പ്രശ്നമുണ്ടാക്കി. പൈലിയച്ചനും (Rev. A.A. Paily അദ്ദേഹം പിന്നീട് ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിന്റെ പ്രിൻസിപ്പാൾ ആയിരുന്നു. ഇന്ന് ജീവിച്ചിരിപ്പില്ല) കെ.പി. മാത്യു സാറുമാണ് ഞങ്ങളുടെ പ്രധാന വാർഡന്മാർ. പൈലിയച്ചൻ എല്ലാവരെയും കോമൺ റൂമിൽ വിളിച്ചിരുത്തി ശാസിച്ച കൂട്ടത്തിൽ പറഞ്ഞ ഒരു വാചകം ഇന്നും എന്റെ കാതിൽ മുഴങ്ങുന്നു. "A man is known not by his action but by his reaction". അന്ന് തികച്ചും ഒരു സന്യാസിവര്യനെപ്പോലെയാണ് കെ.പി. മാത്യുസാർ ജീവിച്ചിരുന്നത്. ഒരിക്കൽ ഹോസ്റ്റലിൽ മീറ്റിംഗു നടക്കുന്നു. പിള്ളേർ ഓരോ പരിപാടികൾ അവതരിപ്പിക്കുന്നു. കെ.പി. മാത്യുസാർ ഒരു പാട്ടുപാടണമെന്നായി കുട്ടികൾ. കുട്ടികളുടെ നിർബന്ധത്തിനു വഴങ്ങി മാത്യു സാർ പാടിയ പാട്ട് ഇപ്പോഴും ഞാനോർക്കുന്നു.

"ആടാനും വരില്ല ഞാൻ
പാടാനും വരില്ല ഞാൻ
പാടാത്ത പൈങ്കിളിയേ
ചൊല്ലിടാം പാടാത്ത പൈങ്കിളിയേ"

മഹാത്മജി നട്ട ആ മാവിൻ തൈയെപ്പറ്റി പറഞ്ഞപ്പോഴാണ് വേറൊരു കാര്യം ഓർക്കുന്നത്. 1965 - ൽ ഹിന്ദി രാജ്യത്തിന്റെ ഔദ്യോഗിക ഭാഷയായി അംഗീകരിക്കുന്നു എന്ന് കേന്ദ്ര ഗവൺമെന്റ് പ്രസ്താവന ഇറക്കിയപ്പോൾ ഉണ്ടായ "Quit Hindi" സമരം. അന്നും ഞങ്ങൾ ഇഷ്ടപ്പെടുകയും ബഹുമാനിക്കയും ചെയ്യുന്ന ഞങ്ങളുടെ അദ്ധ്യാപകരുടെ സഹകരണത്തോടും സമ്മതത്തോടും കൂടി 36 മണിക്കൂർ ഉപവാസ നിരാഹാരസത്യാഗ്രഹസമരവും മഹാത്മജിയുടെ കരസ്പർശമേറ്റ ആ മാവിൻ തൈയുടെ സമീപത്തു നിന്നു കൊണ്ടാണ്

* ചിൽഡ്രൻസ് മെഡിക്കൽ സെന്റർ, കോഴഞ്ചേരി



ഉദ്ഘാടനം ചെയ്തത് എന്നുള്ളത് യാദൃച്ഛിക സംഭവമാകാം. അന്ന് 24 വിദ്യാർത്ഥികൾ നിരാഹാരസത്യാഗ്രഹം ഇരുന്നു.

കോളേജിൽ പഠിച്ച സതീർത്ഥ്യരിൽ പലരും ഇന്ന് "മാന്യം പുത്രതനയ സുഖങ്ങളും" കഴിഞ്ഞ് പെൻഷൻ ഒക്കെ ആയി വാർദ്ധക്യത്തോടു സമീപിച്ചുകൊണ്ടിരിക്കുന്നവരാകാം. അദ്ധ്യാപകരിൽ പലരും കാലയവനികയ്ക്കുള്ളിൽ മറഞ്ഞിരിക്കാം. എന്നിരുന്നാലും അന്നുണ്ടായിരുന്ന പലരുടെയും അന്നത്തെ മുഖങ്ങൾ ഈ കുറിപ്പ് എഴുതുമ്പോൾ മനോമുകുരത്തിൽ തെളിയുന്നുണ്ട്. കെ.പി. മാത്യു സാർ, അലക്സാണ്ടർ സാർ, നമ്പ്യാർസാർ, ഇട്ട്യവരാ സാർ, ഞെരളിൽ സാർ, ടി. ബി. തോമസ്സ് സാർ, ജോസഫ് സാർ, ഒ.എം. മാത്തൻ സാർ ഇവരൊക്കെ അവരിൽ ചിലർ മാത്രം.

രസകരമായ ഒരു സംഭവം കൂടി എഴുതി ഈ കുറിപ്പ് സമാപിപ്പിക്കട്ടെ. അന്ന് ഞങ്ങൾ വിദ്യാർത്ഥികൾ തമ്മിൽ സംസാരിക്കുന്ന സമയത്ത് എന്തെങ്കിലും പറഞ്ഞു നിർത്തുമ്പോൾ "അല്ലേ അളിയാ" എന്നൊരു സംബോധന പലരും പ്രയോഗിക്കുമായിരുന്നു. ഒരു തമാശയ്ക്ക് ചിലർ "അല്ലേ അളിയാ" എന്നു പറഞ്ഞ് അടുത്ത് നിൽക്കുന്നവരുടെ പുറത്തോ തുടയ്ക്കോ ഉദരത്തിനോ കൈ ചുരുട്ടി ഒരിടിയും കൂടി പാസ്സാക്കുമായിരുന്നു. ഇങ്ങനെ സംസാരിക്കുമ്പോൾ ഇടിക്കുന്നവരുടെ അടുത്ത് ഇടിക്കാത്ത ഞങ്ങളൊക്കെ അല്പം സൂക്ഷിച്ചേ നിൽക്കൂ. ഒരിക്കൽ ഞാനും എന്റെ ചില സ്നേഹിതരും, ഞങ്ങളെ പഠിപ്പിക്കുന്ന ഒരു പ്രൊഫസറും കൂടി കോളേജിന്റെ മുറ്റത്തു നിന്ന് കോളേജു ചാപ്പലിലെ എന്തോ കാര്യം സംസാരിക്കുന്നു. അതിൽ ഒരാൾ ചാപ്പലിലെ ആ വർഷത്തെ ശ്രുശ്രൂഷകനും "ഒരിടിയനു"മാണ്. ഇദ്ദേഹം എന്തോ പറഞ്ഞു നിർത്തിയിട്ട് 'അല്ലേ അളിയാ' എന്നു പറഞ്ഞ് കൈ ചുരുട്ടി ഒരിടി. എനിക്ക് സംഭവം അറിയാമായിരുന്നതു കൊണ്ട് ഞാനൽപം സൂക്ഷിച്ചാണു നിന്നത്. ഇടി സാറിന്റെ പുറത്ത്. സാർ തിരിഞ്ഞു നോക്കി. സാറിനു കാര്യം പിടികിട്ടിയില്ല. സംസാരത്തിനിടയിൽ ഈ ഇടി പുള്ളിക്കാരൻ മൂന്നു പ്രാവശ്യം ആവർത്തിച്ചു. നേരം സന്ധ്യയായിരുന്നതുകൊണ്ട് ആർക്കാണ് ഇടികൊള്ളുന്നതെന്ന് ഇടിച്ച ആളിനും, എന്താണ് സംഭവിക്കുന്നതെന്ന് സാറിനും മനസ്സിലായില്ല. ഹോസ്റ്റലിൽ വന്ന് ഈ സംഭവം പറഞ്ഞ് ഞങ്ങൾ വളരെ നേരം ചിരിക്കുകയുണ്ടായി. അങ്ങിനെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന എത്രയെത്ര സംഭവങ്ങളാണ് ആലുവാകോളേജിന്റെ അന്തരീക്ഷത്തിൽ അരങ്ങേറിയിട്ടുള്ളത്.

സ്റ്റുഡൻസ് ക്രിസ്ത്യൻ മൂവ്മെന്റും സോഷ്യൽ സർവ്വീസ് ലീഗും ഗോസ്പൽ ടീമും മലയാറ്റൂർ മല കയറ്റവും ഊട്ടി തുടങ്ങിയ സ്ഥലങ്ങളിലേക്കുള്ള സ്റ്റഡിടൂറും ആലുവാപ്പുഴയും മംഗലപ്പുഴ സെമിനാരിയും മംഗലപ്പുഴ പാലവും ആലുവാശിവരാത്രിയും മണൽപ്പുറവും ഹോസ്റ്റൽ ഡേയും കോളേജ് ഡേയും കലാപരിപാടികളും ഇലക്ഷനുകളും പിണക്കങ്ങളും കോളേജു വിദ്യാഭ്യാസവും ഹോസ്റ്റൽ വാസവും കഴിഞ്ഞ് പിരിഞ്ഞു പോകുമ്പോഴുള്ള വിരഹദുഃഖവും എല്ലാം ഇന്നെന്നപോലെ മനസ്സിൽ ഓടി എത്തുന്നു. ●

യിലെ ഗോപാലമേനോൻ പ്രൈസിന് അർഹനായി. 1972-'74 കാലത്ത് നാഷനൽ മെരിറ്റ് സ്കോളർഷിപ്പിന് അർഹനായി, വിവിധ പ്രസംഗമത്സരങ്ങളിൽ അവയിൽ പ്രധാനപ്പെട്ടതായി കേരളാ യൂണിവേഴ്സിറ്റിയുടെ ചന്ദ്രശേഖര ഗോൾഡ് മെഡൽ ജേതാവായി. ഇങ്ങനെ പലതും അവയിൽ പെടുന്നു. ഈ നേട്ടങ്ങൾക്ക് പിറകിൽ പ്രവർത്തിച്ച ഘടകങ്ങളിൽ പ്രധാനപ്പെട്ടത് യു. സി. കോളേജിൽ ലഭ്യമായിരുന്ന താരതമ്യേന സ്വതന്ത്രമായ അന്തരീക്ഷവും അദ്ധ്യാപകരുടെ സമീപനവും ലൈബ്രറി സൗകര്യങ്ങളും ആയിരുന്നു.

കളികളിലും ഞാൻ സന്നിഹിതനായിരുന്നു. പക്ഷേ, ഒരു വലിയ കളിക്കാരനായി ഞാൻ ഓർമ്മിക്കപ്പെടും എന്ന് എനിക്ക് പ്രതീക്ഷയില്ല. ഏതു കളിക്കും "ഒരു കൈ" നൽകാൻ ഞാൻ സന്നദ്ധനായിരുന്നു. അങ്ങിനെയാണ് എനിക്ക് യാതൊരു പിടിപാടും ഇല്ലാതിരുന്ന ടെന്നീസിൽ ഞാൻ കോളേജ് ടീമിലംഗമായത്. ആ ടീമിന്റെ സെലക്ഷൻ നടക്കുമ്പോൾ മൂന്നാമനായി എന്നെ വിളിച്ചു നിറുത്തുകയായിരുന്നു. കൈക്കും കാലിനും വേണ്ടതിലധികം നീളം ഉണ്ടായിരുന്നതുകൊണ്ട് ഞാൻ ടീമിൽ സ്ഥിരപ്പെട്ടു. ആ വർഷം യൂണിയൻ ക്രിസ്ത്യൻ കോളേജ് കേരള സർവ്വകലാശാലാ ഇന്റർ കോളേജിയേറ്റ് ടെന്നീസ് മത്സരങ്ങളിൽ റണ്ണേഴ്സ് അപ്പാവുകയും ചെയ്തു. ടെന്നീസിൽ നിന്നും വിലമതിക്കാനാവാത്ത മറ്റൊരു നേട്ടംകൂടി എനിക്കുണ്ടായി. യു. സി. കോളേജിലെ അഞ്ചു വർഷത്തിനിടക്ക് എനിക്കു ലഭിച്ച ഏറ്റവും ആത്മാർത്ഥ സുഹൃത്തുക്കളുമായി - ഇന്ന് കുരുക്ഷേത്ര യൂണിവേഴ്സിറ്റിയിൽ ഇംഗ്ലീഷ് പ്രൊഫസറായ ഡോ. പി. ജെ. ഫിലിപ്പുമായും അമേരിക്കയിൽ ഫ്ളോറിഡായിൽ ഒരേ സമയം ക്ലിനിക്കൽ സൈക്കോളജിസ്റ്റും സൈക്യാട്രിസ്റ്റുമായി പ്രാക്ടീസു ചെയ്യുന്ന ഡോ. സണ്ണി ജോസുമായും - ഞാനടുത്തത് ടെന്നീസ്സിലൂടെയാണ്.

അവസാനമായി ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാനീ ലേഖനം അവസാനിപ്പിച്ചേയ്ക്കാം. എന്റെ ഭാര്യയായ വ്യക്തിയോടുണ്ടായിരുന്ന ബന്ധത്തിന്റെ യഥാർത്ഥ സ്വഭാവം ഞാൻ തിരിച്ചറിഞ്ഞതും യു. സി. കോളേജിൽ പഠിച്ചിരുന്ന കാലത്താണ്. ഇത്രയും നല്ല ഓർമ്മകൾ നിറഞ്ഞു നിൽക്കുന്ന ആ കാലത്തേക്ക് വീണ്ടും വീണ്ടും മടങ്ങിപ്പോകുവാൻ ഞാൻ ആഗ്രഹിക്കുന്നുവെങ്കിൽ അതിൽ അത്ഭുതപ്പെടുവാനുണ്ടോ? ●


usa paris AUSTRALIA usa Bangalore
LET US INVITE YOU TO WIN THE WORLD

PROFESSIONAL DIPLOMA IN SOFTWARE EXPORT TECHNOLOGY

Course Contents : Windows, Unix, Visual C++, Oracle 7.1, Developer 2000, Powerbuilder, Visual Basic, Windows NT, Novel Netware, Internet, Intranet, Website Creation, Visual Java++, Project work, Seminars & workshops. Duration : 6 months - Full time - 15 Months - Part time.

* 100% placement assistance * Financial assistance
* Six months on-job training at our software division.

datapro
INFOWORLD LTD.
COMPUTER EDUCATION DIVISION

Kadiyali Chambers, Rajaji Road, Cochin-35, ✆ 363247
E-mail : Zenone@md2.vsnl.net.in




ലിസ്സി റാണി ജേക്കബ്ബ് *

# ഓർമ്മയുടെ കളിത്തട്ട്

കായിക മത്സരങ്ങളിലെ മികവിന്റെ അംഗീകാരവുമായി എന്റെ മകൻ കടന്നു വന്നപ്പോൾ, ഞാൻ ഓർമ്മകളിലൂടെ എന്റെ പൂർവ്വകലാലയത്തിൽ എത്തി. കാൽ നൂറ്റാണ്ടു മുമ്പ് എന്റെ കനവും നിനവുമായിക്കഴിഞ്ഞ യു. സി. കോളേജ്! സംഭവ ബഹുലമായ കലാലയ ജീവിതം! എന്നും ഓർമ്മിക്കുവാനും ഓമനിക്കുവാനുമുള്ള അനുഭവങ്ങൾ!!

എന്റെ കലാലയ ജീവിതത്തിനു മാറ്റു കൂട്ടിയിരുന്നത് കായിക ജീവിതമായിരുന്നു. അന്തസ്സും ആഭിജാത്യവും തുളുമ്പി നിൽക്കുന്ന യു. സി. കോളേജിന്റെ വിശാലമായ കളിസ്ഥലങ്ങൾ എത്രയെത്ര പ്രതിഭകൾക്ക് ജന്മം നൽകി! ബിരുദപഠനത്തിന്റെ മനോഹരനാളുകൾക്ക് ആരോഗ്യം പകർന്നത് കായികപരിശീലനങ്ങളായിരുന്നു. സൈക്കോളജി ക്ലാസ്സുകൾക്ക് പുറത്ത് കോളേജിനേയും യൂണിവേഴ്സിറ്റിയേയും, സംസ്ഥാനത്തേയും പ്രതിനിധീകരിച്ച് നിൽക്കുമ്പോൾ ഹോക്കിസ്റ്റിക്കല്ലാതെ മറ്റൊന്നും മനസ്സിൽ കടന്നു വന്നിരുന്നില്ല. ഇന്ന് ജീവിതത്തിന്റെ മദ്ധ്യാഹ്നത്തോടടുക്കുമ്പോൾ, കുടുംബ ജീവിതത്തിലെ വൈരുദ്ധ്യങ്ങളെ നേരിടുമ്പോൾ എന്റെ പൂർവ്വ കലാലയത്തിൽ നിന്നും നേടിയ നേട്ടങ്ങളുടെയും പരിശീലനങ്ങളുടെയും ഓർമ്മകൾ എനിക്ക് കരുത്തായി മാറുന്നു. വ്യക്തിയെക്കാൾ 'ടീം' പ്രധാനമാകുന്ന കാഴ്ചപ്പാട് എന്റെ മനസ്സിന്റെ കളിത്തട്ടിൽ വിശാലതയേകുന്നുണ്ടെന്ന് പറയാതെ വയ്യ.

1974 - '77 കാലഘട്ടത്തിലേക്ക്, അഭിമാനത്തോടെയാണെന്റെ മനസ്സ് പറക്കുന്നത്. തുടർച്ചയായ മൂന്നുവർഷങ്ങൾ, കേരളാ സർവ്വകലാശാലയുടേയും സംസ്ഥാനത്തിന്റെയും 'ജേഴ്സി' അണിഞ്ഞ് ഈ കലാലയത്തെ പ്രതിനിധീകരിക്കുവാനെനിക്കു കഴിഞ്ഞു. തൃശൂർ വിമല കോളേജിൽ എം.എ. ക്കു പഠിക്കുമ്പോൾ സംസ്ഥാനത്തെ 'Best Hockey goal keeper' എന്ന അംഗീകാരം ലഭിക്കുകയുണ്ടായി. അതിന് ഈ കലാലയത്തോട് എനിക്ക് തീർത്താൽ തീരാത്ത കടപ്പാടുണ്ട്. എന്റെ പഠനകാലഘട്ടമായ ആ മൂന്നു വർഷവും കോളേജ്തലമത്സരങ്ങളിൽ 'വിമൻസ് ഹോക്കി' യു. സി.യുടെ കുത്തകയാക്കുവാൻ പ്രധാന പങ്കുവഹിക്കുവാൻ കഴിഞ്ഞുവെന്നതിൽ ഇന്നും ഞാൻ കൃതാർത്ഥയാണ്. അതോടൊപ്പം തന്നെ 1975 - '76 കാലഘട്ടത്തിൽ ഈ കോളേജിലെ - Women's Champion ആകുവാനും എനിക്ക് ഭാഗ്യം ലഭിച്ചു. എന്റെ കലാലയത്തിന് ഗുരു ദക്ഷിണയർപ്പിക്കാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യം. ചുറുചുറുക്കുള്ള യൗവ്വനകാലം ലക്ഷ്യ ബോധമുള്ളതാക്കി മാറ്റുവാൻ ഈ കോളേജിനു കഴിഞ്ഞു. സമൂഹത്തെ ഉൾക്കൊള്ളുവാനുള്ള മനസ്സ് അന്നത്തെ കായിക പരിശീലനത്തിന്റെ ബാക്കിപത്രമായിരുന്നിരിക്കുമെന്നതിൽ ഞാൻ ഇന്നും അഭിമാനിക്കുകയാണ്.

എന്റെ ബിരുദപഠനകാലത്തെ യു. സി. കോളേജിനെ പറ്റി ചിന്തിക്കുമ്പോൾ അവിസ്മരണീയരായ ഗുരുജനങ്ങൾ പലരും ഓർമ്മയിൽ കടന്നുവരുന്നു. എന്റെ ബന്ധുവും പ്രിൻസിപ്പലുമായിരുന്ന പ്രൊഫ. എ. കെ. ബേബി, ഗ്രേസി കൊച്ചമ്മ, പ്രൊഫ. സി. ജി. വർഗ്ഗീസ്, സൈക്കോളജി വിഭാഗം മേധാവി ആയിരുന്ന പ്രൊഫ. സൈമൺ, ഡോ. വി. കെ. അലക്സാണ്ടർ - തുടങ്ങിയവരെ ചേർക്കാതെ എന്റെ ഓർമ്മക്കുറിപ്പുകൾ പൂർണ്ണമാകുന്നില്ല.

ഇന്ന് മകൻ കലാലയത്തിലേക്ക് കടന്നിരിക്കുന്ന വേളയിൽ ഞാൻ വീണ്ടും ഭാവനയിൽ യു. സി. കോളേജിന്റെ പുതിയതായി മാറുന്നു. പ്ലാറ്റിനം ജൂബിലിയാഘോഷിക്കുന്ന എന്റെ സരസ്വതി ക്ഷേത്രത്തിന് സ്നേഹത്തിന്റെ, നന്ദിയുടെ, ആയിരമായിരം പ്രണാമങ്ങൾ!!! നന്മയുടെ ആശംസകൾ!! ●

* ചിറയിൽ, കല്ലുമല, മാവേലിക്കര

വേണു വി. ദേശം *

# ഓർമ്മയുടെ കണ്ണുകൾ

മനസ്സിലെ ഓർമ്മകളിലെ വലിയൊരു ഭാഗം മൂടിയിരിക്കുന്നത് യു. സി. കോളേജ് ജീവിത കാലമാണ്. പ്രീഡിഗ്രിയ്ക്കു ചേർന്ന മദ്ധ്യവർഗ്ഗത്തിൽ നിന്നുള്ള ഒരു വിദ്യാർത്ഥിയായ ഞാൻ സമ്പന്നരും നാഗരികരുമായ വിദ്യാർത്ഥികളുടെ പ്രകടനങ്ങൾ കണ്ടമ്പരന്നെങ്കിലും പൂർണ്ണമായും ആത്മവിശ്വാസം നഷ്ടപ്പെടാതെ അവിടെ പുലർന്നു. എന്നിൽ ഉറങ്ങിക്കിടന്നിരുന്ന സിദ്ധികൾക്ക് പ്രകാശനമാധ്യമമായി യു. സി. കോളേജ്. എല്ലാ തലങ്ങളിലും പെട്ട വിദ്യാർത്ഥികൾ 'വർക്കി മെമ്മോറിയൽ ഹാളി'ൽ കൂടും. പിന്നെ അവിടെ ഒരു ചെറിയ ശാന്തിനികേതനം തന്നെ. സാഹിത്യ ചർച്ച, സംഗീതം... അങ്ങിനെയങ്ങനെ. അനൗപചാരികമായ ആ ചർച്ചകൾ ജീവിതത്തെയും കലയെയും കുറിച്ച് ഒരു കാഴ്ചപ്പാട് ഉൾക്കൊള്ളാനെന്നെ പ്രേരിപ്പിച്ചു. അത് Negative ആയിരുന്നുവെന്ന് വളരെക്കഴിഞ്ഞാണറിയുന്നത്. 1977ൽ കേരളാ യൂണിവേഴ്സിറ്റി യൂത്ത് ഫെസ്റ്റിവലിൽ കവിതാരചനക്കെനിക്ക് പാരിതോഷികം ലഭിച്ചു.

ഞാൻ ബി. എ. ക്ക് ഒന്നാം വർഷം പഠിക്കുമ്പോൾ ഒരു ദിവസം ആഫീസിനു മുന്നിൽ വെച്ച് അപരിചിതനായൊരു കുട്ടിയുമായി പരിചയപ്പെടാനിടയായി. എന്തോ ആവശ്യത്തിനായി മാത്രം അവിടെ വന്നതാണയാൾ. മാതൃഭൂമി ബാലപംക്തിയിൽ കവിതകൾ എഴുതിക്കൊണ്ടിരുന്ന ബാലചന്ദ്രൻ ചുള്ളിക്കാടായിരുന്നു ആ കുട്ടി. ഞാനും അന്ന് കലാപ്രവർത്തനങ്ങൾ തുടങ്ങിയിരുന്നു. ആ ദിവസം തുടങ്ങിയ ആത്മസൗഹൃദം പിന്നീട് പല തടംതല്ലിയാർക്കലുകളിലൂടെ ഇന്നും മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്നു. മറക്കാനാവാത്ത മറ്റൊരാൾ ചന്ദ്രചൂഡനാണ്. ചന്ദ്രചൂഡൻ 1979ൽ കേരളാ യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാനായിരുന്നു. പൂനാഫിലിം ഇൻസ്റ്റിട്യൂട്ടുമായുള്ള സന്ധിയിൽ യു. സി. കോളേജിൽ വെച്ച് ഒരു ചലച്ചിത്ര ക്യാമ്പ് നടന്നതിന് ഏക ഉത്തരവാദി ചന്ദ്രചൂഡനായിരുന്നു. ഒരുപാടു നന്മകളുള്ള മനുഷ്യൻ. ചന്ദ്രചൂഡനെ കാണ്മാനില്ല എന്ന പത്രവാർത്ത കുറച്ച് വർഷങ്ങൾക്ക് മുമ്പ് കണ്ടപ്പോൾ ഞാൻ നടുങ്ങിപ്പോയി. സത്യമന്വേഷിച്ച് എറണാകുളത്ത് ചെന്നപ്പോൾ ദുരൂഹമൃത്യുവിനെക്കുറിച്ചേ അറിഞ്ഞുള്ളൂ.

ചന്ദ്രചൂഡൻ സംഘടിപ്പിച്ച ആ ചലച്ചിത്രക്യാമ്പിൽ വെച്ചാണ് ഞാൻ ജോൺ എബ്രഹാമിനെ കൂടുതൽ അറിയുന്നത്. ആ ചലച്ചിത്രക്യാമ്പിനെക്കുറിച്ചുള്ള ഓർമ്മകൾ ഇന്നും എന്നിൽ പൂക്കൾ വിടർത്തിയുലയുന്നു. അന്നത്തെ ഞങ്ങളുടെ സംഘത്തിലെ ഒരു പ്രമുഖാംഗമായിരുന്നു രമേശ്. രമേശ് ഹിന്ദുസ്ഥാനിഗായകനാണിന്ന്. അന്ന് ഗംഭീരമായി കർണാടക സംഗീതം ആലപിക്കുമായിരുന്നു. രമേശ് സദാശിവ എന്ന പേരിൽ ഇന്ന് അയാൾ സംഗീതസംവിധായകനായിത്തീർന്നിരിക്കുന്നു.

കോളേജിൽ നിന്നും ഞാൻ പിരിഞ്ഞതിനുശേഷവും (1979) രണ്ടു വർഷത്തോളം നിരന്തരമായി അവിടെ പോകുമായിരുന്നു. വേരുകൾ അടർത്താൻ ബുദ്ധിമുട്ടായിരുന്നു. ബാലചന്ദ്രൻ അപ്പോഴേക്കും അവിടെ വിദ്യാർത്ഥിയായിക്കഴിഞ്ഞിരുന്നു.

മറ്റൊരോർമ്മ, ഇന്നത്തെ മാതൃഭൂമി സബ് എഡിറ്ററായ ടി. അജിത് കുമാറും ഞാനും ഇംഗ്ലീഷ് വിഭാഗത്തിലെ ജോണപ്പസാറും ചേർന്ന് "അവസാനത്തിനു മുമ്പ്" എന്ന പേരിൽ ഫിലിം പിടിക്കാനിറങ്ങിയതാണ്. അതിനായി ഒരു ചരിത്രമുറങ്ങുന്ന കോട്ടയിൽ കോവിലകത്ത് ഞങ്ങൾ ഒരു നട്ടുച്ചയ്ക്ക് കറങ്ങിയത് മറക്കാനാവില്ല.

* പൂർവ്വ വിദ്യാർത്ഥി, കവി



ജിമ്മോൻ ജേക്കബ് *



# മഹാഗണി മരങ്ങൾക്കു സ്നേഹപൂർവ്വം

ഓർമ്മകളുടെ ഒരു ആരവമുണ്ട്. തുള്ളിച്ചാടി തുമ്പിക്കൈ വണ്ണത്തിൽ പെയ്തിറങ്ങുന്ന മഴപോലെ - ഒരു പാട് ഓർമ്മകൾ. കാലം 1980–'83. ഞാൻ യു. സി. കോളേജിൽ ഇംഗ്ലീഷ് ബിരുദ വിദ്യാർത്ഥിയായിരുന്നു. മൂന്ന് വർഷം കോളേജിൽ ചെലവിട്ട എന്റെ കലാലയജീവിതം ഇന്നും മായാതെ മനസ്സിലുണ്ട്.

